# NEW VISION FOR A CHANGING WORLD

VOL. 3 ■ ISSUE 11 ■ JULY 2003



ഈ ലക്കത്തിൽ

ഡോ. ഡി. ബാബു പോൾ
● വത്സൻ തമ്പു & സ്വാമി അഗ്നിവേശ് ● ഡോ. റോവൻ വില്യംസ്
തുടങ്ങിയവരുടെ പ്രൗഢലേഖനങ്ങളും

ഡോ. ജോർജ് എം. തോമസ് ● ഡോ. സി.ജെ. റോയ് ● ഡോ. ജോസ് പാറക്കടവിൽ
തുടങ്ങിയവരുടെ പംക്തികളും

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Sunil Raj Philip, Neerattukavu**
Phone: 04735 - 270422

**Mr. M. Kurian, Manganam**
Phone: 95481-2578599

**Mr. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam - 1**
Phone: 95481-2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
Mr. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

## വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ | (വിദേശത്തുള്ളവർക്ക് | US $ 12) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ | ( " | US $ 22) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ | ( " | US $ 30) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | | |
|---|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ | ( " | US $ 150) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ | ( " | US $ 1000) |

## പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

***(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)***

## താഴെപ്പറയുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി, തിരുവനന്തപുരം

## പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

## പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

VOL. 3 ■ ISSUE 11 ■ JULY 2003

## CONTENTS


- **Spirituality**
  **Spiritual Citizenship** 2
  *Swami Agnivesh & Valson Thampu*
- **Interview**
  ബിഷപ്പ് മൈക്കൾ ജോൺ 3
  ഇറാഖിന്റെ പ്രശ്നം സദ്ദാമല്ല 5
- **Science**
  ശാസ്ത്ര നുറുങ്ങുകൾ 7
  *ഡോ. ജോർജ് എം. തോമസ്*
- **Humour**
  ക്രിസോസ്റ്റം തിരുമേനിയോടൊപ്പം 9
- **Health**
  സാർസും ജന്തുജന്യരോഗങ്ങളും 10
  *ഡോ. ജോൺ കുരുവിള*
- **Jubilee**
  **Pen from Den** 11
  ***Daniel Babu Paul***
- **Profile**
  ചെറിയാനണ്ണൻ 12
  *റവ. എ.സി. ഉമ്മൻ*
- **Ethics**
  ആത്മാവു നഷ്ടപ്പെട്ട ദൈവകാരുണ്യം 13
  *ഫാ. ഡോ. ഒ. തോമസ്*
- **Educational**
  ഈ റിപ്പോർട്ട് നമുക്കേതുമല്ലയോ 14
  *ഡോ. ജോസ് പാറക്കടവിൽ*
- **Sermon**
  **Bravery** 15
  ***Archbishop of Canterbury***
- **Literary Review**
  പാർശ്വചിന്തകൾ 16
  *ഡോ. സി.ജെ. റോയ്*
- **Psychology**
  മനുഷ്യബന്ധങ്ങളുടെ സാധ്യതകൾ 17
  ജോർജ് ബഹനാൻ
- **Miscellaneous**
  അൽപം വീട്ടുകാര്യം 18
  *റഞ്ജി കോവൂർ*
- **Glimpses**
  കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ 19
  *ഡോ. കെ.വി. വർഗീസ്*
- **News** 20


## E D I T O R I A L

# വിദ്യാർത്ഥി രാഷ്ട്രീയം

**കാ**മ്പസ് രാഷ്ട്രീയം നിരോധിക്കാൻ കോളജധികാരികൾക്ക് സ്വാതന്ത്ര്യം നൽകുന്ന കോടതിവിധിയെ ഏവരും സ്വാഗതം ചെയ്തുകൊണ്ടിരിക്കയാണല്ലോ. അക്കാദമിക് പ്രവർത്തനങ്ങൾക്ക് പൂരകമായി ഭവിക്കേണ്ട വിദ്യാർത്ഥിരാഷ്ട്രീയത്തിന്, അതിന്റെ ജീർണിച്ച പ്രവർത്തനശൈലി നിമിത്തം ശുദ്ധിയും ഗൗരവവും സ്വീകാര്യതയും നഷ്ടപ്പെട്ടുപോയി. മറ്റേതു പൗരന്മാർക്കുമെന്ന പോലെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ മേഖലകളിലുണ്ടാകുന്ന ചലനങ്ങളെ വിവേചിച്ചറിയുവാൻ വിദ്യാർത്ഥികൾക്കു കഴിയണം. വിദ്യാർത്ഥിരാഷ്ട്രീയം സാർഥകവും ക്രിയാത്മകവുമായിരിക്കണം. കലാലയത്തിന്റെ സുഗമമായ നടത്തിപ്പു ലക്ഷ്യമിട്ട് യഥാകാലങ്ങളിൽ കോളജോ സർവകലാശാലയോ തയാറാക്കുന്ന ചട്ടങ്ങളുടെ പരിധികൾക്കകത്തു നിന്നു കൊണ്ടാവണം അത് പ്രവർത്തിക്കേണ്ടത്. നിർഭാഗ്യവശാൽ, പഠിപ്പുമുടക്ക് സമരങ്ങളുടെയും കായിക ശക്തിപ്രകടനങ്ങളുടെയും വേദിയായി കലാലയാന്തരീക്ഷം മാറിയിരിക്കുന്നു. രാഷ്ട്രീയം കഴിഞ്ഞിട്ടു മതി അദ്ധ്യയനം എന്ന പിഴച്ച നിലപാടിൽ കലാലയ രാഷ്ട്രീയം എത്തിനിൽക്കുകയാണ്. അതുകൊണ്ടുതന്നെ, കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയെ ഏവരും സ്വാഗതം ചെയ്യുന്നു. ക്ലാസ് മുറികൾക്കകത്ത് അരങ്ങേറുന്ന ബൗദ്ധിക സംവാദത്തിലൂടെയാണ് വിദ്യാർത്ഥി രാഷ്ട്രീയം വികസിക്കേണ്ടതെന്ന് കുട്ടികൾ മനസ്സിലാക്കണം.

***ചീഫ് എഡിറ്റർ***

## BRAIN POWER

If you want to make a country prosperous, invest in Education. A recent UNESCO study confirms that investment in education and economic growth go hand-in-hand. The strength of rich countries is based on Education. Brain power is still their trump card in a competitive world. This is particularly true in the context of globalization and knowledge economy where the number of unskilled jobs is shrinking.

***Education Today'***

## THE ESSENCE OF SURVIVAL

Water is the most important single element needed for people to achieve the universal human right to a standard of living adequate for the health and well-being of himself and his family. If we acknowledge that clean water is a universal right, it is the responsibility of every one of us to ensure the purity of water.

***Article 25 of the Universal Declaration of Human Rights.***

# Towards a concept of SPIRITUAL CITIZENSHIP

SWAMI AGNIVESH & REV. VALSON THAMPU

Identity is a complex and fluid entity. It is compacted of diverse ingredients: emotional, mental and spiritual development, social and economic standing, ethnic and religious status, the prevailing political and ideological climate, and so on. This interplay of internal and external circumstances makes any attempt to define identity a daunting task. If identity were a purely internal thing it would not have been vulnerable to manipulation by organized external forces. If it were only a superficial label, it would not have carried the explosive emotive force it does.

Human identity is defined either positively or negatively. A person may experience his identity in terms of who he is. Alternately, he may define his identity in terms of who he is not. A Hindu, for instance, is one who lives by the Vedic vision of life. Alternately, he is one who is not a Muslim, or a Christian or the practitioner of any other religious tradition. In the latter instance, a person's Hindu identity need not involve any fidelity to the spiritual core of Hinduism. When that is the case, his religious identity could become a liability and an embarrassment to the identity of the faith he professes. The negative or reductive definition of religious identity breeds conflictual relationships among religions. As a rule, those who are most eager to fight religious wars are the ones who respect the spirituality of their religion the least.

Human identity integrates matter and consciousness. The concept of identity is meaningless in respect of a disembodied spirit. Also, a dead body-all matter and no consciousness-has no identity. If it has any identity at all, it is the identity of a corpse, and not of a person. Death, in that sense, is a greater leveler. In terms of existence, matter is local and particular; whereas human consciousness is necessarily universal. The wholeness of human identity depends on the harmony of the local and universal. When identity is defined purely in material and local terms, it tends to precipitate conflict and alienation.

Karl Marx's critique of capitalistic and industrial culture-that it "things" human beings-is profoundly valid here. Materialism ascribes exclusive validity to matter. "Matter alone matters" is the creed of materialism. Within such an outlook, identity tends to be increasingly and exclusively associated with the material dimensions of a person's life. For obvious reasons, this aggravates covetousness; for identity is a matter not so much of being, as of having. The "having mode" of identity narrows the distinction between person and possession. You are what you have; and in order to be, you must have whatever you may. This is the end-of-the-road for human identity in a crassly materialistic way of life. Covetousness of every kind is cancerous to human identity because it equates a person with his possessions in his own consciousness. Covetousness, in other words, reduces and kills consciousness.

The danger in a materialistic definition of identity is that it obscures the universe of mystery there is at the core of human personality. It is this core of mystery that serves as the bulwark against manipulation and exploitation by external forces, including systems and centers of power. This mysterious inner core is also the seat of spiritual values such as love, compassion, justice, service and so on. It is from this source that the counterbalancing pull against self-centredness stems and stabilizes human nature. Without this, we lack the ability to recognize others as our fellow human beings, which is the price we pay for a reductive definition of human identity. Given the inalienable spiritual truth that the whole of humankind belongs together, or are intertwined by the bond of spiritual kinship, it becomes inevitable that the reductive definition of the identity of others effects a reductive realization of one's own identity. As a result, identity assumes a conflictual orientation. The realization of one's identity seems to require the denial or curtailment of the identity of others. The 'otherness' of others tends to be exaggerated and demonized, with unfortunate consequences.

It is because human identity comprises not only matter but also consciousness that spirituality is basic to humanity. Spirituality implies both an indwelling and transcendence of the material order. It is through the medium of matter that the material order is to be transcended. That which is to be transcended is also the medium for its transcendence. To jump above the surface of the earth, for instance, one has to stand on the earth. But the impetus to transcend the material order is not innate in matter. It is a function of consciousness. God is pure or blissful consciousness. In God, consciousness exists in its perfection so that the divine consciousness has the capacity to engage the material order in a way that transforms it. While this is a possibility in us, it is never an assured certainty in any human being. That is because consciousness is never fully evolved or perfect in human beings.

***The function of spirituality is to activate and accentuate consciousness. This happens through communion with God.*** And the enlarged or liberated consciousness that results from this is meant to engage the world at large in love, justice and compassion. God is the universe of human freedom. The liberation that spirituality effects is the liberation from the narrow prison of reductive consciousness that distorts our understandings and perverts our responses. The sign of authentic spirituality is the eagerness to inhift and earth the universal in the local as well as to transform the local so as to reveal the divine presence hidden in every part of creation.

The spiritual problem in a reductive definition of identity is the idolatry of the local. This awakens what is mean

*(Cont'd..... Page 4)*

# ബിഷപ്പ് മൈക്കൾ ജോൺ പൗരോഹിത്യ സുവർണജൂബിലി നിറവിൽ



**സി. എസ്. ഐ. സഭയിലെ പ്രഗൽഭ പട്ടക്കാരനായി ദീർഘകാലം മദ്ധ്യകേരള മഹായിടവകയിലും തുടർന്ന് ഈസ്റ്റ് കേരള മഹായിടവകയിലും സേവനമനുഷ്ഠിച്ച അഭിവന്ദ്യ മൈക്കൾ ജോൺ തിരുമേനി പട്ടത്വശുശ്രൂഷയിൽ പ്രവേശിച്ചിട്ട് മെയ് 29-ന് അമ്പതുവർഷം പൂർത്തിയായി. ഈസ്റ്റ് കേരള മഹായിടവകയുടെ രൂപീകരണത്തിനായുള്ള സ്പെഷൽ ഓഫീസറായും, തുടർന്ന് മഹായിടവകയുടെ പ്രഥമ ബിഷപ്പായും സേവനമനുഷ്ഠിച്ച തിരുമേനി തന്റെ 77-ാം വയസ്സിലും ദൈവരാജ്യപ്രസിദ്ധിക്കായി ചുറുചുറുക്കോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ബഹുമുഖപ്രതിഭയായ അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയിലേയ്ക്കൊരു തിരിഞ്ഞുനോട്ടമാണ് ഇവിടെ നടത്തുന്നത്. യുവതലമുറയ്ക്ക് പ്രചോദനമായിത്തീരുമെന്നു കരുതുന്നു.**

**- എഡിറ്റർ**

***? പട്ടത്വശുശ്രൂഷയിൽ പ്രവേശിച്ചിട്ട് 50 വർഷം പൂർത്തിയാക്കിയ അങ്ങ് കഴിഞ്ഞകാല പ്രവർത്തനങ്ങളെ എങ്ങനെയാണു വിലയിരുത്തുന്നത്***

വിലയിരുത്തേണ്ടത് ഞാൻ ശുശ്രൂഷ നിർവഹിച്ച സ്ഥലങ്ങളിലെ ജനങ്ങളാണ്. എങ്കിലും, രണ്ടു കാര്യങ്ങൾ പറവാനാഗ്രഹിക്കുന്നു. ഒന്ന്, ദൈവം അത്ഭുതകരമായി എന്നെ നടത്തി. രണ്ട്, ഞാൻ ഒരിക്കലും അലസനായിരുന്നിട്ടില്ല. തെറ്റുകളും കുറവുകളും വന്നിട്ടുണ്ട്; എല്ലാം ദൈവം ക്ഷമിച്ചു.

***? അദ്ധ്യാപകവൃത്തിയിൽ നിന്ന് പട്ടത്വശുശ്രൂഷയിലേക്കു വന്ന സാഹചര്യമൊന്നു വിശദീകരിക്കാമോ***

അദ്ധ്യാപകവൃത്തിയും ദൈവവേലയാണ്. എന്നാൽ, പട്ടത്വശുശ്രൂഷയിലേക്കു വരുവാൻ ദൈവം വിളിച്ചതായി ഉത്തമ ബോദ്ധ്യമുണ്ടായതുകൊണ്ട് ജോലി രാജി വച്ചു. പ്രത്യേക ശുശ്രൂഷകൾക്കായി ദൈവം ചിലരെ പ്രത്യേകം നിയോഗിക്കാറുണ്ട്.

***? ദൈവവേല തിരഞ്ഞെടുക്കുവാൻ സ്വാധീനം ചെലുത്തിയ വ്യക്തികളും സംഭവങ്ങളും ഓർമയിലുണ്ടോ***

ദൈവവേല തിരഞ്ഞെടുക്കുവാൻ എന്നെ സ്വാധീനിച്ചിട്ടുള്ളത് എന്റെ മാതാപിതാക്കളാണ്. എന്നാൽ അവർ എന്നെ ഒരു വൈദികനാകാൻ നിർബന്ധിക്കുകയോ പറയുകയോ ചെയ്തിട്ടില്ല. ഞാനൊരു സുവിശേഷവേലക്കാരനാകാൻ അവർ ദീർഘകാലം പ്രാർത്ഥിച്ചിരുന്നുവെന്ന് പിന്നീടു ഞാൻ മനസ്സിലാക്കി. പ്രത്യേക സംഭവങ്ങളൊന്നും എടുത്തു പറയുവാനില്ല.

***? വായനക്കാരുമായി പങ്കുവയ്ക്കുവാൻ അങ്ങയുടെ ചെറുപ്പകാലം വിവരിക്കാമോ***

വാളകം എന്ന കുഗ്രാമത്തിൽ ഒരു സാധാരണ കർഷകനായിരുന്ന മീഖായേലിന്റെയും അന്നമ്മയുടെയും മകനായി ജനിച്ചു. നല്ല ശിക്ഷണത്തിലാണ് അഞ്ചു മക്കളെയും അവർ വളർത്തിയത്. രാവിലെയും വൈകിട്ടുമുള്ള കുടുംബ പ്രാർത്ഥന വളരെ നിഷ്ഠയോടെ നടത്തിപ്പോന്നു. സൺഡേസ്കൂൾ, പള്ളിയാരാധന എന്നിവ മുടക്കുവാൻ സമ്മതിച്ചിരുന്നില്ല. ഞാൻ നല്ല ആരോഗ്യമുള്ള കുട്ടിയായിരുന്നു. കളികളിൽ വലിയ ഭ്രമമായിരുന്നു. കുസൃതികൾക്കും കുറവില്ലായിരുന്നു. അതുകൊണ്ട്, പിതാവിന്റെ അടി പലപ്പോഴും വാങ്ങിയിട്ടുണ്ട്. എങ്കിലും ആത്മീയകാര്യങ്ങളിൽ ഒരിക്കലും പിന്നോക്കമായിരുന്നില്ല. എനിക്കു കേവലം ഒൻപതു വയസ്സുള്ളപ്പോഴാണ് ജീവിതത്തിലെ ആദ്യപ്രസംഗം. പുള്ളിക്കാനം തേയിലത്തോട്ടത്തിൽ തൊഴിലാളികൾ ഹാജർ വിളിക്കു നിരന്നു നിൽക്കുമ്പോൾ ഒരു വാട്ടർ ടാങ്കിന്റെ മുകളിൽ നിന്നുകൊണ്ട് എന്റെ പിതാവു എഴുതിത്തന്ന പ്രസംഗം വായിച്ചു. കുട്ടിക്കാലത്തെ നല്ലൊരു ഓർമ അതാണ്. കഷ്ടപ്പാടുകളൊന്നും ഞാൻ അനുഭവിച്ചിട്ടില്ല.

***? അമ്പതു വർഷം മുമ്പുള്ള മേലുകാവും ഇന്നത്തെ മേലുകാവും തമ്മിൽ ഒന്നു താരതമ്യപ്പെടുത്താമോ***

രാത്രിയും പകലും പോലുള്ള വ്യത്യാസം. 50 വർഷം മുമ്പ്, റോഡുകളോ വൈദ്യുതിയോ ടെലഫോണോ ഒന്നും ഈ പ്രദേശങ്ങളിലില്ലായിരുന്നു. ഉയർന്ന ഉദ്യോഗസ്ഥരും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഇതെല്ലാമുണ്ട്. കെ.എസ്. ആർ.ടി.സി. ബസുപോലും ഈ മലയിൽ സർവീസ് നടത്തുന്നുണ്ട്. ഞാൻ എരുമാപ്രയിൽ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററായിരിക്കുമ്പോഴാണ് ആദ്യത്തെ ഹൈസ്കൂൾ എരുമാപ്രമറ്റത്ത് ആരംഭിച്ചത്. ഇന്ന് അനേകം ഉന്നതബിരുദധാരികൾ, ഡോക്ടറന്മാർ, എൻജിനീയറന്മാർ, ഐ.എ.എസ്. ഉദ്യോഗസ്ഥർ, സ്വദേശത്തും വിദേശത്തും നല്ല ജോലിയുള്ളവർ ഒക്കെയുണ്ട്. ടെലഫോണില്ലാത്ത വീടുകൾ വളരെ ചുരുക്കമാണ്. എല്ലാ പ്രകാരത്തിലും നാടും നാട്ടാരും പുരോഗതി പ്രാപിച്ചിട്ടുണ്ട്.

***? പട്ടത്വശുശ്രൂഷയിൽ അങ്ങ് ആരെയെങ്കിലും മാതൃകയാക്കാൻ ശ്രമിച്ചിട്ടുണ്ടോ***

മനുഷ്യരാരേയും മാതൃകയാക്കുവാൻ ഞാൻ ശ്രമിച്ചിട്ടില്ല. എന്നാൽ പലരിൽ നിന്ന്, പ്രത്യേകിച്ച് എന്റെ അമ്മായിയച്ഛനിൽ നിന്ന്, ഇടയപരിപാലനത്തിൽ ചില നല്ല കാര്യങ്ങൾ പഠിച്ചിട്ടുണ്ട്.

***? ഏതെല്ലാം നിലകളിൽ അങ്ങ് സഭയെ സേവിച്ചിട്ടുണ്ട്***

അദ്ധ്യാപകൻ, കരപ്പുറം മിഷൻ പ്രവർത്തകൻ, ആലപ്പുഴ ക്രിസ്ത്യൻ ഇൻസ്റ്റിട്യൂട്ട് സെക്രട്ടറി, മഹായിടവകയിലെ ഏറ്റം ചെറിയ ഇടവകയായ കുറമൂരും ഏറ്റം വലിയ ഇടവകയായ കത്തീഡ്രലും ഉൾപ്പെടെ പല ഇടവകകളിൽ വികാരി, സി.എൻ.ബൈബിൾ സ്കൂൾ പ്രിൻസിപ്പൽ, ഒമ്പതു വർഷം മദ്ധ്യകേരള മഹായിടവക കൗൺസിൽ സെക്രട്ടറി, സി.എസ്.ഐ. സിനഡ് അംഗം, സിനഡ് വർക്കിംഗ് കമ്മിറ്റിയംഗം, എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, കേരള ക്രിസ്ത്യൻ കൗൺസിൽ പ്രസിഡന്റ്, ആറു വർഷം ഈസ്റ്റ് കേരള മഹായിടവക ബിഷപ്പ് എന്നീ പദവികളിൽ പ്രവർത്തിക്കുവാൻ ദൈവമനുവദിച്ചു.

***? ഒരാളെ ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നീട് വളരെ നാളുകൾക്കുശേഷം കണ്ടുമുട്ടിയാലും ആ ആളിന്റെ പേരും മറ്റു വിവരങ്ങളും ഓർത്തിരിക്കുന്നത് എങ്ങനെയാണ്? എന്തെങ്കിലും കുറുക്കുവഴികളുണ്ടോ***

കുറുക്കുവഴി ഒന്നുമില്ല. ഓർമശക്തി ദൈവത്തിന്റെ ദാനമാണ്. (ഇപ്പോൾ ഓർമശക്തി കുറഞ്ഞിട്ടുണ്ട്)

***? അങ്ങ് ഒരു നല്ല സ്പോർട്സ്മേൻ ആയിരുന്നുവെന്നു കേട്ടിട്ടുണ്ട്. ഇപ്പോഴും താൽപര്യമുള്ളതായുമറിയാം. ഇത്***

***അങ്ങയുടെ പ്രവർത്തനമേഖലയിൽ സഹായകമായിരുന്നിട്ടുണ്ടോ***


കോട്ടയം സി.എം.എസ്. കോളജിൽ സ്പോർട്സ് ചാമ്പ്യനായിരുന്നു. ആലുവ യു.സി. കോളജിൽ ക്രിക്കറ്റ് ക്യാപ്ടനും ഹോക്കി ടീം സെന്റർ ഫോർവേർഡുമായിരുന്നു. എല്ലാ കളികളിലും ഏർപ്പെട്ടിരുന്നു. എന്റെ എല്ലാ പ്രവർത്തനമേഖലകളിലും ഈ സ്പോർട്സ്മെൻ സ്പിരിറ്റ് വളരെ സഹായകമായിരുന്നു. തോൽക്കുമ്പോഴും ജയിച്ചയാളെ അഭിനന്ദിക്കുന്നത് ഇതിന്റെ ഭാഗമാണ്.

***? മറ്റുള്ളവരോടുള്ള സ്നേഹം, മനസ്സലിവ്, വിശ്വാസം ഇവ എപ്പോഴെങ്കിലും അങ്ങേയ്ക്ക് ദോഷകരമായി തീർന്നിട്ടുണ്ടോ***

ഒരിക്കലുമില്ല. കാരണം, ഇവ പ്രതിഫലം ആഗ്രഹിച്ചു ചെയ്യുന്ന കാര്യങ്ങളല്ലല്ലോ. എന്നാൽ പലരും നന്ദികേടു കാണിച്ചിട്ടുണ്ട്. അതിൽ ഒട്ടും പരിഭവമില്ല. ഞാൻ സ്നേഹിച്ചതിനേക്കാൾ കൂടുതൽ സ്നേഹം എനിക്കു കിട്ടിയിട്ടുണ്ട്.

***? അങ്ങയുടെ കുടുംബാംഗങ്ങളെപ്പറ്റി...***

എന്റെ ഭാര്യ ആലീസ്, കൊച്ചുകളീക്കൽ പാരതനായ റവ. കെ. ജെ. ചാക്കോ



(Sr.) യുടെ മകളാണ്. ഞങ്ങൾക്ക് മൂന്നു മക്കൾ-രണ്ട് ആണും ഒരു പെണ്ണും-ഉണ്ട്. മൂന്നുപേരും വിവാഹിതർ. എട്ടു കൊച്ചുമക്കളുണ്ട്. ആൺമക്കൾ രണ്ടുപേരും കുവൈറ്റിൽ ജോലി ചെയ്യുന്നു. റവ. പി. കെ. സാമുവലിന്റെ മകനാണ് എന്റെ മകളെ വിവാഹം ചെയ്തിരിക്കുന്നത്. മക്കൾ മൂവരും ആത്മീയകാര്യങ്ങളിൽ വളരെ തൽപരരും ശുഷ്കാന്തിയുള്ളവരുമാണെന്നതിൽ സന്തോഷിക്കുന്നു.

***? അങ്ങയുടെ പ്രവർത്തനങ്ങളിൽ കൊച്ചമ്മയുടെ സേവനം ഏതുപ്രകാരമാണ്***

എന്റെ ഭാര്യ, ഒരു വൈദികന്റെ മകളെന്ന നിലയിൽ ഒരു ഇടവകപ്പട്ടക്കാരന്റെ സുഖവും ദുഃഖവും നല്ലവണ്ണം അറിഞ്ഞ വ്യക്തിയും ആത്മീയശുശ്രൂഷയ്ക്ക് പരിശീലനം ലഭിച്ചയാളുമാണ്. അതുകൊണ്ട് എന്റെ ശുശ്രൂഷകളിൽ അവർ വളരെയധികം സഹായിക്കുകയും സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്. ഒരു നല്ല വിമർശക കൂടെയാണ് എന്റെ ഭാര്യ. ഞാൻ സേവനം ചെയ്ത പല ഇടവകകളിലും സ്ത്രീകളുടെ യോഗങ്ങളിൽ പതിവായി വേദപഠനക്ലാസുകൾ അവർ നടത്തിയിരുന്നു. പള്ളികളിൽ പ്രസംഗിച്ചിട്ടുമുണ്ട്. ഭവനസന്ദർശനങ്ങൾ ഞങ്ങൾ രണ്ടുപേരും കൂടെയാണ് നടത്തിയിരുന്നത്. ഞാൻ കൺവൻഷൻ പ്രസംഗങ്ങൾക്കു പോകുമ്പോൾ ഞാൻ പ്രാർത്ഥിച്ചു കൊള്ളാമെന്നു പറഞ്ഞാണ് അയയ്ക്കുന്നത്. എന്റെ മാതാപിതാക്കൾ കഴിഞ്ഞാൽ എനിക്കുവേണ്ടി വളരെ പ്രാർത്ഥിച്ചിട്ടുള്ള വ്യക്തി ദൈവം എനിക്കു ജീവിതപങ്കാളിയായിത്തന്ന സ്ത്രീയാണ്. ഭാര്യ

*(ശേഷം പേജ് 6)*

[illegible]

and low in human nature. Without exception, the perpetration of injustice, cruelty and discrimination has been preceded by the propagandist distortion of the identity of intended victims. Even more regrettably, this involves the distortion of the indentity of God. It is the idolatrous mindset that degrades God into an item of communal ownership. God, who is acknowledged to be the omnipresent Creator and Sustainer of the whole of creation, is caricatured as a petty and partisan being, whose concerns are limited to a particular sect or community. This is the pseudo-theological cauldron in which sectarian and conflictual sentiments are brewed. Every communal project is an insult to the identity of God. God as God can never be an alibi for hate and aggression. For Ayodhya to be turned into a theatre of communal conflict, for instance, it is necessary that the identity of Lord Ram and the idea of the temple be projected in unspiritual terms. The spiritual nexus between human identity and the identity of God needs to be insisted on globally.

We have been victims of centuries of unspiritual conditioning. Before human beings were fitted with these communal blinkers, it did not take any special effort to recognize that human beings are both local and universal. Even when we drag our feet through the mud of mundane existence, our heads are among the stars. Embedded though we are in the local, our immortal longings transcend time and space. We are the confluence of the local and the global. We are "glocal". This has been the intuition of every spiritually awakened person. In the wake of materialism, however, the lamp of universality hidden under the bushel of material particularity began to fade out, escalating the darkness of divisive identities and ideologies. In such a predicament, the more materially 'advanced' a culture is, the more violent and destructive it tends to be.

That being the case, it is a matter of grave concern that the 'tyranny of the local' persists and prospers in the global village, as we know it today. Globalization as a mere economic and cultural construct, without a commensurate spiritual underpinning, is a contradiction in terms. In the absence of a spiritual definition of human identity and global reality, globaiiization has paved the way for Euro-American ethnocentrism, which is being projected as the global project. In such a context, world peace tends to be understood, as peace was understood in the days of the Roman Empire, as the acceptance of American over-lordship-military, economic, cultural by the rest of the world.

Surely, the time has come for engaging seriously the prospect of global citizenship, without which globalization will remain an exercise in dishonesty. But, it is equally certain that the framework for globalizing identities does not exist in globalization per se. Spirituality is the only authentically universal phenomenon we have ever known. It is scary prospect, especially for non-western societies, that globalization remains defiant of the discipline of spirituality and pursues its skewed economic and commercial agenda ruthlessly. Today it has become a spiritual imperative to redeem the idea of a global village through a commitment to global brotherhood and neighbourhood. A global village in which humankind continues to be fragmented along national, cultural, religious, ethnic, and ideological divides is a grotesque gimmick or a mendacious myth.

●

# ഇറാഖിന്റെ പ്രശ്നം സദ്ദാമല്ല...

### ബഗ്ദാദ് തിയളോജിക്കൽ ഫാക്കൽടി റെക്ടർ ബിഷപ്പ് ജാക്വസ് ഇഷാക്കുമായുള്ള അഭിമുഖം

***? യുദ്ധം നേരിടുന്ന ഒരു രാജ്യത്തെ മെത്രാൻ എന്ന നിലയ്ക്ക് അങ്ങേയ്ക്ക് ഇതേക്കുറിച്ച് എന്താണു പറയാനുള്ളത്***

ഇതു വളരെ ഭീകരമാണ്. യുദ്ധത്തിൽ ഏറ്റവുമധികം സഹായവുമായിറങ്ങുന്നത് സഭയാണ്. ഭക്ഷണവും മറ്റെല്ലാ അത്യാവശ്യസാധനങ്ങളും വാങ്ങേണ്ടതുണ്ട്. ബോംബുകൾ വീണ് ആകെ താറുമാറായ ഈ മണ്ണിൽ ഇനി വെള്ളവും വെളിച്ചവും ഭക്ഷണവുമെത്താൻ കാലമെത്ര പിടിക്കും. പള്ളികളിലാണ് സാധാരണക്കാർ അഭയം തേടിയിരിക്കുന്നത്. കത്തോലിക്കർ മാത്രമല്ല, എല്ലാവരും ഇവിടെയുണ്ട്. എങ്ങോട്ടേക്കാണ് ഓടിപ്പോകേണ്ടതെന്നറിയാതെ ഭയവും നിരാശയും ബാധിച്ച അനേകം കുഞ്ഞുങ്ങളും സ്ത്രീകളും ഇവിടെയുണ്ട്. കഴിഞ്ഞ യുദ്ധകാലത്തേക്കാൾ എത്രയോ ഭീകരമാണ് ഇന്നത്തെ അവസ്ഥ.

***? കത്തോലിക്കർ യുദ്ധത്തിനു പോകണമെന്നു നിർബന്ധമുണ്ടോ? ക്രിസ്ത്യാനികൾക്ക് ഈ പ്രശ്നത്തിൽ എന്തെങ്കിലും പങ്കുണ്ടോ***

പട്ടാളക്കാരോടൊപ്പം സാധാരണക്കാരായ ധാരാളം പേർ യുദ്ധമുന്നണിയിലേക്കു പോകുന്നുണ്ട്. ഇവിടെ മുസ്ലീമെന്നോ ക്രിസ്ത്യാനിയെന്നോ ഉള്ള വ്യത്യാസമില്ല. ഇവിടെയുള്ള എല്ലാവരും ഇറാഖി പൗരന്മാരാണ്. എന്നാൽ ഇന്ത്യ, ജപ്പാൻ പോലുള്ള രാജ്യങ്ങളിൽ ക്രിസ്ത്യാനികളെ ഇപ്പോഴും വിദേശീയരായിട്ടാണ് കാണുന്നത്. എന്നാൽ ഇവിടെയുള്ള മുസ്ലീങ്ങൾ പോലും അംഗീകരിക്കുന്നുണ്ട്, ഇസ്ലാംമതത്തിനുമുമ്പെയാണ് ക്രിസ്തുവിശ്വാസം ഇവിടെ വന്നതെന്ന്. മുസ്ലീങ്ങൾ വരുന്നതിനു മുമ്പുതന്നെ ഇവിടെ ക്രിസ്ത്യാനികളുണ്ടായിരുന്നു. ക്രിസ്ത്യാനികളെ ഇവിടെയാരും വിദേശീയരായി കാണുന്നില്ല.

***? ഇവിടെ ക്രിസ്ത്യാനികൾക്ക് എന്തെങ്കിലും വെല്ലുവിളികളുണ്ടോ***

ഞങ്ങൾ പരസ്പരം സഹോദരങ്ങളെപ്പോലെയാണിവിടെ കഴിയുന്നത്. ക്രിസ്ത്യാനികൾ ഇവിടംവിട്ടുപോകണമെന്ന് ഇവിടെയാരും പറയില്ല. ഞങ്ങളുടെ വലിയ ആഘോഷങ്ങളിൽ എല്ലാവരും ഒരുമിച്ചാണ് സന്നിഹിതരാകുന്നത്. ഇവിടെ മതങ്ങളുടെ ഒരു ശൃംഖല തന്നെയുണ്ട്. അതുപോലെതന്നെ മതസഹിഷ്ണുതയും ഇവിടെയുണ്ട്. ക്രിസ്ത്യാനികൾ ഒരു പള്ളി പണിയുമ്പോൾ സഹായവുമായെത്തുന്നത് പ്രധാനമായും മുസ്ലീങ്ങളാണ്. മറ്റു രാജ്യങ്ങളിൽ പള്ളി കത്തിക്കുന്നതും മോസ്കുകൾ ഇടിച്ചു നിരത്തുന്നതും പോലുള്ള മതമൗലികവാദം ഇവിടെ അചിന്തനീയമാണ്.

***? ഇവിടത്തെ കത്തോലിക്കാ സഭയെക്കുറിച്ച്***

ഏതാണ്ട് 8 ലക്ഷം വിശ്വാസികൾ ഇവിടെയുണ്ട്. കൂടാതെ ഇരുപതു മെത്രാന്മാരും വളരെയധികം അച്ചന്മാരും കന്യാസ്ത്രീകളും വൈദികവിദ്യാർത്ഥികളും ഞങ്ങൾക്കുണ്ട്. കർമ്മലീത്തക്കാർ, കാൽദിയൻ സന്യാസികൾ തുടങ്ങി ധാരാളം സന്യാസസമൂഹങ്ങളുമുണ്ട്. തലസ്ഥാനമായ ബഗ്ദാദിൽ മാത്രം 50 കത്തോലിക്കാ ദേവാലയങ്ങളുണ്ട്. ഞാൻ റെക്ടറായുള്ള ഒരു ദൈവശാസ്ത്ര പഠനകേന്ദ്രവുമുണ്ട്. 283 കുട്ടികൾ ഇവിടെ പഠിക്കുന്നു. ഇവിടെ കത്തോലിക്കർ മാത്രമല്ല, ഓർത്തഡോക്സ്, നെസ്തോറിയൻ സഭക്കാരും പഠിക്കുന്നുണ്ട്. ഇവിടെ ഹിസ്റ്ററി ഓഫ് ഫിലോസഫി പഠിപ്പിക്കുന്നത് വളരെ പ്രശസ്തനായ ഒരു മുസ്ലീം പണ്ഡിതനാണ്. മറ്റു സർവകലാശാലകളും വിദ്യാർത്ഥികളെ ഇങ്ങോട്ടയയ്ക്കാറുണ്ട്.

***? യുദ്ധം ഇവിടുത്തെ സഭയെ എങ്ങനെ ബാധിക്കും***

ഈ ചോദ്യം തന്നെ വളരെ ഭീതിജനകമാണ്. ഈ യുദ്ധത്തോടെ ഇവിടുത്തെ സഭ മുഴുവനോടെ തൂത്തെറിയപ്പെട്ടേക്കാം. കഴിഞ്ഞ യുദ്ധത്തിനുശേഷം വളരെയേറെ ക്രിസ്ത്യാനികളാണ് ഇവിടംവിട്ടുപോയത്. എത്രകാലമാണ് ഈ സഹനത്തിൽ പിടിച്ചുനിൽക്കാനാകുന്നത്. പഠനം കഴിഞ്ഞിറങ്ങുന്ന ചെറുപ്പക്കാർക്ക് ജോലി കിട്ടാതാകുമ്പോൾ, പിതാക്കന്മാർക്ക് കുട്ടികളെപ്പോറ്റാൻ വകയില്ലാതാകുമ്പോൾ നാടുവിട്ടുപോകയല്ലാതെ മറ്റെന്താണു മാർഗം? പക്ഷേ, ഇതൊന്നും യുദ്ധക്കൊതിയന്മാരായ അമേരിക്കയോ ബ്രിട്ടനോ കാര്യമാക്കുന്നില്ല. ഈ യുദ്ധം ഏറ്റവുമധികം ദോഷം ചെയ്യുന്നത് ഇവിടുത്തെ സഭയ്ക്കായിരിക്കും. ഒരു ദശലക്ഷം മുസ്ലീങ്ങൾ ഇവിടെനിന്നു പലായനം ചെയ്താലും പിന്നെയും ഇവിടെ ഇരുപതു ദശലക്ഷത്തോളം മുസ്ലീങ്ങളുണ്ടാകും. പക്ഷേ അത്രയും ക്രിസ്ത്യാനികൾ ഇവിടെനിന്നുപോയാൽ പിന്നെയിവിടെ സഭയുണ്ടാകില്ല. അനേകം രക്തസാക്ഷികളുടെ രക്തംകൊണ്ട് 2000 വർഷം നിലനിന്ന സഭയാണിവിടുത്തേത്. പക്ഷേ ഈ യുദ്ധംകൊണ്ട് സഭ നാമാവശേഷമാകും.

***? കഴിഞ്ഞ മാസം താരിഖ് അസീസ് മാർപാപ്പയെ കണ്ടിരുന്നല്ലോ. അങ്ങേയ്ക്ക് അസീസിനെ പരിചയമുണ്ടോ***

അദ്ദേഹത്തെയും കുടുംബത്തെയും അടുത്തു പരിചയമുള്ള വ്യക്തിയാണു ഞാൻ. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും എല്ലാ ഞായറാഴ്ചയും പള്ളിയിൽ വരുന്നുണ്ട്. അദ്ദേഹത്തിന്റെ സഹോദരി എന്റെ ഇടവകക്കാരിയാണ്. താരിഖ് അസീസ് വെറുതെ മാമോദീസ മുങ്ങിയ ഒരു ക്രിസ്ത്യാനിയല്ല. തന്റെ വലിയ ജോലിത്തിരക്കുകൾക്കിടയിലും അദ്ദേഹം ദേവാലയത്തിൽ മുടങ്ങാറില്ല.

***? അങ്ങ് സദ്ദാം ഹുസൈനെ നേരിട്ടു കണ്ടിട്ടുണ്ടോ***

1979-ലാണ് ഞാൻ ആദ്യമായി അദ്ദേഹത്തെ കാണുന്നത്. ഒരു ദിവസം ഞാൻ കുർബാന ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹവും ജനങ്ങളോടൊപ്പം ദേവാലയത്തിലുണ്ടായിരുന്നു. അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ട് ഏതാനും മാസങ്ങൾക്കുശേഷമായിരുന്നു അത്. അന്നു ഞങ്ങൾ വളരെ കാര്യമായി പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. കഴിഞ്ഞ ക്രിസ്മസിനും അദ്ദേഹം എനിക്ക് ആശംസാകാർഡ് അയച്ചിരുന്നു. കൂടാതെ മൊസ്സൂളിലെ തിരുഹൃദയസന്യാസിനികൾക്ക് മഠം പണിയാൻ അദ്ദേഹമാണ് പണം നൽകിയത്. സഭയ്ക്കുവേണ്ട വേദോപദേശ പുസ്തകങ്ങളെല്ലാം സൗജന്യമായി അച്ചടിച്ചു വിതരണം ചെയ്യുന്നതും ഇവിടുത്തെ സർക്കാരാണ്.

***? ഇത് എന്തെങ്കിലും രാഷ്ട്രീയ ലക്ഷ്യത്തോടെയാണോ***

ഞങ്ങൾ വളരെ ന്യൂനപക്ഷമല്ലേ. പിന്നെന്തു രാഷ്ട്രീയലക്ഷ്യം. സദ്ദാം ഇവിടത്തെ ക്രിസ്ത്യാനികളെ ഏതെങ്കിലും രീതിയിൽ ഒതുക്കേണ്ട ഒരു വിഭാഗമായി കാണുന്നില്ല. നല്ലൊരുദാഹരണമുണ്ട്. അദ്ദേഹം ജനിച്ച തെക്രീത്ത് എന്ന പട്ടണം ആദ്യമൊരു ക്രിസ്ത്യൻ നഗരമായിരുന്നു. പിന്നീടത് മുസ്ലീംനഗരമായി മാറി. എന്നാൽ കഴിഞ്ഞയിടെ അവിടെ ഭൂമി കുഴിച്ച് ഗവേഷണങ്ങൾ നടത്താൻ സദ്ദാം ഉത്തരവിട്ടു, പുരാതന ക്രൈസ്തവദേവാലയങ്ങൾ കണ്ടെത്താൻ. ഞങ്ങൾ കത്തോലിക്കർ ഇവിടെ ശാന്തമായി ജീവിക്കുന്നു. സൗദിയിലെപ്പോലെ ഇവിടെ ഞങ്ങൾ പരിഭ്രാന്തരല്ല.

***? സദ്ദാമിനെപ്പോലൊരു ഏകാധിപതിയുടെ ഭരണത്തെ എങ്ങനെ ന്യായീകരിക്കാനാകും***

പടിഞ്ഞാറിന്റെ കണ്ണുകളിലൂടെ കാര്യങ്ങളെ കാണുമ്പോഴാണ് സദ്ദാം ഏകാധിപതിയാകുന്നത്. ഇറാഖിൽ പ്രശ്നങ്ങളുണ്ടാകാം. അതിന് അവർ പറയുന്ന, ചെയ്തുകൂട്ടുന്ന ഇത്തരം രീതികളിലൂടെയാണോ പരിഹാരം കാണേണ്ടത്? ***ഇറാഖിന്റെ പ്രശ്നം സദ്ദാം ഹുസൈനല്ല. ഇവിടുത്തെ യഥാർത്ഥ പ്രശ്നം ഞങ്ങൾക്ക് എണ്ണയുണ്ടെന്നതാണ്.*** ഞങ്ങൾ എണ്ണ മുഴുവൻ ദേശസാത്കരിച്ച 1972 മുതലുള്ളതാണ് ഈ പ്രശ്നം.

*(ശേഷം പേജ് 8)*

[illegible]

യെപ്പറ്റി പ്രശംസ പറയുന്നത് ശരിയല്ലാത്തതിനാൽ അധികം പറയുന്നില്ല.

***? ഈസ്റ്റ് കേരള മഹായിടവക രൂപീകരണത്തിനു നേതൃത്വം കൊടുക്കുകയും ആദ്യബിഷപ്പായി സേവനം അനുഷ്ഠിക്കുകയും ചെയ്ത അങ്ങ് മഹായിടവകയുടെ വളർച്ചയെ എങ്ങനെ വിലയിരുത്തുന്നു***

ഈസ്റ്റ് കേരള മഹായിടവക അനേകരുടെയും വിമർശനങ്ങൾക്കും ആശങ്കകൾക്കും വിപരീതമായി എല്ലാ രംഗങ്ങളിലും വളരെ വളർന്നിട്ടുണ്ട്. ഒന്നുമില്ലായ്മയിൽ നിന്നാണ് മഹായിടവക രൂപംകൊണ്ടത്. ഈ മഹായിടവക ഇനിയും വളരും. ഭൗതികമായ നേട്ടങ്ങൾ വളരെയുണ്ട്. എന്നാൽ ഈ മഹായിടവകയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം ആദ്ധ്യാത്മികവളർച്ചയാണ്. ഇടയപരിപാലനം ഒട്ടും തന്നെ ലഭിക്കാതിരുന്ന ഹൈറേഞ്ച് പ്രദേശങ്ങളിൽ ഇന്ന് അത് ഭംഗിയായി നിർവഹിക്കപ്പെടുന്നുണ്ടെന്നാണ് എന്റെ വിശ്വാസം.

***? മിഷനറി പാരമ്പര്യമുള്ള സി.എസ്.ഐ. സഭയുടെ ഇന്നത്തെ പ്രവർത്തനങ്ങൾ എങ്ങനെ വിലയിരുത്തുന്നു***

ഈ ചോദ്യം പല തെറ്റിദ്ധാരണകളും വിമർശനങ്ങളുമുളവാക്കുന്ന ഉത്തരത്തിലേക്കു നയിക്കുന്നതാണ്. സി.എസ്.ഐ.യുടെ ഇന്നത്തെ പ്രവർത്തനത്തിൽ ഞാൻ ഒട്ടും സന്തുഷ്ടനല്ല. ആദ്ധ്യാത്മിക മാനദണ്ഡങ്ങൾ പല രംഗത്തും ബലി കഴിക്കപ്പെട്ടിട്ടുണ്ട്. ബിഷപ്പാകാനും മോഡറേറ്ററാകാനും വോട്ടുപിടിക്കുക; സ്ഥാനം ലഭിച്ചുകഴിഞ്ഞാൽ സ്വേച്ഛാപരമായി പ്രവർത്തിക്കുക എന്നിപ്രകാരമുള്ള ശൈലി കുറെ വർഷങ്ങളായി സഭയിൽ വ്യാപകമായിരിക്കുന്നു. ഈദൃശകാര്യങ്ങളിൽ മനസ്സു നൊന്ത ഒരു ബിഷപ്പ് രാജിവയ്ക്കാനൊരുങ്ങിയതു എല്ലാവർക്കും അറിവുള്ള കാര്യമാണല്ലോ. മിഷനറിമാർ സ്ഥാപിച്ച സ്കൂളുകൾ പുലർത്തിപ്പോന്ന ഉന്നതനിലവാരം പല സ്കൂളിലും തീർത്തും നഷ്ടപ്പെട്ടിരിക്കുന്നു. ആതുരശുശ്രൂഷാരംഗത്തും പരാജയം നേരിട്ടിരിക്കുന്നു. എത്രയോ മിഷനാശുപത്രികൾ പൂട്ടിക്കഴിഞ്ഞു! സാമൂഹികരംഗത്തു അനേകം മാറ്റങ്ങളുണ്ടായിട്ടുണ്ടെന്നതു സത്യമാണ്. പക്ഷേ, സാമൂഹിക ബന്ധങ്ങൾ തകർച്ചയിലാണ്. ക്രിസ്തീയ മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു; കർമാനുഷ്ഠാനങ്ങൾ പെരുകി വരുന്നു.

***? കേരള ക്രൈസ്തവസഭകളുടെ ദൗത്യവും പ്രവർത്തനശൈലിയും എങ്ങനെ വിലയിരുത്തുന്നു***

ഒരു വിലയിരുത്തൽ നടത്താൻ ഒരുമ്പെടുന്നില്ല. എന്നാൽ, ഞാൻ എതിർക്കുന്ന ഏതാനും കാര്യങ്ങൾ പറയാം. കേരളക്രിസ്ത്യാനികൾ നിലയ്ക്കൽ നടത്തിയ സമരം അക്രൈസ്തവമായിരുന്നു. തോമസ് ശ്ലീഹ സ്ഥാപിച്ച ഒരു പള്ളി അവിടെ ഉണ്ടായിരുന്നുവെന്നു പറഞ്ഞ് അവിടെയുണ്ടാക്കിയ കോലാഹലങ്ങൾ ഭീകരമായിരുന്നു. ബാബ്റി മസ്ജിദ് പൊളിച്ചവർ പറഞ്ഞത് 400 വർഷങ്ങൾക്കുമുമ്പ് അവിടെ ഒരു ക്ഷേത്രമുണ്ടായിരുന്നുവെന്നാണ്. കേരളക്രിസ്ത്യാനികൾ പറഞ്ഞു രണ്ടായിരം വർഷങ്ങൾക്കുമുമ്പ് നിലയ്ക്കൽ ഞങ്ങൾക്കൊരു പള്ളിയുണ്ടായിരുന്നുവെന്ന്! ലോകമൊട്ടുക്ക് രാജാക്കന്മാരും ചക്രവർത്തിമാരും മിക്കവാറും അപ്രത്യക്ഷമായി. എന്നാൽ അവരുടെ കിരീടങ്ങളും സിംഹാസനങ്ങളും കൊട്ടാരങ്ങളും ഇന്ന് സഭാദ്ധ്യക്ഷന്മാർ നിലനിർത്തുന്നു. കോടികൾ മുടക്കി കൊട്ടാരങ്ങളും പള്ളികളും പണിയുന്നു. ദരിദ്രനായിരുന്ന നസറേത്തിലെ യേശുവിന് അവിടെയെങ്ങും സ്ഥാനമുണ്ടായിരിക്കയില്ല. ആരാധനകളും നോമ്പുനോട്ടവും ഉപവാസവും മറ്റും നടക്കുന്നുണ്ട്. അവയെല്ലാം ചടങ്ങുകളായി അധഃപതിച്ചിരിക്കുന്നു.

***? അങ്ങയുടെ സേവനകാലത്തുണ്ടായ ഏറ്റം രസകരമായ സംഭവം***

ചോദ്യം പിടികിട്ടിയില്ല. 'രസകരം' എന്നതുകൊണ്ട് 'സന്തോഷകരം' എന്നാണോ ഉദ്ദേശിച്ചത്. പകലത്തെ അദ്ധ്വാനത്തിനുശേഷം ഭാര്യയും മക്കളും ചേർന്ന് വട്ടത്തിലിരുന്നു പാട്ടുപാടി ദൈവത്തെ സ്തുതിക്കുന്നതും സ്തോത്രമർപ്പിക്കുന്നതുമാണ് ഏറ്റം സന്തോഷം നൽകിയ കാര്യം. രസകരമായ ഒരു കാര്യം, 1953 മെയ് 29-ന് എഡ്മണ്ട് ഹിലാരിയും ടെൻസിംഗും എവറസ്റ്റു കൊടിമുടി കീഴടക്കിയ ദിവസം തന്നെയാണ് ഞാൻ മലയിൽ നിന്ന് ചേർത്തലയിലെ കരപ്പുറം മിഷനറിലേക്കിറങ്ങിയത്. (നാലു സ്നേഹിതരോടൊപ്പം ആദ്യപട്ടം ഏറ്റത് ആ ദിവസമാണ്. ഞങ്ങൾ അഞ്ചുപേരിൽ ഞാനും വെരി റവ. മാത്യു മാത്യുവും മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളു)

***? സേവനകാലത്തെ ഏറ്റം വേദനാജനകമായ സംഭവം***

എന്റെ സേവനകാലത്തുണ്ടായ ദുഃഖസംഭവങ്ങൾ സുവിശേഷഘോഷണത്തിന്റെ ഭാഗമാകയാൽ അവയെ ദുഃഖമായി എണ്ണുന്നില്ല. റിട്ടയർ ചെയ്തശേഷം സത്യവിരുദ്ധമായ കാര്യങ്ങൾ ആരോപിച്ചതാണ് ഏറ്റവും വേദനയുളവാക്കിയത്. അതിൽ പ്രധാനപ്പെട്ടത്, "ഞാൻ ഈസ്റ്റ് കേരള മഹായിടവകയെ ആദ്ധ്യാത്മികമായും സാമ്പത്തികമായും നശിപ്പിച്ചു". എന്ന പ്രസ്താവനയാണ്. ബിഷപ്പ് ജോർജ് ഐസക്കിന്റെ ഭാഷയിൽ, അതൊരു 'absolute lie' ആണ്.

***? പട്ടക്കാരനായാണോ ബിഷപ്പായാണോ കൂടുതൽ പ്രയോജനകരമായ ശുശ്രൂഷ നിർവഹിക്കാൻ സാധിച്ചത്***

പട്ടക്കാരന്റെയും ബിഷപ്പിന്റെയും ശുശ്രൂഷകൾക്ക് വ്യത്യാസങ്ങളുണ്ടെങ്കിലും രണ്ടും ദൈവശുശ്രൂഷയാണ്. എന്നാൽ, ജനങ്ങളോടു കൂടുതലടുത്ത് അവരുടെ സുഖദുഃഖങ്ങൾ പങ്കിടുവാൻ സാധിച്ചത് ഒരു ഇടവകപ്പട്ടക്കാരനായിരുന്നപ്പോഴാണ്. ഒരു പുതിയ മഹായിടവകയുടെ പ്രഥമ ബിഷപ്പ് എന്ന നിലയിൽ ഞാൻ ചെയ്ത ശുശ്രൂഷകളെല്ലാം എന്റെ ജനത്തിനു പ്രയോജനകരമായിരുന്നു.

***? 'ന്യൂ വിഷൻ' അഡ്വൈസറി ബോർഡിലെ അംഗമായ അങ്ങ് വായനക്കാർക്കു നൽകുന്ന സന്ദേശമെന്താണ്***

ന്യൂ വിഷൻ വായനക്കാർക്കുള്ള എന്റെ സന്ദേശം "ക്രിസ്തുവിനോടുകൂടെ ജീവിക്കുക" എന്നതാണ്. എഡിറ്റോറിയൽ ബോർഡിനോടു പറയുവാനുള്ളത്, ക്രൈസ്തവസഭയുടെ നവീകരണത്തിനു പുതിയ ദർശനം നൽകുന്ന നല്ല ലേഖനങ്ങളും ശക്തമായ വിമർശനങ്ങളും മാസികയുടെ താളുകളിൽ കൂടുതലായി ഉണ്ടാകണമെന്നതാണ്.

*(തയാറാക്കിയത് : പ്രൊഫ. ജോർജ് ജേക്കബ്, ഹെന്റി ബേക്കർ കോളജ്, മേലുകാവ്)*


JUHANON MAR THOMA MANDIRAM
(An Eventide Home)
MANGANAM, KOTTAYAM

**This Mandiram offers accommodation, food and medical care for senior citizens, single or couple.**

*For details, please contact:-*

**THE SECRETARY**
J. M. Mandiram, Manganam, Kottayam-18
Phone : 0481 - 2572063



# ശാസ്ത്ര നുറുങ്ങുകൾ

ഡോ. ജോർജ് എം. തോമസ്

മനുഷ്യനു ജീവിക്കാൻ അവശ്യം വേണ്ടത് വായു, വെള്ളം, ഊർജ്ജം എന്നിവയാണ്. ഇവയെല്ലാം സുലഭമായി ലഭ്യമാണെങ്കിലും, ശുദ്ധമായും വേണ്ട അളവിലും തൃപ്തികരമായി ലഭിക്കാൻ നാം ശാസ്ത്രത്തെ ആശ്രയിക്കുന്നു. ഇവയുടെ ഗുണദോഷങ്ങൾ ശാസ്ത്രീയമായി മനസ്സിലാക്കി ഉചിതമായ പ്രതിവിധികൾ നിർണ്ണയിച്ചുപയോഗിക്കുമ്പോഴാണ് ശാസ്ത്രം ദൈനംദിന ജീവിതത്തിലേക്കു പ്രവേശിക്കുക. എന്തുകൊണ്ടെന്നു മസ്സിലാക്കാതെ അനുഭവത്തെ മാത്രം ആശ്രയിച്ച് പലതും തനിയെ ചെയ്യാൻ നാം പഠിക്കുന്നു. തിളച്ച വെള്ളത്തിൽ പപ്പടം കാച്ചാൻ പറ്റില്ല. അതെന്തുകൊണ്ടാണെന്നു കൂടി അറിഞ്ഞാൽ എണ്ണ ഉപയോഗിക്കാതെയും പപ്പടം കാച്ചാൻ കഴിയും. ഉദാ: ചുട്ട പപ്പടം.

ഓക്സിജൻ, നൈട്രജൻ, കാർബൺ ഡയോക്സൈഡ്, നീരാവി, കൂടാതെ മാലിന്യങ്ങൾ-ഇവ വായുവിലടങ്ങിയിരിക്കുന്നു. ചെറിയ അളവിൽ വേറെ ചില വാതകങ്ങളും. ഇവയ്ക്ക് നിറമോ മണമോ ഇല്ല. ഗുരുത്വാകർഷണം വായുവിനെ ഭൂതലത്തിൽ പിടിച്ചുനിറുത്തുന്നു. പക്ഷേ, മുകളിലേക്കു പോകുന്തോറും വായുവിനു സാന്ദ്രത കുറവാണ്. ശ്വസിക്കാൻ പോലും കിട്ടില്ല. സൂര്യപ്രകാശംകൊണ്ട് വായു ചൂടായി മേലോട്ടുയരും. തണുക്കുമ്പോൾ താഴോട്ടുപോരും. വായുവിന്റെ ചലനമാണു കാറ്റ്. കരക്കാറ്റ്, കടൽക്കാറ്റ്, കൊടുങ്കാറ്റ്-എല്ലാം മർദ്ദവ്യത്യാസം കൊണ്ടു സംഭവിക്കുന്നു. ഈ ചുറ്റിക്കറങ്ങൽ മുറിയ്ക്കുള്ളിലും ആവശ്യമാണ്, വായുവിന്റെ ചൂടും ശുചിത്വവും ക്രമീകരിക്കാൻ. ജനാലവഴിയും വാതിൽവഴിയും കയറി, പൊക്കത്തിൽ സ്ഥാപിച്ച വെന്റിലേറ്റർ വഴി പുറത്തേക്കു പോകുന്നു. ഓടു മേഞ്ഞ വീടാണെങ്കിൽ തട്ട് ഉണ്ടാക്കി ഓടിന്റെ ചൂടു നിയന്ത്രിക്കാം. ഇലക്ട്രിക് ഫാൻ പ്രവർത്തിപ്പിച്ചോ വിശറി വീശിയോ നമുക്കു വായുവിനെ കുറെയൊക്കെ തിരിച്ചുവിടാൻ കഴിയും. ഫാൻ കറങ്ങുമ്പോൾ തണ്ടിന്റെ ഇലകൾ വായുവിനെ താഴോട്ടു തള്ളുന്നു. ഫാനിന്റെ ചുറ്റുമപ്പോൾ മർദ്ദം കുറഞ്ഞ ഒരു ഭാഗമുണ്ടാകും. ആ ഭാഗത്തേക്ക് പൊടിപടലവും പുകയുമൊക്കെ പ്രവേശിച്ച് ഫാനിൽ പറ്റിപ്പിടിച്ചിരിക്കും. കാറ്റിന്റെ കൂടെ വായു ശുചീകരണവും നടക്കുന്നു.

വിറകടുപ്പ്, ഗ്യാസടുപ്പ്, വൈദ്യുതിയടുപ്പ് എന്നിവ പ്രചാരത്തിലുണ്ടല്ലോ. വിറകടുപ്പിൽ വായുവിന് അടിവശത്തുകൂടി പ്രവേശിച്ച് മുകളിലേക്കു പോകാൻ സൗകര്യമൊരുക്കണം. അങ്ങനെ പോകുന്ന വഴി വിറകു കത്തിക്കും. കൂടുതൽ വായു പമ്പു ചെയ്തു വിട്ടാൽ ചൂടു കൂടുതലുള്ള നീലത്തീനാളം കിട്ടും. വായുവിനു പ്രവേശിക്കാൻ ധാരാളം ദ്വാരങ്ങളും അതിനിടിയിൽക്കൂടി ഗ്യാസ് കടക്കാൻ സൗകര്യവുമുണ്ടാക്കിയാൽ ഗ്യാസ് സ്റ്റൗവിൽ നിന്ന് നീലത്തീ ലഭിക്കും. മർദ്ദം കൂട്ടിയും വായു സഞ്ചാരം വർധിപ്പിക്കാം. എന്നാൽ, വൈദ്യുതിയടുപ്പ് കത്താൻ വായു വേണ്ട. പക്ഷേ ചൂടു പകരണമെങ്കിൽ വായു ആകാം. അല്ലെങ്കിൽ, വൈദ്യുതകാന്തിക തരംഗങ്ങളായി ചൂടു പകരാം. പുകശല്യവുമുണ്ടാകില്ല. നീലത്തീനാളമാണു ലഭിക്കുക. വൈദ്യുതിയടുപ്പ് ചെലവേറിയ ഏർപ്പാടാണ്. മാത്രമല്ല, ഇടയ്ക്കിടെ പവർകട്ട് ശല്യവും. മണ്ണെണ്ണ സ്റ്റൗവിൽ തിരിയാണു കത്തുന്നത്. വായു സഞ്ചാരം വർധിപ്പിച്ചാൽ നീലത്തീനാളവും കിട്ടും.

വെള്ളത്തിന് രണ്ടവസ്ഥകൾ കൂടിയുണ്ട്-മഞ്ഞുകട്ട, നീരാവി. വെള്ളം തണുത്താൽ മഞ്ഞുകട്ടയാകും. അവിടെ തന്മാത്രകൾ തൽസ്ഥാനങ്ങളിൽ നിൽക്കും. വെള്ളത്തിനുണ്ടായിരുന്നത്ര ഊർജം മഞ്ഞിന് ആവശ്യമില്ല. താപനില വ്യത്യാസപ്പെടാതെ തന്നെ ഊ താപം പുറത്തേക്കു വിടുന്നു. ഇതിനെ ലീനതാപം എന്നു പറയുന്നു. ഐസ് വെള്ളമാകുമ്പോൾ താപനില ഉയരാതെ തന്നെ ഊർജം വലിച്ചെടുക്കുന്നു. അങ്ങനെ അതേ താപനിലയിലുള്ള വെള്ളത്തിൽ ഈ ലീനതാപവും ഉൾക്കൊണ്ടിട്ടുണ്ട്. അതുപോലെ, വെള്ളം ആവിയാകുമ്പോൾ ഇതിലും കൂടുതൽ ലീനതാപം ആഗരിക്കും. താപനില വർധിപ്പിക്കയുമില്ല. നീരാവി വെള്ളമാകുമ്പോൾ ഈ താപം പുറത്തേക്കു വിടുന്നു.

കൊടുംതണുപ്പുള്ള രാജ്യങ്ങളിൽ വെള്ളം തണുത്ത് ഐസായി തുടരുമ്പോൾ ലീനതാപം പുറത്തേക്കു വിടും. അപ്പോൾ തണുപ്പു കുറയും. മഴയ്ക്കു പകരം മഞ്ഞു പെയ്യുമ്പോൾ തണുപ്പിന് ആശ്വാസമുണ്ടാകുന്നു.

വായുവിലെ നീരാവിക്ക് ഒരു പരിധിയുണ്ട്. വീണ്ടും കൂടുതൽ നീരാവി വായുവിൽ നിലനിറുത്തണമെങ്കിൽ താപനില ഉയരണം. താപനില കുറഞ്ഞാൽ അന്തരീക്ഷത്തിലെ അധികമുള്ള നീരാവി എവിടെങ്കിലും തണുത്ത പ്രതലത്തിൽ വെള്ളത്തുള്ളികളായി പ്രത്യക്ഷപ്പെടും. മഴക്കാലത്ത് നമ്മുടെ നാട്ടിൽ വായു നിറയെ നീരാവിയാണ്. രാത്രിയാകുമ്പോൾ താപനില കുറയുന്നു. കുറെ നീരാവി വിട്ടുപോകണം. അങ്ങനെയാണ് പറമ്പിലും മറ്റും ചെടികളുടെ ഇലകളിൽ ജലകണികകൾ പ്രത്യക്ഷപ്പെടുന്നത്. മഞ്ഞു പെയ്യുന്ന നാട്ടിലെ നീരാവി മുഴുവൻ മഞ്ഞായി നിലംപതിക്കുകയും വായുവിൽ നീരാവിയില്ലാതാകയും ചെയ്യും. അപ്പോൾ സൂര്യപ്രകാശമില്ലെങ്കിലും തുണി ഉണക്കാനിട്ടാൽ ഉണങ്ങിക്കിട്ടും. നീരാവിയില്ലാത്ത അന്തരീക്ഷത്തിൽ അതിവേഗം നീരാവി വലിച്ചെടുക്കും. മഴക്കാലത്തെ അനുഭവമറിയാമല്ലോ. മഴ കഴിഞ്ഞ് വെയിൽ വന്നാലും തുണി ഉണങ്ങുകയില്ല.

നാം വിയർത്താൽ വസ്ത്രം നനയും. വിശറികൊണ്ടു വീശിയാൽ തണുപ്പു തോന്നുന്നു. ശരീരത്തിൽ നിന്ന് ലീനതാപമെടുത്ത് വിയർപ്പ് സ്ഥലം വിടും.

തിളച്ച വെള്ളത്തിന്റെ മുകളിൽ അതേ താപനിലയിലുള്ള നീരാവിയുണ്ട്. തിളച്ച വെള്ളത്തിൽ തൊട്ടതിന്റെ ഫലമായി പൊള്ളിയ കൈയിൽ നീരാവി തട്ടിയാൽ പൊള്ളൽ കലശലാകും. പൊള്ളൽ കുടുന്നുവീർക്കാൻ കാരണം ലീനതാപമാണ്.

തീ കെടുത്താൻ തിളച്ച വെള്ളമാണ് തണുത്ത വെള്ളത്തേക്കാൾ നല്ലത്. കാരണം, തിളച്ച വെള്ളം പെട്ടെന്ന് ആവിയാകും. ആവശ്യമായ ലീനതാപം തീയിൽ നിന്നെടുക്കുന്നതിനാൽ വേഗം തീയണയുന്നു. തിളപ്പിച്ച വെള്ളം മൺകലത്തിൽ സംഭരിച്ചാൽ തണുത്തുകിട്ടും. വെള്ളം കലത്തിനു വെളിയിൽ കടന്ന് വേഗം നീരാവിയാകും. ആവശ്യമായ ലീനതാപം കലത്തിലെ വെള്ളത്തിൽ നിന്നെടുക്കുന്നതിനാൽ, വെള്ളം തണുക്കുന്നു.

അടച്ച പാത്രത്തിൽ വെള്ളം തിളപ്പിച്ചാൽ മർദ്ദം വർധിക്കും. ഉയർന്ന മർദ്ദത്തിൽ തിളനില ഉയരും. വേഗത്തിൽ പാചകം ചെയ്യാൻ സാധിക്കയും ചെയ്യും. ഇതാണ് പ്രഷർ കുക്കറിലെ പാചകവിദ്യ.

മുട്ട പുഴുങ്ങുമ്പോൾ അതിനകത്തുള്ള വായു പെട്ടെന്നു വികസിച്ച് തോടു പൊട്ടിയൊലിക്കും. ഇതൊഴിവാക്കാൻ, വായു ഉള്ള അഗ്രത്തിൽ ഒരു ചെറുദ്വാരമിടുക. അഥവ, ധാരാളം വെള്ളത്തിൽ ക്രമേണ പുഴുങ്ങുക.

ഭക്ഷ്യവസ്തുക്കൾ കേടുവരാതെ സൂക്ഷിക്കാൻ വെയിലത്തു വച്ച് ഉണക്കിയോ എണ്ണയിൽ വറുത്തോ ജലാംശം നീക്കുക. അണുക്കൾ വലിയ തണുപ്പിലും വലിയ ചൂടിലും നശിച്ചുപോകും. ഇവിടെയാണ് തിളപ്പിച്ചാറിയ വെള്ളത്തിന്റെ പ്രസക്തി. ഭക്ഷണപദാർത്ഥങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ റഫ്രിജറേറ്റർ, മൈക്രോവേവ് ഓവൻ തുടങ്ങിയ ഉപകരണങ്ങളുപയോഗിക്കുന്നു. വൈദ്യുതിയുപയോഗം വീട്ടുജോലികൾ എളുപ്പമാക്കുന്നു. സൂക്ഷിച്ചുപയോഗിച്ചാൽ ഷോക്ക് കിട്ടേണ്ട കാര്യമൊന്നുമില്ല.

ഒരു ദ്രാവകം പാത്രത്തിലെടുത്താൽ ദ്രാവകതലം പരന്നിരിക്കും. പാത്രം ചരിച്ചാലും പ്രതലം തിരച്ഛീനമായിത്തന്നെയിരിക്കും. തമ്മിൽ കുറച്ചകലമുള്ള രണ്ടു ബിന്ദുക്കൾ തിരച്ഛീനമാണോയെന്നറിയാൻ ഒരു റബർ കുഴലിൽ വെള്ളമൊഴിച്ച് അഗ്രങ്ങളിലെ ജലനിരപ്പ് ബിന്ദുക്കളുടെ സ്ഥാനത്ത് നിൽക്കുന്നുവോയെന്ന് നോക്കിയാൽ മതിയാകും.

ഒരു പാത്രത്തിലെടുത്ത ദ്രാവകം അതിർത്തിയിൽ പാത്രത്തോടു പറ്റിപ്പിടിച്ച് അൽപം മേലോട്ടുയർന്നിരിക്കും. ഉപരിതലത്തിലുള്ള തന്മാത്രകൾക്ക് ഒരു വശത്തു മാത്രമേ ദ്രാവകതന്മാത്രകളുള്ളൂ. അവ തമ്മിലുള്ള ആകർഷണം പ്രതലം തിരച്ഛീനമാക്കുന്നു. പാത്രത്തിന്റെ അരികിൽ വരുമ്പോൾ ആ ഭാഗത്തെ തന്മാത്രകൾക്ക് പാത്രത്തിന്റെ തന്മാത്രകളുമായി ബന്ധമുണ്ട്. ഈ ആകർഷണം നിമിത്തമാണ് ചുറ്റും മേലോട്ട് അൽപമുയർന്നിരിക്കുന്നത്.

വീണുകൊണ്ടിരിക്കുന്ന മഴത്തുള്ളികൾക്ക് ഗോളാകൃതി വരാനുള്ള കാരണം പറയാം. ഗുരുത്വാകർഷണബലം മുഴുവനായി വീഴ്ചയ്ക്കുപയോഗിക്കുന്നു. തന്മാത്രകളുടെ ഉള്ളിലേക്ക് ആകർഷണബലം മാത്രമേ അപ്പോഴുള്ളൂ. ഈ ബലം ഉപരിതല വിസ്തീർണം കുറയ്ക്കുന്നു. ഏറ്റവും കുറഞ്ഞ വിസ്തീർണം ഗോളത്തിനാണ്. തുള്ളികൾ നിലത്തു പതിച്ചാൽ, പ്രതലത്തിലെ തന്മാത്രകളുമായുള്ള ആകർഷണം മൂലവും ഭാരം നിമിത്തവും പരന്ന് അരികെല്ലാം പ്രതലത്തിൽ കൂടി ആകർഷിക്കപ്പെടുന്നു.

മണ്ണെണ്ണ വിളക്ക് തിരിയിട്ടു കത്തിക്കുമ്പോൾ മണ്ണെണ്ണ നിരപ്പ് താഴെയാണ്. പക്ഷേ, മണ്ണെണ്ണയുടെ തന്മാത്രകൾ തമ്മിലുള്ള ആകർഷണത്തേക്കാൾ കൂടുതലാണ് അവയും തിരിയുടെ തന്മാത്രകളും തമ്മിലുള്ള ആകർഷണം. തന്നിമിത്തം മണ്ണെണ്ണ തിരിയിൽ പിടിച്ചു കയറും. വിളക്ക് കത്തിക്കുകയും ചെയ്യാം.

മിക്ക വസ്തുക്കളും വെള്ളത്തിൽ അലിയും. അപ്പോൾ വെള്ളത്തിന്റെ പ്രതലബലത്തിനു വ്യത്യാസമുണ്ടാകും. വെള്ളത്തിൽ സോപ്പു കലക്കിയാൽ പ്രതലബലം കുറയും. വസ്ത്രങ്ങൾ അലക്കുമ്പോൾ സോപ്പുവെള്ളം തുണിയിലെ അഴുക്കിൽ കയറി അതിനെ ഇളക്കിവിടുന്നതിനാൽ വസ്ത്രം വൃത്തിയാകുന്നു.

ചുരുക്കത്തിൽ, പ്രതലബലം, ലീനതാപം, വായുമർദ്ദം, താപനില എന്നിങ്ങനെയുള്ള സവിശേഷസ്വഭാവങ്ങൾ ദൈനംദിനജീവിതത്തിൽ നമുക്കു സൗകര്യപ്പെടുത്തി ഉപയോഗിക്കുവാൻ സാധിക്കുന്നു. ●

[illegible]

സദ്ദാമിനെ എല്ലാവരും ഏകാധിപതിയാക്കാനാണ് ശ്രമിക്കുന്നന്നത്. പക്ഷേ, അമേരിക്കയുടെയും കൂട്ടരുടെയും ഏതു നേതാവാണ് 99.9 ശതമാനം വോട്ടു നേടി ജയിച്ചിട്ടുള്ളത്. അമേരിക്ക പിന്തുണയ്ക്കുന്ന പലരും പേരിനുപോലും ജനപിന്തുണയില്ലാതെയാണ് ഭരണം നടത്തുന്നത്. ഹോസ്നി മുബാറക്കിനെക്കുറിച്ച് ഇവരെന്താണ് ഒന്നും മിണ്ടാത്തത്. അല്ലെങ്കിൽ ജനാധിപത്യമെന്ന വാക്കുപോലും ഉച്ചരിക്കാൻ കഴിയാത്ത സൗദിയെക്കുറിച്ച്...

ഇനി മറ്റൊരു ആരോപണം സദ്ദാം കുർദ്ദുകളെ പീഡിപ്പിക്കുന്നുവെന്നാണ്. ഇറാഖിൽ മാത്രം മൂന്നുലക്ഷം കുർദ്ദുകളുണ്ട്. തുർക്കിയിൽ ആറു ലക്ഷം കുർദ്ദുകളാണുള്ളത്. എന്നാൽ ലോകത്തിൽ ഇറാഖു മാത്രമാണ് കുർദ്ദുകൾക്ക് സ്വയംഭരണം നൽകിയിട്ടുള്ളത്. ഇറാഖ് കുർദ്ദുകൾക്കും അറബികൾക്കും വേണ്ടിയാണെന്നത് ഭരണഘടനയിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുർക്കിയിൽ കുർദ്ദുകൾക്ക് മിണ്ടാൻ പോലും അനുവാദമില്ല.

***? അങ്ങു പറയുന്ന സദ്ദാമും ഞങ്ങൾ അറിയുന്ന സദ്ദാമും തമ്മിൽ ഇപ്പോൾ വളരെ വ്യത്യാസമുണ്ടല്ലോ***

ഇറാഖ് യു. എൻ. നിരീക്ഷകർക്ക് വാതിൽ തുറന്നിട്ടു കൊടുത്തിരുന്നല്ലോ. എന്തെങ്കിലും കണ്ടെത്താനായോ? എന്നാൽ വടക്കൻ കൊറിയ ഔദ്യോഗികമായിത്തന്നെ പറഞ്ഞു, തങ്ങൾ അണുബോംബുണ്ടാക്കുകയാണെന്ന്. യു. എൻ. ഒന്നും അവിടെ ചെയ്തില്ല. ഇറാനിലും തുർക്കിയിലും ഇതെല്ലാമുണ്ട്. പിന്നെ ഈ നിയമം എന്തിന് ഇറാഖിനുവേണ്ടി മാത്രം? ഉത്തരം വ്യക്തമാണ്–ഇവിടെ എണ്ണയുണ്ട്, കൊറിയയിൽ പോയാൽ ഒന്നും കിട്ടില്ല. സമ്പത്തിലും സംസ്കാരത്തിലും ഞങ്ങൾ മറ്റുള്ളവരേക്കാൾ മുന്നിലാണ്. അച്ചടി കണ്ടുപിടിച്ചതു ഞങ്ങളാണ്. ബൈബിളിൽ പറയുന്ന നിനവെയും ബാബിലോണും ഇവിടെയാണ്. യഹസ്ക്കേൽ പ്രവാചകന്റെ ശവകുടീരവും ഇവിടെത്തന്നെയാണ്. കഴിഞ്ഞ പന്ത്രണ്ടു വർഷമായി ഞങ്ങൾ കടുത്ത യാതനയിലൂടെയാണ് കടന്നുപോകുന്നത്. ഉപരോധംമൂലം ഒരു ദശലക്ഷം ആളുകളാണ് ഭക്ഷണവും മരുന്നും കിട്ടാതെ മരണമടഞ്ഞത്. ഇതിന്റെ ഒരു ശതമാനമെങ്കിലും നായ്ക്കൾ യൂറോപ്പിൽ ചത്തിരുന്നെങ്കിൽ അതു ലോകവിപ്ലവത്തിനു കാരണമായേനെ. ജന്മനാ അന്ധനായ മനുഷ്യൻ കർത്താവിന്റെ അടുത്തു വന്നപ്പോൾ ശിഷ്യന്മാർ ചോദിക്കുന്നുണ്ട്, ഇവൻ അന്ധനായത് ആരുടെ കുഴപ്പംകൊണ്ടാണ്–ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ? കർത്താവ് ഉത്തരമൊന്നും പറയാതെ ആദ്യം അവനെ സൗഖ്യമാക്കുകയാണു ചെയ്യുന്നത്. ആദ്യം ഞങ്ങളുടെ വിശപ്പു മാറ്റൂ. എന്നിട്ട് നമുക്കു ബാക്കി കാര്യങ്ങൾ ചർച്ചചെയ്യാം. മനുഷ്യാവകാശത്തെക്കുറിച്ചെല്ലാവരും പറയും. പക്ഷേ, ജീവിക്കാനവകാശമില്ലാതെ മരിച്ച ഇവരെക്കുറിച്ച് പറയാൻ ആരുമില്ല. എല്ലാം യു. എന്നിന്റെ സുരക്ഷാ കൗൺസിലിന്റെ കൈവഴി വന്നതാണ്. അതിനെ സുരക്ഷാ കൗൺസിൽ എന്നല്ല യുദ്ധ കൗൺസിൽ എന്നാണു വിളിക്കേണ്ടത്.

***? അന്താരാഷ്ട്ര ഭീകരപ്രവർത്തനങ്ങൾക്ക് കൂട്ടു നിൽക്കുന്ന ഒരാളായിട്ടാണല്ലോ സദ്ദാമിനെക്കുറിച്ചു പറയുന്നത്***

സെപ്റ്റംബർ 11-ലെ ഭീകരാക്രമണത്തിനു പോയവരെല്ലാം തന്നെ സൗദിയിൽനിന്നും കുവൈറ്റിൽ നിന്നുമുള്ളവരാണ്. ഒരൊറ്റ ഇറാഖിപോലും അക്കൂട്ടത്തിലുണ്ടായിരുന്നില്ല. സദ്ദാംപോലും ബിൻലാദന്റെ ഹിറ്റ് ലിസ്റ്റിലുണ്ട്. കാരണം, വളരെ സമ്പത്തേറിയ ഒരു രാജ്യത്തിന്റെ നേതാവാണെങ്കിലും അയാൾ പറയുന്ന മതഭീകരതയ്ക്ക് കൂട്ടുനിൽക്കാത്തതുകൊണ്ട്.

***? അങ്ങേയ്ക്ക് എന്താണ് പടിഞ്ഞാറിനോടു പറയാനുള്ളത്***

മനുഷ്യാവകാശങ്ങൾ എവിടെയും പവിത്രമായി പാലിക്കപ്പെടേണ്ടതാണെന്ന് അവർ മനസ്സിലാക്കണം. രോഗത്തിനും വിശപ്പിനുമെതിരെയുള്ള പോരാട്ടം നിങ്ങൾ കാണണം. എല്ലാ വൈകുന്നേരങ്ങളിലും എന്റെ ദേവാലയത്തിൽ ജനങ്ങൾ നിറയുകയാണ്. ദുഃഖം ഘനീഭവിച്ച മുഖങ്ങൾ. എന്തുമാത്രം ദുരിതമാണ് ഈ പാവങ്ങളനുഭവിക്കുന്നത്. ഓരോ കുടുംബത്തിലും ഞാൻ കടന്നുചെല്ലുമ്പോൾ അപ്പൻ മരിച്ച കുട്ടികളുടെ, എല്ലാം നഷ്ടപ്പെട്ട അമ്മമാരുടെ മുറവിളി. എന്തിനു വിശദീകരണം.

*കടപ്പാട് : 'ഐക്യദീപം*

**GERIATRIC NURSING COURSE**

**MANGANAM, KOTTAYAM**

Duration: 3 months [illegible] and 3 months' practical training with stipend.

Accommodation: Free. Course fee: Nil

Young girls above [illegible] years or widows without encumbrance, with aptitude for service can Apply to:

The Secretary, Mandiram Society, Manganam P. O., Kottayam-18.

# ക്രിസോസ്റ്റം തിരുമേനിയോടൊപ്പം



തിരുമേനി മെത്രാൻസ്ഥാനമേറ്റശേഷം കോഴഞ്ചേരി വലിയപള്ളിയിൽ ഒരു സണ്ടേസ്കൂൾ സമ്മേളനത്തിൽ പ്രസംഗിച്ചതാണ് എന്റെ ആദ്യസ്മരണ. തിരുമേനി പ്രസംഗിക്കുവാനൊരുങ്ങുമ്പോൾ വികാരി കുറുന്തോട്ടിയ്ക്കലച്ചൻ നിർദ്ദേശിച്ചു തിരുമേനി പുൾപ്പിറ്റിൽ കയറിനിന്ന് പ്രസംഗിക്കണമെന്ന്. ആദ്യമൊന്ന് ശങ്കിച്ചുവെങ്കിലും നിർദ്ദേശമനുസരിച്ച തിരുമേനി ഇപ്രകാരം പ്രസംഗമാരംഭിച്ചു:- "ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഒരു ബിഷപ്പ് അദ്ദേഹത്തിന്റെ സഭാശുശ്രൂഷയുടെ വിജയരഹസ്യമെന്തെന്ന് എന്നോടു പറഞ്ഞു-പ്രായമുള്ള വികാരിമാർ പറയുന്നത് അനുസരിക്കുക!" താഴെയിരിക്കുന്ന സണ്ടേസ്കൂൾ കുട്ടികളോടൊപ്പം നിന്ന് സംസാരിക്കണമെന്നാണ് ഞാനാഗ്രഹിച്ചത്. മാത്രമല്ല, ആരാധനാമദ്ധ്യേയുള്ള വചനശുശ്രൂഷ അല്ലല്ലോ. ഇതൊരു സാധാരണ പ്രസംഗമായതുകൊണ്ട് പുൾപ്പിറ്റിൽ കയറേണ്ട ആവശ്യമില്ലെന്നു വിചാരിച്ചു. എന്നാൽ ബഹു. വികാരിയച്ചൻ പറയുന്നത് അനുസരിക്കുകയാണ് ഭാവിക്കു നല്ലതെന്ന് കരുതിയാണ് നിങ്ങളുടെ തലയ്ക്കുമീതെ ഉയർന്നുനിൽക്കുന്ന പുൾപ്പിറ്റിൽ ഞാൻ കയറിനിൽക്കുന്നത്." ഇങ്ങനെ ഫലിതം പകർന്നുകൊണ്ട് തിരുമേനി കുപ്പായത്തിന്റെ പോക്കറ്റിൽ കൈയിട്ട് ഒരു ഓറഞ്ചെടുത്ത് ഉയർത്തിപ്പിടിച്ചു തുടർന്നു:- ഇന്നത്തെ എന്റെ പ്രസംഗവിഷയമാണ് എന്റെ കൈയിലിരിക്കുന്നത്-കാഴ്ചയ്ക്കു മനോഹരം! നല്ല മണം!! സ്പർശിച്ചാൽ നല്ല മയം!, പുറംതൊലിയാൽ ഭദ്രമായി പൊതിയപ്പെട്ടിരിക്കുന്ന അല്ലികൾ ഉള്ളിൽ എത്ര മമതയോടുകൂടി സംയോജിച്ചിരിക്കുന്നു! രുചിച്ചു നോക്കിയാലെത്ര മധുരം! *നമ്മളും ഈ ഓറഞ്ചിനെപ്പോലെയായിത്തീരണം. ഈ ഓറഞ്ചിന്റെ അതേ സ്വഭാവവിശേഷങ്ങൾ നമുക്കുമുണ്ടായിരിക്കണം. "മനോഹാരിത, മയം, മണം, മമത, മാധുര്യം".* ഞാൻ വിചാരിച്ചു, ഈ പ്രസംഗം ശ്രവിച്ചവരാരെങ്കിലും ഈ 'ഓറഞ്ച് ബിഷപ്പി'നെ മറക്കുമോയെന്ന്! അന്ന് കോളജ് വിദ്യാർത്ഥിയായിരുന്ന എന്നെ സഭാശുശ്രൂഷയിലേക്കാകർഷിച്ച ഘടകങ്ങളിലൊന്ന് ഈ 'ഓറഞ്ച്' ആയിരുന്നുവെന്നു കരുതുന്നതിൽ തെറ്റില്ല.

■ ■

ഒരിക്കൽ തിരുമേനി ചില അച്ചന്മാരെ കൂട്ടി മല്ലപ്പള്ളി വഴി ഒരു ഉൾനാടൻ പ്രദേശത്ത് ഒരു പരിപാടിക്കു പോവുകയായിരുന്നു പൈലറ്റ് ജീപ്പ് മുൻപിലും, തിരുമേനിയുടെ കാറിൽ ഞങ്ങൾ പിന്നിലുമായി യാത്ര തുടർന്നു. അക്കാലത്ത് ഉൾനാടൻ വഴികളധികവും ടാറോ മെറ്റിലോ ഇട്ടുറപ്പിച്ചവയല്ലായിരുന്നു. കുണ്ടും കുഴിയും പൊടിപടലങ്ങളും ജീപ്പു മറച്ചിരുന്നതിനാൽ ജീപ്പിന്റെ പിന്നിലെ പൊടിപടലങ്ങൾ നോക്കി ആ ദിശയിലേക്കു കാറോടിച്ചു. ഗതാഗതത്തിരക്കുള്ള ഒരു നാൽക്കവലയിലെത്തിയപ്പോൾ നാലുവഴികളും പൊടിപടലങ്ങളാൽ മൂടപ്പെട്ടിരുന്നു. ഏതു വഴിയ്ക്കാണ് യാത്ര തുടരേണ്ടതെന്നറിയാതെ ഡ്രൈവർ കാർ നിർത്തി. അപ്പോൾ തിരുമേനി പറയുകയാണ് : **"ഇങ്ങനെയാണ് പലരുടെയും ക്രിസ്തീയ ജീവിതം; ആദ്യം യേശുവിനെ അനുഗമിച്ച് ജീവിതയാത്രയാരംഭിക്കും; ക്രമേണ, യേശുവിനെ മറയ്ക്കുന്ന പൊടിപടലങ്ങൾ നോക്കി യാത്ര തുടരും. പിന്നീട് വഴിയേതെന്നു നിശ്ചയമില്ലാതെ പൊടിപടലങ്ങളിൽ കുടുങ്ങി ജീവിതം നിലയ്ക്കും!"**

■ ■


ഒരിക്കൽ, ഒരു സുപ്രസിദ്ധ സ്കൂളിലെ ബൈബിൾ സണ്ടേ പരിപാടികൾക്കായി തിരുമേനി പോയി. ചാപ്ലേനായിട്ട് എന്നെയും കൊണ്ടുപോയി. വിശാലമായ ഓഡിറ്റോറിയത്തിൽ സ്കൂൾ കുട്ടികളും അദ്ധ്യാപകരുമെല്ലാം തിങ്ങിക്കൂടിയിരുന്നു. പ്രസംഗിക്കുവാൻ എഴുന്നേറ്റു നിന്ന തിരുമേനി പ്രാരംഭമായി ഒരു ചോദ്യം ചോദിച്ചു : "പതിവായി പുസ്തകം വായിക്കുന്ന എത്രപേർ ഇവിടെയുണ്ട്? കൈയുയർത്തുക. തിരുമേനി തുടർന്നു: "എനിക്ക് നിങ്ങളോട് ഇന്ന് പറയുവാനുള്ളത്, ഇനിമേലാൽ നിങ്ങൾ വേദപുസ്തകം വായിക്കരുത്; മനോരമ പതിവായി വായിച്ചുകൊള്ളണം; ഷേക്സ്പിയർ മുതലായ പുസ്തകങ്ങളും വായിക്കണം." ഇതു പറഞ്ഞിട്ട് തിരുമേനി അൽപ്പസമയം ഒന്നും പറയാതെ ശ്രോതാക്കളെയൊന്നു നോക്കി. പലരും അത്ഭുതസ്തബ്ധരായിരിക്കുന്നതു കാണാമായിരുന്നു. പിറ്റേ ദിവസം പതിവുപോലെ തിരുമേനിയെ കണ്ട് കൈമുത്തുന്നതിനായി അരമനയിൽ കയറി. തിരുമേനി ഒരു പുതിയ പുസ്തകമെടുത്ത് എന്നെ കാണിച്ചുകൊണ്ടു പറഞ്ഞു:- "അച്ചാ! ഇന്നലത്തെ പ്രസംഗത്തിന് സമ്മാനം കിട്ടിയതാണീ പുസ്തകം. ഹെഡ്മിസ്ട്രസ്സും രണ്ട് അദ്ധ്യാപികമാരും കൂടി ഇവിടെ വന്ന് എന്നെ കണ്ട് ഇതു സമ്മാനിച്ചിട്ട് തിരുമേനി ഈ പുസ്തകം നല്ലതുപോലെ വായിച്ചു മനസ്സിലാക്കണമെന്നത് ഞങ്ങളുടെ അഭ്യർത്ഥനയാണെന്ന് പറഞ്ഞിട്ടുപോയി!" ഞാൻ തിരുമേനിയോടു പുസ്തകം വാങ്ങി മറിച്ചുനോക്കിയപ്പോൾ അതിന്റെ ഉള്ളടക്കം മനസ്സിലായി. വേദപുസ്തകം വായിക്കുന്നതുകൊണ്ടുള്ള പ്രയോജനം, അത് വായിച്ച് രക്ഷയുടെ അനുഭവത്തിലേക്കു വന്നിട്ടുള്ള ആളുകളുടെ ഉദാഹരണങ്ങൾ, വേദപുസ്തകവായന ദൈനംദിനശീലമാക്കണമെന്നുള്ള പ്രബോധനം മുതലായവയായിരുന്നു ഉള്ളടക്കം. ഞാൻ ചിരിച്ചുകൊണ്ട് പ്രതികരിച്ചു : "തിരുമേനിയുടെ മുഖവുര കേട്ടപ്പോഴേ ഞാൻ പ്രതീക്ഷിച്ചതുതന്നെ സംഭവിച്ചു!" ***മനോരമയും ഷേക്സ്പിയറും വായിച്ചുവിടുന്നതുപോലെയല്ല, വേദപുസ്തകം വായിക്കുകയും ധ്യാനിക്കുകയും പഠിക്കുകയും, അതിലെ ഉപദേശങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യണമെന്നുള്ള ആശയമാണ് തിരുമേനി സമർത്ഥിച്ചത്.*** പക്ഷേ മുഖവുര തെറ്റിധരിച്ചവർ പ്രസംഗത്തിന്റെ ബാക്കി മനസ്സിലാക്കിക്കാണുകയില്ല! തിരുമേനി പ്രതിവചിച്ചു: "എങ്കിലും കർത്താവായ യേശുക്രിസ്തുവിന് പറ്റിയ അത്രയും അബദ്ധം എനിക്ക് പറ്റിയില്ലല്ലോ!"

■ ■

ബാഹ്യകേരളത്തിലെ ഒരു ഇടവകയിലെ പ്രശ്നം തിരുമേനി തീർത്ത അതിരസാവഹമായ കഥ ഓർമയിൽ വരുന്നു. ഇടവകയോഗത്തിലെ ചൂടുപിടിച്ച വാദപ്രതിവാദത്തിനിടയിൽ ശിക്ഷണം പാലിക്കുവാൻ അദ്ധ്യക്ഷനായ വികാരിയച്ചൻ ശ്രമിക്കവേ നിയന്ത്രണം വിട്ട് പെരുമാറിയ ഒരംഗത്തോട് അച്ചൻ ആജ്ഞാപിച്ചു: 'ചെറുപ്പക്കാരൻ അവിടെ ഇരിക്കൂ.' അയാൾ അനുസരിച്ചില്ല. അപ്പോൾ അച്ചൻ വീണ്ടും പറഞ്ഞു: "അവിടെ ഇരിക്കെടോ; തന്റെ അപ്പനെ എനിക്കറിയാം, കേട്ടോ!" അച്ചന്റെ ഈ പ്രസ്താവനയെപ്പറ്റി ക്രിസോസ്റ്റം തിരുമേനിക്ക് പരാതി പോയി, അച്ചൻ അസഭ്യം പറഞ്ഞുവെന്നായിരുന്നു കേസ്. തിരുമേനി ആ ഇടവക സന്ദർശിച്ച് പ്രശ്നപരിഹാരത്തിനായി ഇടവകയോഗം വിളിച്ചുകൂട്ടി, "അച്ചൻ ഈ മെമ്പറോട് യോഗത്തിൽവച്ച് അസഭ്യം പറഞ്ഞതായി കേട്ടവർ വല്ലവരും ഇവിടെയുണ്ടോ" എന്ന്

# സാർസും ജന്തുജന്യരോഗങ്ങളും

ഡോ. ജോൺ കുരുവിള



**21**-ാം നൂറ്റാണ്ട് ലോകത്തിൽ പല അജ്ഞാതരോഗങ്ങളുമായാണ് രംഗപ്രവേശം ചെയ്തത്. മൃഗങ്ങളിൽ നിന്നുമായിരുന്നു ഇത്തരം പല രോഗങ്ങളുടെയും തുടക്കം. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കു പകരുന്ന രോഗങ്ങളെ ജന്തുജന്യരോഗങ്ങളെന്നു വിളിക്കുന്നു. 1958-ൽ ബ്രിട്ടനിലെ ഫാമുകളിൽ പടർന്നു പിടിച്ച ബൊവൈൻ സ്പോൻജിഫോം എൻസഫലേപ്പതി എന്ന രോഗത്തിന്റെ അണുക്കൾ മനുഷ്യരിലുണ്ടാക്കിയ ഭ്രാന്തിപ്പശുരോഗം ഇതിനൊരുദാഹരണമാണ്. ബ്രിട്ടനിൽ വലിയ സാമ്പത്തികനാശവും ഭീതിയും സാമൂഹികപ്രശ്നങ്ങളും ഈ രോഗമുണ്ടാക്കി. രോഗം വന്ന പശുക്കളുടെ മാംസവും മാംസോൽപ്പന്നങ്ങളും കഴിച്ചവർക്കാണ് രോഗം പിടിപെട്ടത്. രോഗനിർമാർജ്ജനത്തിനുവേണ്ടി ലക്ഷക്കണക്കിനു കന്നുകാലികളെയാണ് ബ്രിട്ടനിൽ കൊന്നൊടുക്കിയത്. അതുപോലെ കുറെ വർഷങ്ങൾക്കുമുമ്പ് ലോകമാകെ പടർന്നു പിടിച്ച ഇൻഫ്ളൂവൻസയുടെ തുടക്കം പക്ഷിവർഗത്തിലെ ഒരു വൈറസിൽ നിന്നുമായിരുന്നു. പന്നിയിൽ നിന്ന് മലേഷ്യയിൽ 1997-ലുണ്ടായ വൈറൽ എൻസഫലൈറ്റിസാണ് മറ്റൊരുദാഹരണം. ജന്തുജന്യരോഗങ്ങളുടെ പട്ടികയിൽ അവസാനം സ്ഥാനം പിടിച്ചിരിക്കുന്ന രോഗമാണ്, ഇന്ന് ലോകത്തെയാകെ വിറളി പിടിപ്പിച്ചിരിക്കുന്ന സാർസ്. പന്നികളിലും കോഴികളിലും കണ്ടുവരുന്ന 'കൊറോണ' വൈറസിന്റെ ഒരു വകഭേദമാണ് സാർസ് വൈറസ് എന്നാണഭ്യൂഹം.

കേരളവും കുറെ നാളായി ജന്തുജന്യരോഗങ്ങളുടെ കലവറയായിത്തീർന്നിരിക്കുന്നു. ആന്ത്രാക്സ്, എലിപ്പനി, പേവിഷബാധ എന്നിവ കേരളത്തിന്റെ പല ഭാഗങ്ങളിലും പടർന്നുപിടിച്ചു കൊണ്ടിരിക്കുന്നു. ഈ നില തുടർന്നാൽ ക്ഷയം, പ്ലേഗ്, തുടങ്ങിയ മറ്റു ജന്തുജന്യരോഗങ്ങളും ആസന്നഭാവിയിൽ കേരളത്തിന്റെ ആരോഗ്യരംഗം വഷളാക്കും. മാംസം അനുയോജ്യമായ രീതിയിൽ സംസ്കരണം നടത്തുന്നതിൽ പാകപ്പിഴകൾ സംഭവിക്കുന്നതിനെത്തുടർന്നാണ് നിലവിലുള്ള രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്. അതുപോലെ തന്നെ, മനുഷ്യന്റെ പ്രവർത്തനങ്ങൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ തകിടം മറിച്ചപ്പോൾ അത് മൃഗങ്ങളിലും മനുഷ്യരിലുമുണ്ടായിരുന്ന രോഗാണുക്കളുടെ ജനിതകപരിവർത്തനത്തിനിടയാക്കിയതായിരിക്കാം, പുതിയ പല അജ്ഞാതരോഗങ്ങളുടെയും ആവിർഭാവത്തിനു കാരണം. ഏതു മൃഗത്തിന്റെ ഇറച്ചിയായാലും ശരി, ചൂടാക്കി ഭക്ഷിച്ചാൽ അപകടമില്ലെന്നൊരു ധാരണ ഇന്നു നമ്മുടെ നാട്ടിൽ അഭ്യസ്തവിദ്യരുടെയിടയിൽപ്പോലുമുണ്ട്. എന്നാൽ ആന്ത്രാക്സ് പോലുള്ള രോഗങ്ങളുടെ അണുക്കൾ കൂടിയ താപനിലയിലും നശിക്കുന്നില്ലെന്നോർക്കണം. വഴിയോരത്തിൽ പൊട്ടിപ്പൊളിഞ്ഞ ഒരു ഓല ഷെഡ്, അതിനുള്ളിൽ വൃത്തികെട്ട തടിമേശകൾ, മുനിസിപ്പാലിറ്റി സീലടിക്കാതെ കുറെ മാംസപിണ്ഡങ്ങൾ, മുഷിഞ്ഞ കൈലിയുടുത്ത ജോലിക്കാർ, വലിയ കുട്ടകവും അവയ്ക്കു ചുറ്റും കാക്കകളും വ[...]ത്തപ്പട്ടികളും; പിന്നെ, കടയ്ക്കുമുമ്പിൽ ഇറച്ചിക്കുവേണ്ടി ക്യൂ നിൽക്കുന്ന 'ശുചിത്വബോധ'മുള്ള മലയാളികൾ! ഇതു നമ്മുടെ നാട്ടിൻപുറത്തെയും നഗരങ്ങളിലെയും സ്ഥിരം കാഴ്ചകളാണ്. നമ്മുടെ തട്ടുകടസംസ്കാരവും ആരോഗ്യരംഗം വഷളാക്കാൻ സഹായിക്കുന്നു. വൃത്തികെട്ട അന്തരീക്ഷത്തിൽ നടത്തുന്ന തട്ടുകടകളെ ജനങ്ങൾ ആശ്രയിക്കുന്നത് രോഗങ്ങൾ പടർന്നു പിടിക്കാൻ ഇടയാക്കുന്നു. മാംസം ശരിയായി വേവിക്കാത്തതും ഒ[...]ക്കലുപയോഗിച്ച എണ്ണ വീണ്ടും വീണ്ടും ഉപയോഗിക്കുന്നതും രോഗം പക[...]രുന്നതിനുള്ള സാദ്ധ്യത കൂട്ടുന്നു. തട്ടുകടകൾ പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്നതുകൂടാതെ പരിസരജന്യരോഗങ്ങളും[...]ണ്ടാക്കുന്നു. തട്ടുകടകളിലെ അവശിഷ്ടങ്ങൾ തിന്നുവളരുന്ന എലികളും തെരുവുനായ്ക്കളും എലിപ്പനിയും പേവിഷബാധയും പരത്തുന്നു.

രോഗപ്രതിരോധത്തിനുള്ള കരുതൽ നടപടികൾക്ക് പ്രാധാന്യം കൊടുത്ത് പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ പ്രവർത്തിക്കയാണിന്നത്തെ ആവശ്യം. കശാപ്പു ചെയ്യുന്ന മൃഗങ്ങളുടെ ആരോഗ്യപരിശോധനയിൽ നിയമങ്ങൾ കർക്കശമാക്കണം. ഭക്ഷ്യയോഗ്യമായ മാംസോൽപ്പാദനത്തിന് ശുചിത്വമുള്ള അറവുശാലകളും കോൾഡ്സ്റ്റോറേജുകളും സ്ഥാപിക്കണം. മേൽപ്പറഞ്ഞ കാര്യങ്ങളിൽ വേണ്ട നടപടി എടുക്കാത്ത കാലത്തോളം 'എന്തും തിന്നുന്ന' കേരളീയർ സാർസ് പോലുള്ള പുതിയ രോഗങ്ങളേയും മറ്റു ജന്തുജന്യരോഗങ്ങളെയും ഇനിയും സുക്ഷിക്കേണ്ടി വരും.

*(മസ്കറ്റ് മുനിസിപ്പാലിറ്റിയിലെ മു[...] വെറ്ററിനറി ഹെൽത്ത് ഓഫീസറാണ് ലേഖക[ൻ])*

---

ചോദിച്ചു: "അച്ചൻ അയാളുടെ അപ്പനെ വിളിക്കുന്നതു ഞങ്ങൾ കേട്ടു" എന്ന് ഒരാൾ പറഞ്ഞു. തിരുമേനി അച്ചന്റെ നേർക്കു തിരിഞ്ഞു, "ശരിയാണോ അച്ചോ!" എന്ന് ചോദിച്ചു. അപ്പോൾ അച്ചൻ എഴുന്നേറ്റു പറഞ്ഞു: ***"ഞാൻ അസഭ്യമൊന്നും പറഞ്ഞില്ല തിരുമേനീ, ഒരു പരമാർത്ഥം പറഞ്ഞതേയുള്ളൂ. ആ ചെറുപ്പക്കാരന്റെ അപ്പനെ എനിക്ക് നല്ലവണ്ണമറിയാം! അല്ല! തിരുമേനിയുടെ അപ്പനെയും എനിക്ക് അറിയാമല്ലോ!"*** തിരുമേനി ചിരിച്ചുകൊണ്ട് പറഞ്ഞു: "പരമാർത്ഥമാണല്ലോ അച്ചൻ പറഞ്ഞത്!" എല്ലാവരുംകൂടെ ചിരിച്ചു. കേസും തീർന്നു. ഇതു തിരുമേനി നേരത്തേ അച്ചനു വച്ചുകൊടുത്ത 'നമ്പർ' ആയിരുന്നുവെന്ന് ഊഹിക്കാമല്ലോ!

■ ■

ഒരിക്കൽ ഒരു പള്ളിയിൽ തിരുമേനി വിശുദ്ധ കുർബാന അനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾ മദ്ബഹയിൽ ഒരു വല്യച്ചനാണ് അംശവടി പിടിച്ചിരുന്നത്. കുർബാനമദ്ധ്യേ അച്ചന്റെ കൈയിൽ നിന്ന് അംശവടി താഴെ വീണു ശബ്ദമുണ്ടായി. എല്ലാവരും അവിടേക്കു നോക്കി. തിരുമേനിയും തിരിഞ്ഞുനോക്കി. അച്ചൻ വിഷണ്ണനായി. എങ്കിലും കുനിഞ്ഞ് വടിയെടുത്ത് ഉയർത്തിപ്പിടിച്ച് ശുശ്രൂഷയിൽ തുടർന്നു സംബന്ധിച്ചു. ആശീർവാദം കഴിഞ്ഞ് തിരശ്ശീലയിട്ടപ്പോൾ അച്ചൻ തിരുമേനിയുടെ അടുത്തു ചെന്ന് കൈമുത്തിയിട്ട് ക്ഷമ ചോദിച്ചു, "വടി താഴെ വീണപ്പോൾ തിരുമേനി തിരിഞ്ഞു നോക്കുന്നതു കണ്ട് ഞാൻ പേടിച്ചുപോയി." അപ്പോൾ തിരുമേനി പറഞ്ഞു, "വടി താഴെ വീണതിനല്ല ഞാൻ നോക്കിയത്, അച്ചൻ താഴെപ്പോയോ എന്നായിരുന്നു എന്റെ ഭയം!".

*റവ. ഡോ. വി. ഇ. വർഗീസ്,*
*തിരുവനന്തപുരം*

# Pen from Den

## DANIEL BABU PAUL



The church in India saw two bishops crossing the golden jubilee recently. They followed the tradition of the late Mar Clemis who had "performed this feat" in 2001. None of these three desired any celebration *per se* but the followers wanted to celebrate the special blessings they had received in having as their shepherds three distinguished prelates for such an unusually long period.

I was "debarred" from being present at Chingavanam. God has often showed me His disapproval of my actions *ex post facto.* I had gone out of my way to get a Metropolitan to authorize a wedding of two Roman Catholics in a Syrian Orthodox church; years later the bride's mother, the bridegroom and the Metropolitan became hostile to me; I was surprised, shocked, frustrated and angry until one morning in the St. Joseph's Cathedral in Trivandrum, where I am a daily communicant, God sopke to me, like the Crucifix in Don Camillo's chapel when he said, "Son, why did you arrange that marriage fraudulently? You knew they would go back to the Roman church and their coming to your church was only a matter of convenience. Whom did you think you were trying to outsmart? Me? Now don't be angry with them. Forgive them as I have forgiven you for this tamasha of yours." I was therefore neither surprised nor disappointed by the boycott at Chingavanam. The other two had to involve members of their own churches and while there was no bar as such I had no occasion to join. However I had the honour to be invited to write on Mar Chrysostom.

There is no point in congratulating the jubilarians. They had nothing to do with either their consecration at a young age or their long life. ***When Cardinal Padiyara was consecrated bishop at the age of 30 or thereabout, somebody commented in the speech of felicitation that the only defect of the new bishop was that he was too young. In his response the Cardinal said he was sure that defect would get corrected day by day until somebody would say that the only defect was that the bishop was too old!***


While there is no point in congratulating the jubilarians there is certainly a valid point in the community celebrating the event in a mode of thanksgiving. No man becomes a bishop by choice. I know that there are cases where people do aspire for the Episcopal office, but whether they make it depends entirely on God's will. I have no doubt that ambitious as I was if I had opted for priesthood, I would have been a disgruntled priest if I had not become a bishop, and a disgruntled bishop if I had not become the Catholicose! All the same it is God who calls. Some people accept in humility, some decline in humility. My great grandfather's brother was one who opted out after election, I carry his name. My uncle Mar Barnabas, in my view, is a case of accepting in humility a selection thrust on him. There are other examples like that of the late V. M. Mathen Atchan, who certainly would have made a good bishop, accepting God's will that he remain a priest. I have been the instrument of God in more episcopal consecrations than one but I have also been prevented by God from succeeding in my efforts to block some consecrations. Where Holy Spirit calls, episcopacy cannot be stopped either by a Patriarchal fiat or a Supreme Court verdict! Let us therefore accept in humility that all bishops who are validly consecrated in a valid hierarchy are God's choice for episcopacy whether they are in communion with us or not, whether they are fighting us in court or not. Of course if I get an itinerant bishop to lay hands on me it does not become valid consecration even if the itinerant bishop has valid consecration because I cannot become a bishop from nowhere! What I am trying to say is that ***it is God who has called the two jubilarians to this high office and we thank the Lord for His grace in giving us these bishops.***

As Chrysostom Marthoma has said in his Tharaka encyclical, he has already crossed the average lifespan of a Malayalee. And so has Marthoma Mathews II. And they have completed five decades in Episcopal ministry. At this age of theirs it would be presumptuous on the part of any one to remind them of their job, but their jubilee is an occasion for the whole church to introspect on the qualities which a bishop in the church of Jesus Christ should have.

There cannot be two bishops as different from each other as the two jubilarians, but we feel so based on what we see. Both are men of prayer. Both have strengths and weaknesses. It is therefore not the human personalities that I have in mind when I say this. I hope the whole church makes it a point to pray on a day-to-day basis for proper episcopal leadership which can accomplish the mission in today's global marketplace. The need continually gets redefined. Titus I or Parumala Thirumeni may have to redesign their style if they were to be in this world today! ***The values do not change, the priorities do. The message does not change, the medium does. Unless a church is in constant prayer for their bishops, that church would have a poor episcopacy.***

Although it may look a little strange for a layman to say so, with two bishops as nephews, and a few who call me Chettan or Uncle I feel that I have the right of a senior citizen to call upon all other bishops to personally look inward on this occasion. They already have challenging examples, some close, some not so close, but two more challenges would do them good. Of course for each bishop the name itself is a challenge. For Chrysostom, for example, the challenge is implied in the two names (Ivanios and Chrysostom) and the consequent duality of perspectives, with all implications of living as Ivanios the Golden tongued alias Chrysostom, in

*(Cont'd..... Page 16)*



# "ചെറിയ അണ്ണൻ"

## ഒടൻചത്രം ആശുപത്രിയിലെ ത്യാഗിവര്യൻ

അനാഥനായി ജനിച്ച് പ്രശസ്തിയൊന്നുമില്ലാതെ 86 വർഷം ഏകനായി ജീവിച്ച ശ്രീ. കെ. എം. ചെറിയാന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തെപ്പറ്റി അധികമാരും അറിഞ്ഞിരിക്കാനിടയില്ല. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്, കേരളത്തിലെ കടലോരപ്രദേശങ്ങളിൽ പേരുകേട്ട ചേർത്തലയിൽ ആ ദീപം പ്രത്യക്ഷപ്പെട്ടത്. തിരുവിതാംകൂർ ചരിത്രത്തിൽ ചേർത്തല സ്ഥാനം പിടിച്ച കാലമായിരുന്നു അത്. ശ്രീനാരായണഗുരുവിന്റെ അനിതരസാധാരണമായ പ്രതിഭാശക്തി ഈഴവസമുദായത്തെ ഒരു ചരടിലെന്നപോലെ കൂട്ടിയിണക്കിയ കാലം. പ്രബുദ്ധരായ ചില ഈഴവനേതാക്കൾ മുമ്പോട്ടു പോകുവാനുള്ള വഴിമുട്ടി നട്ടംതിരിയുന്ന കാലഘട്ടം. "കടന്നുവന്നു സഹായിക്കുക" എന്ന നിലവിളി പത്രദ്വാരാ അവർ പ്രസിദ്ധപ്പെടുത്തി. അങ്ങനെയാണ്, ആലപ്പുഴ സി.എം.എസ്. വായനശാല കേന്ദ്രമാക്കി തന്റെ പ്രകാശധാര പരത്തിയ സാധുമത്തായി എന്ന ക്രിസ്ത്യൻ സന്യാസി രംഗപ്രവേശം ചെയ്തത്. കരപ്പുറം മിഷന്റെ തുടർന്നുള്ള ചരിത്രം സഭയുടെ മിഷനറി സാക്ഷ്യത്തിനൊരു മായാത്ത വെല്ലുവിളിയാണ്.

അനാഥനായ കെ. എം. ചെറിയാൻ സാധുജിയിൽ താങ്ങും തണലുമായി ഒരു ചിരകാല സുഹൃത്തിനെ കണ്ടെത്തി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ചെറിയാൻ കരപ്പുറം മിഷന്റെ ഒരു എളിയപ്രവർത്തകനായി ശുശ്രൂഷയാരംഭിച്ചു. ചേർത്തലയിൽ മഴയുടെ ദൗർലഭ്യം മൂലമുണ്ടായ ഭയങ്കര ക്ഷാമത്തിൽ റവ. ജെ. പി. മൂത്തേടത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ചെറിയാൻ നിസ്വാർത്ഥ സേവനമനുഷ്ഠിച്ചു. അന്നത്തെ ഒരു സഹപ്രവർത്തകനാണ് മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ വിശ്രമിക്കുന്ന ശ്രീ. കെ. എം. മാമ്മൻ. തന്റെ കൂടെക്കൂടെയുള്ള ആലപ്പുഴ സന്ദർശനത്തിനിടയിൽ ഒരു ജീവിതം ചെറിയാനെ കാര്യമായി സ്പർശിച്ചു. സ്കോട്ലൻഡിലെ ഒരു കോടീശ്വരഭവനത്തിൽ ജനിച്ചു വളർന്ന്, ഭാസുരമായ ഒരു ഭാവിയെ പൂർണമായി ക്രിസ്തുപാദത്തിൽ അടിയറ വച്ച് സ്നേഹിതനായ ഡോ. യേശുദാസനോടൊപ്പം തമിഴ്നാട്ടിലെ തിരുപ്പത്തൂരിൽ ആശ്രമം സ്ഥാപിച്ച ഡോ. പേറ്റൺ ആയിരുന്നു ആ മഹാൻ. ഇൻഡ്യയിലെ ആദ്യത്തെ ക്രൈസ്തവാശ്രമമായിരുന്നു തിരുപ്പത്തൂരിലേത്. 'ചിന്നണ്ണൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഡോ. പേറ്റൺ ചെറിയാന് എക്കാലവും ആരാദ്ധ്യനായ ആദർശപുരുഷനായിരുന്നു. താൻ ആരാഞ്ഞുകൊണ്ടിരുന്ന ആത്മാർത്ഥത അദ്ദേഹത്തിൽ ചെറിയാൻ ദർശിച്ചു. അങ്ങനെ തന്റെ വിശ്രമസ്ഥാനം തിരുപ്പത്തൂരിലേക്കു മാറ്റി. ആശ്രമം വകയായി പ്രഗൽഭ ഡോക്ടർമാർ ആരംഭിച്ച ആശുപത്രിയിലെ ഒരു എളിയശുശ്രൂഷകനായി ചെറിയാൻ ഇവിടെ രംഗപ്രവേശം ചെയ്തു. ആശുപത്രിയിലെ ശുശ്രൂഷയിൽ കൂടുതൽ സഹായിക്കുവാൻ ആശ്രമത്തിന്റെ നിർദ്ദേശപ്രകാരം അന്ന് മദനപ്പള്ളിയിൽ ഡോ. ബാർട്ടൺ ആരംഭിച്ച ലാബ് ടെക്നീഷൻ കോഴ്സിലെ ആദ്യവിദ്യാർത്ഥികളിലൊരാൾ ചെറിയാനായിരുന്നു. തിരികെ തിരുപ്പത്തൂരിൽ വന്ന് സേവനം തുടർന്ന അദ്ദേഹത്തിന് അന്ന് അവിടെ സന്ദർശകരായി വന്ന പല മഹാന്മാരെയും കണ്ടുമുട്ടുന്നതിനും പരിചയപ്പെടുന്നതിനും അവസരം ലഭിച്ചു. അവരിലൊരാളായിരുന്നു ഗാന്ധിജിയുടെ ഉറ്റസ്നേഹിതനായിരുന്ന സി. എഫ്. ആൻഡ്രൂസ്. മറ്റൊരാൾ, ഗാന്ധിയൻ ആദർശങ്ങളിൽ ആകർഷിക്കപ്പെട്ട് കുഷ്ഠരോഗികളുടെയിടയിൽ 'ദീനബന്ധുപുരം' എന്ന പേരിൽ സേവനം നടത്തിയ റവ. ജോസഫ് ജോൺ.

ഭാരതസ്വാതന്ത്ര്യസമരം കൊടുംപിരികൊണ്ടിരുന്ന കാലം. മഹാത്മാഗാന്ധിയുടെ അനാർഭാട ജീവിതവും, ത്യാഗപൂർണമായ സേവനത്തിനായി യുവജനങ്ങളോടുള്ള വെല്ലുവിളിയും അനേകം ജീവിതങ്ങളെ ഉത്തേജിപ്പിക്കുന്ന കാലഘട്ടം. മിറാജ് മെഡിക്കൽ കോളജിൽ ഭാവി ഡോക്ടറന്മാരാകുവാൻ പരിശീലിപ്പിക്കപ്പെടുന്ന ഒരു ചെറിയ കൂട്ടം യുവാക്കളെ ഈ ചിന്തകൾ ഉണർത്തി. ഭാരതത്തിൽ വൈദ്യസഹായം അത്യാവശ്യമുള്ള ഒരു മൂലയിൽ തങ്ങളുടെ ജീവിതവും സേവനവും സമർപ്പിക്കണമെന്ന് അവർ സ്വയം നിർണയിച്ചു. അക്കാലത്ത് വെറും അരണ്യപ്രദേശമായി കിടന്നിരുന്ന തമിഴ്നാട്ടിലെ ഒടൻചത്രമെന്ന ഗ്രാമം അവരുടെ ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ 48 വർഷം മുമ്പ് വെറുമൊരു മൺഭിത്തിയോടുകൂടിയ ഓലക്കെട്ടിടത്തിൽ അവർ സേവനമാരംഭിച്ചു. ഈ ആദർശവാദികളുടെ ത്യാഗജീവിതത്തെക്കുറിച്ച് ചെറിയാൻ അറിഞ്ഞു; അവരോടുകൂടെ തന്റെ ശിഷ്ടായുസ്സ് ചെലവഴിക്കുവാൻ അദ്ദേം പ്രതിജ്ഞയെടുത്തു. അങ്ങനെയാണ് ഡോ. എ. കെ. തര്യൻ, ഡോ. ജേക്കബ് ചെറിയാൻ എന്നിവരൊടൊപ്പം കെ. എം. ചെറിയാൻ ക്രിസ്ത്യൻ ഫെലോഷിപ്പ് ആശുപത്രിയുടെ പ്രാരംഭകാലപ്രവർത്തകനായത്.

ഒടൻചത്രത്തിലെല്ലാവർക്കും പ്രിയപ്പെട്ട 'അണ്ണൻ' ആയിരുന്നു കെ. എം. ചെറിയാൻ. ആശുപത്രി സേവനത്തിലുള്ള ജീവിതശൈലിയും സാക്ഷ്യവും അത്ഭുതം സൃഷ്ടിക്കുന്നതായിരുന്നു. 'സകലവും ത്യജിച്ച് ക്രൂശെടുത്ത് അനുഗമിക്കുക' എന്ന വിളി തന്റെ മുഖമുദ്രയായി. ലളിതജീവിതത്തിന്റെ ഒരു പര്യായമായിരുന്നു ചെറിയാനണ്ണൻ. ആശുപത്രിയിലെ മറ്റൊരു അന്തേവാസിയായിരുന്ന അമേരിക്കൻ മിഷനറി റവ. ആർ. ആർ. കെയ്ത്താനോട് ഗാന്ധിജി ഒരിക്കൽ ചോദിച്ചു : "നിങ്ങൾക്ക് രണ്ടു കസേരയുണ്ട്; അയൽക്കാരന് ഒന്നുമില്ല. നിങ്ങൾ അയൽക്കാരന്റെ ഒരു കസേര മോഷ്ടിക്കുകയല്ലേ ചെയ്യുന്നത്?". കെയ്ത്താൻജി തിരികെ വന്ന്, കസേരകളും മേശകളും മാത്രമല്ല, സ്വകാര്യസ്വത്തു മുഴുവനും ചുറ്റുമുള്ള സാധുക്കൾക്കു വിതരണം ചെയ്തു. ആ ജീവിതം അസഹനീയമെന്നു പറഞ്ഞ് അദ്ദേഹത്തിന്റെ ഭാര്യ അമേരിക്കയിലേക്കു തിരികെപ്പോയി. ഇത് അണ്ണന്റെ അയൽപക്കത്ത് നടന്ന സംഭവമായിരുന്നു. അണ്ണനു വിതരണം ചെയ്യുവാൻ കസേരകളോ മറ്റു ഉപകരണങ്ങളോ, ഉപേക്ഷിക്കുവാൻ ഭാര്യയോ ഉണ്ടായിരുന്നില്ല. രണ്ടു ഖദർ വസ്ത്രങ്ങൾകൊണ്ടു മാത്രം ജീവിക്കാമെന്നും സകല സമ്പത്തും ഒരു ചെറിയ തകരപ്പെട്ടിയിലൊതുക്കാമെന്നും ബാങ്കുകണക്ക് അനാവശ്യമെന്നും അണ്ണന്റെ നിശ്ശബ്ദജീവിതം കൊണ്ടു തെളിയിച്ചു. ലഭിച്ചിരുന്ന അൽപവേതനം ദുരിശിച്ചുപയോഗിച്ചു കിട്ടിയ മിച്ചം മാസാവസാനം ചുറ്റുപാടുമുള്ളവർക്ക് ക്രമമായി വിതരണം ചെയ്തുവന്നു. ലാളിത്യവും ദാരിദ്ര്യവും ജീവിതശൈലിയാക്കി സ്വമേധയായും സന്തോഷത്തോടെയും സ്വീകരിക്കുന്ന ഇപ്രകാരമൊരു ജീവിതം ഇന്നത്തെ ലോകത്തിൽ തുലോം ദുർലഭമാണ്.

ഒടൻചത്രം ആശുപത്രി ചാപ്പലിലെ പ്രഭാതാരാധനയിൽ കൃത്യനിഷ്ഠയോടെ അണ്ണൻ സംബന്ധിക്കുമായിരുന്നു.

⇨

കേൾക്കുന്ന വാക്കുകൾ ശ്രദ്ധയോടെ സ്വീകരിച്ച് ആവശ്യമെങ്കിൽ സംശയങ്ങൾ ധൈര്യത്തോടെ ഉന്നയിക്കുക പതിവായിരുന്നു. കണ്ണിന്റെ കാഴ്ച അവസാനകാലങ്ങളിൽ പൂർണമായി നഷ്ടപ്പെട്ടെങ്കിലും ജീവിതദർശനം മങ്ങുവാനനുവദിച്ചില്ല. സഹപ്രവർത്തകരുടെയും ആശുപത്രി കൂട്ടായ്മയിലുള്ള സകലരുടെയും സ്നേഹവും സഹകരണവും അണ്ണന് നിർലോഭമായി ലഭിച്ചു. പരിസരങ്ങളിൽ സന്ധ്യയ്ക്ക് നടക്കാനിറങ്ങുമ്പോൾ, 'അണ്ണൻ, അണ്ണൻ' എന്ന വിളി ധാരാളം പിഞ്ചുപൈതങ്ങളുടെ നാവിൽനിന്ന് കേൾക്കാമായിരുന്നു.

അന്ത്യം അടുത്തുവെന്ന് അണ്ണനറിയാമായിരുന്നു. അനാവശ്യമായി ജീവൻ വലിച്ചുനീട്ടുവാനുള്ള ഉപാധികളൊന്നും തന്നിൽ പ്രയോഗിക്കരുതെന്ന് അദ്ദേഹം മുൻകൂട്ടി നിർദ്ദേശിച്ചിരുന്നു മരണത്തിലും ലാളിത്യം പിൻതുടരണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. തന്റെ ശരീരം ശവപ്പെട്ടിയിൽ വയ്ക്കരുതെന്നും ശവക്കുഴിക്കുമുകളിൽ കല്ലറ പണിയരുതെന്നും നേരത്തെ തന്നെ നിർദ്ദേശിച്ചിരുന്നു. 2002 ഏപ്രിൽ 21-ന് ആ വലിയ മനുഷ്യൻ ലോകത്തോടും താൻ സ്നേഹിച്ച സ്ഥാപനത്തോടും എന്നന്നേക്കുമായി വിടപറഞ്ഞു. ●

# ആത്മാവു നഷ്ടപ്പെട്ട ജീവകാരുണ്യം



ഫാ. ഡോ. ഒ. തോമസ്


ക്രൈസ്തവ ആത്മീയതയുടെ കേന്ദ്രബിന്ദു പ്രായോഗികമാക്കുവാൻ വളരെ ബുദ്ധിമുട്ടുള്ളതാണ്. അതായത്, അർഹമായതു പോലും ത്യജിച്ച് വേണ്ടിവന്നാൽ ജീവൻ പോലും വെടിയേണ്ടതാണ് ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം. കേരളത്തിലെ ക്രൈസ്തവസമൂഹം പൊതുവായി അങ്ങനെ ഒരു ലക്ഷ്യമേ മുന്നിൽ കാണുന്നില്ല. ഓർതഡോക്സ് സഭയിൽ ഫിലിപ്പ് റമ്പാച്ചനും സുവിശേഷപരിശീലനം കഴിഞ്ഞ സാധാരണക്കാരായ കുറേ ചെറുപ്പക്കാരും അവിടെയുമിവിടെയുമൊക്കെ ത്യാഗം സഹിക്കുന്നതുകൊണ്ട് കുറെ ജീവകാരുണ്യപ്രവർത്തനങ്ങൾ നടക്കുന്നു. മിക്ക സഭകളിലും ഇതുപോലെ ത്യാഗം സഹിക്കുന്ന ഒരു കൂട്ടം മനുഷ്യരുണ്ട്. അവരെ ആരും അറിയുന്നില്ല. ഇഹലോകജീവിതം വ്യർത്ഥമായതുകൊണ്ട് മരിച്ചുകഴിയുമ്പോഴുള്ള ആത്മാക്കളുടെ രക്ഷ പ്രധാനമായതുകൊണ്ടും ജീവകാരുണ്യപ്രവർത്തനം പെന്തക്കോസ്തുസഭകൾക്കു അത്ര പ്രാധാന്യമുള്ളതല്ല. പിന്നെ, രക്ഷിക്കപ്പെട്ടു സ്നാനമേറ്റാൽ അങ്ങനെയുള്ളവർക്കായി ചില്ലറ സഹായം ചെയ്യാൻ ഇന്ന് അവർക്കു മടിയില്ല. പെറ്റമ്മയാണെങ്കിലും വാർദ്ധക്യത്തിൽ എന്തെങ്കിലും സഹായം മക്കളിൽ നിന്നു ലഭിക്കണമെങ്കിൽ അതുവരെയും ജീവിച്ച സഭയെ ത്യജിച്ച് മക്കൾ സ്നാനമേറ്റ സഭയിൽ വീണ്ടും ജനിക്കണം. അല്ലെങ്കിൽ, കർത്താവു പറഞ്ഞ ഒരു പാനപാത്രം ജലം കൂടി ലഭിക്കാൻ പ്രയാസമായിരിക്കും. അങ്ങനെയാണ് അവരുടെ ജീവകാരുണ്യം. വ്യവസ്ഥാപിതസഭകൾ തങ്ങളുടെ ആളുകൾക്കു മാത്രമായി ജീവകാരുണ്യം തത്വത്തിൽ പരിമിതപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രയോഗത്തിൽ സിംഹഭാഗവും തങ്ങളുടെ വിശ്വാസികൾക്കു തന്നെ ലഭിച്ചിരിക്കും.

ക്രൈസ്തവസാന്നിദ്ധ്യം താരതമ്യേന ശക്തമായിരിക്കുന്ന കേരളീയസമൂഹത്തിന്റെ തിന്മയുടെ തിരുത്തൽശക്തിയായി നിലകൊള്ളുവാൻ ക്രൈസ്തവസഭകൾക്കു കെൽപ്പില്ല. സാമ്പത്തിക ഉച്ചനീചത്വം, ചൂഷണം, അഴിമതി, സ്വജനപക്ഷപാതം, വർഗീയത, മദ്യപാനം, ആത്മഹത്യ, സ്ത്രീപീഡനം, പൈശാചികമായ സ്ത്രീധനസമ്പ്രദായം, ആഡംബരം, ധൂർത്ത്, മൃഗത്തേക്കാൾ കഷ്ടമായ ചേരിജീവിതം, വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ, പരിസ്ഥിതി മലിനീകരണം തുടങ്ങിയ സാമൂഹ്യപ്രശ്നങ്ങൾക്ക് കാതലായ എന്തെങ്കിലും വ്യതിയാനം വരുത്തുവാൻ ക്രൈസ്തവസമൂഹത്തിന്റെ സാന്നിദ്ധ്യം പ്രയോജനപ്പെടുന്നില്ല. ഇതെല്ലാം തന്നെ സഭകളുടെ ഉള്ളിൽ തന്നെ നിലനിൽക്കുന്നുവെന്നതാണു പരമാർത്ഥം. ക്രിസ്തീയസഭകളുടെ കഴിഞ്ഞ മൂന്നാലു ദശകങ്ങളിലെ ചരിത്രം പരിശോധിച്ചാൽ ശ്രദ്ധേയമായ എന്തെങ്കിലും ചെയ്തിട്ടുള്ളത് ജീവകാരുണ്യപ്രവർത്തനങ്ങളുടെ മേഖലയിലാണ്. ദൈവസ്നേഹവും മനുഷ്യസ്നേഹവും അടിസ്ഥാനപ്രേരണകളായി ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നിലനിന്നിട്ടുണ്ട്. ഇന്നും അങ്ങനെ തന്നെ വീക്ഷിക്കുന്ന കുറെപ്പേരുണ്ടാവാം. എന്നാൽ, ഏറെ പേർക്കും ജീവകാരുണ്യത്തിന്റെ ആത്മാവു നഷ്ടപ്പെട്ടിട്ടില്ലേയെന്ന് ചിന്തിച്ചുപോകുന്നു. ***കുമിഞ്ഞു കൂടിയ പണം സുരക്ഷിതമാക്കാനുള്ള സേഫ്റ്റി വാൽവാണ് ചിലർക്ക് ജീവകാരുണ്യം. മറ്റു ചിലർക്ക് ഇവിടെയും അങ്ങേലോകത്തിലും സുഖം ഉറപ്പുവരുത്തുവാനുള്ള സംവിധാനവും. ഒട്ടധികം പേർക്ക് മാദ്ധ്യമങ്ങളിലും പൊതുജനമദ്ധ്യത്തിലും നിറഞ്ഞുനിൽക്കാനുള്ള അവസരം ലഭിക്കുന്നതിനുള്ള മാർഗമാണ്. ഇനിയും ചിലർക്ക് സഭയിലെ ഉന്നതസ്ഥാനീയരുമായി ബന്ധം പുലർത്തുന്നതിനുള്ള ഉപാധിയാണ്. വേറെയൊരു കൂട്ടരുണ്ട്. മറ്റുള്ളവരെക്കൊണ്ട് ജീവകാരുണ്യം നടത്തിച്ച് അതിന്റെ ചുമതലക്കാരായി വിലസുവാനാണ് അവർക്കിഷ്ടം.*** ചുരുക്കത്തിൽ, കർത്താവ് സ്വജീവിതം കൊണ്ട് കാട്ടിത്തന്ന ത്യാഗത്തിന്റെ ബാലപാഠങ്ങൾ മിക്കവാറും വിസ്മരിച്ചുകഴിഞ്ഞു. ഇടംകൈ ചെയ്യുന്നത് വലംകൈ അറിയരുതെന്ന പ്രമാണം അതീവപുച്ഛത്തോടെ ക്രൈസ്തവസഭകൾ എന്നേ തള്ളിക്കളഞ്ഞു. സുറിയാനി ക്രിസ്ത്യാനികളുടെ നോമ്പിലെ ആരാധനാ ക്രമത്തിൽ പട്ടിണിക്കാരെ അന്വേഷിച്ചുചെല്ലുന്ന ധാർമികത ചൊല്ലിക്കൂട്ടാനല്ലാതെ ഒരു ശതമാനമെങ്കിലും ആത്മാർത്ഥത വേണമെന്ന നിർബന്ധം ആർക്കുംതന്നെയില്ല. ഒരു കണക്കിന്, അതൊന്നും ചൊല്ലാത്ത സാധാരണക്കാർ അത്രയും പാപം ചെയ്യുന്നില്ലല്ലോയെന്നാശ്വസിക്കാം. ഒരു കാലത്ത് ക്രൈസ്തവസഭകളുടെ സംഭാവനയായി കണ്ടിരുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ ആത്മാവു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഒരു പുനർചിന്തനമാവശ്യമായിരിക്കുന്നു. ആഗോളവൽക്കരണത്തിൽ ധനികർ വർദ്ധിക്കുന്നതുപോലെ ദരിദ്രരും വർദ്ധിക്കുന്നു. ദാരിദ്ര്യസംരക്ഷണത്തിൽ നിന്ന് പൊതുവേ സർക്കാരുകളും ഒഴിഞ്ഞുമാറുന്ന സ്ഥിതിക്ക് ആരുമില്ലാത്ത പാവങ്ങൾക്ക് എന്തെങ്കിലും നക്കാപ്പിച്ച കിട്ടാൻ വേറെ വഴിയുമില്ല. **എന്നാൽ ജീവകാരുണ്യപ്രവർത്തനങ്ങളെ ആഘോഷങ്ങളുടെ മേമ്പൊടിയാക്കുന്ന ഇന്നത്തെ പ്രവണത തിരുത്തപ്പെടേണ്ടതല്ലേയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.**

**വലിയ വരുമാനമുള്ള ഇടവകകൾ കഴിവനുസരിച്ച് ഓരോ വർഷവും പത്തിലൊന്നെങ്കിലും ജീവകാരുണ്യത്തിനായി നീക്കി വച്ചാൽ നന്നായിരുന്നു.** അതു ചെയ്യാതെ പള്ളിയുടെ ജൂബിലി കൊണ്ടാടാൻ വേണ്ടി പത്തു ലക്ഷം രൂപ പൊതുജനങ്ങളുടെ കൈയിൽ നിന്ന് പിരിച്ചെടുക്കുമ്പോൾ അതിൽ നിന്ന് കുറേ ആയിരങ്ങൾ ജൂബിലിയാഘോഷത്തിന്റെ പേരിൽ അടിച്ചിറക്കുന്ന കളർ പോസ്റ്ററുകളുടെയും വിശേഷാൽ സപ്ലിമെന്റുകളുടെയും, ആർച്ചുകളുടെയും കൂറ്റൻ കട്ടൗട്ടുകളുടെയും പേരിൽ ചിലവഴിക്കുന്ന പണത്തിന്റെ എത്ര തുച്ഛമാണ് ജീവകാരുണ്യത്തിനു നീക്കി വയ്ക്കുന്നത്. അതു തന്നെ ബജറ്റിൽ കൊള്ളിച്ചിരിക്കുന്ന പണം പിരിഞ്ഞു കിട്ടിയില്ലെങ്കിൽ ആഘോഷങ്ങളുടെ ചെലവിനങ്ങൾ ഒന്നും കുറയ്ക്കാനാവില്ല. അവിടെയും വേണ്ടെന്നു വയ്ക്കുന്നത്

കേരളത്തിലെ എയ്ഡഡ് കോളജുകളിൽ നാഷനൽ അസ്സസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ (നാക്) നടത്തിയ വിശദപഠനത്തിന്റെ റിപ്പോർട്ട് ഇയ്യിടെ പ്രസിദ്ധീകരിച്ചിരുന്നു. മാനവികവിഷയങ്ങളിലും ഭാഷാപഠനത്തിലും കേരളത്തിലെ കോളജുകൾ പിന്നോക്കം പോയിരിക്കുന്നുവെന്നാണു റിപ്പോർട്ട്. സമൂഹത്തിന്റെ ആവശ്യത്തിനുതകുന്ന കോഴ്സുകൾ തുടങ്ങുവാൻ കഴിയുന്നില്ലെന്നതും ഒരു ന്യൂനതയായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിലുള്ളതുപോലെ ബിരുദകോഴ്സുകളോടൊപ്പം പൂർത്തിയാക്കുവാൻ സാധിക്കുന്നതും ഏതെങ്കിലും തൊഴിലുമായി ബന്ധപ്പെട്ടതുമായ ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നില്ലെന്നതാണ് മറ്റൊരു പോരായ്മ. പ്രീ-ഡിഗ്രി വേർപെടുത്തിയപ്പോൾ മിച്ചം വന്ന സൗകര്യങ്ങളുപയോഗപ്പെടുത്തി ഇത്തരം സമാന്തര കോഴ്സുകൾ നടത്തി പരമ്പരാഗത വിദ്യാഭ്യാസത്തെ നവീകരിക്കുവാൻ ശ്രമിച്ചിട്ടില്ലെന്നു റിപ്പോർട്ടിൽ കുറ്റപ്പെടുത്തിയിരിക്കുന്നു.

ആധുനിക വിദ്യാഭ്യാസവുമായി കേരളീയരെ ആദ്യം ബന്ധപ്പെടുത്തുകയും, തദ്വാര, കേരളീയസമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കു വഴിതെളിക്കുകയും ചെയ്ത ക്രൈസ്തവസഭകൾ ഈ വിമർശനങ്ങൾ തുറന്ന മനസ്സോടെ ഉൾക്കൊള്ളേണ്ടതാണ്. കാൽ നൂറ്റാണ്ടു കാലമായി കേരളത്തിലെ വിദ്യാഭ്യാസരംഗത്തു നിലനിന്നു പോരുന്ന നിസ്സംഗതയുടെ പരിണതഫലമാണ് ഇന്നത്തെ പിന്നോക്കാവസ്ഥ. കോളജുകളിൽ ഡയറക്ട് പേമെന്റ് ഏർപ്പെടുത്തിയ കാലം മുതൽ സഭകൾക്ക് കോളജ് വിദ്യാഭ്യാസരംഗത്തു നഷ്ടപ്പെട്ട ഉത്തരവാദിത്തബോധം കേരളീയസമൂഹത്തെ എത്രമാത്രം




പിന്നോട്ടു കൊണ്ടുപോയെന്ന് ആലോചിക്കേണ്ടതത്രേ. ഡയറക്ട് പേമെന്റ് സമ്പ്രദായം നിലവിൽ വന്നിട്ടും അന്യസംസ്ഥാനങ്ങൾ കാലാനുസൃതമാറ്റങ്ങളുമായി മുന്നേറുകയായിരുന്നു. അമിതമായ രാഷ്ട്രീയസാന്നിദ്ധ്യവും സർവകലാശാലകളുടെയും സർക്കാരുകളുടെയും യാഥാസ്ഥിതികത്വവും സ്വതന്ത്രമായ വളർച്ചയ്ക്കു തടസ്സമായി എന്നു വാദിച്ചേക്കാം. എന്നാൽ സർവകലാശാലകളേയും ഭരണകൂടത്തെയും ഉണർത്തുവാൻ പര്യാപ്തമായ സംഘടിതനീക്കങ്ങൾ ഇക്കാലത്തുണ്ടായില്ലെന്നതാണു ഖേദകരമായ വസ്തുത. വിദ്യാഭ്യാസസ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന മാനേജ്മെന്റ്സ് അസ്സോസിയേഷൻ പോലും ഇക്കാലയളവിൽ ദുർബലമായി പരിണമിച്ചു. അസ്സോസിയേഷന്റെ യോഗങ്ങളിൽ മിക്കപ്പോഴും പ്രിൻസിപ്പൽമാർ മാത്രമാണു പങ്കെടുത്തു പോരുന്നത്. കോളജുകളുടെ നിലനിൽപു തന്നെ പ്രിൻസിപ്പൽമാരുടെ ചുമതലയിലാണെന്ന ഒരവസ്ഥയാണുണ്ടായത്.

ഇന്ത്യയിലൊട്ടാകെ നടപ്പാക്കിയ പ്രീ-ഡിഗ്രി വേർപെടുത്തൽ കേരളത്തിൽ നടപ്പാക്കാൻ ഒരു ദശകത്തിലേറെ സമയമെടുത്തു. നടപ്പാക്കിയപ്പോളാകട്ടെ ഏറ്റം വികലമായ രീതിയിൽ നടപ്പാക്കുകയും ചെയ്തു. പ്ലസ്ടു തലത്തിൽ പ്രീ-ഡിഗ്രി ക്ലാസ്സുകളിലൂടെ കേരളത്തിലെ വിദ്യാർത്ഥികൾക്കു ലഭിച്ചിരുന്ന മെച്ചപ്പെട്ട വിദ്യാഭ്യാസം അവർക്കു നഷ്ടമായി. അത്യാവശ്യ സജ്ജീകരണങ്ങളോ പരിണതപ്രജ്ഞരായ അദ്ധ്യാപകരോ ഇല്ലാത്ത സ്ഥാപനങ്ങളിൽ നടപ്പാക്കിയ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വീണ്ടുമൊരു നിലവാരത്തകർച്ചയ്ക്കു വഴിതെളിച്ചതേയുള്ളൂ. പത്താം ക്ലാസ്സുകാരുടെ നിലവാരത്തിൽ ഇപ്പോൾ പന്ത്രണ്ടാം ക്ലാസ്സുകാർ എത്തിനിൽക്കുന്നു.


നടപ്പിലാക്കാൻ ഏറെ വൈകുകയും നടപ്പിലാക്കിയപ്പോൾ തിടുക്കത്തിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുകയും ചെയ്ത നടപടിയായി, പ്രീ-ഡിഗ്രി വേർപെടുത്തൽ. ഈ വികല നടപടിക്രമത്തെ ചോദ്യം ചെയ്യുവാനും വ്യക്തമായ ഉപദേശങ്ങൾ നൽകുവാനും മുതിരാതെ സ്വന്തം സ്കൂളുകളിൽ പ്ലസ് ടു അനുവദിപ്പിക്കുവാൻ തിടുക്കം കാട്ടുകയായിരുന്നു, ക്രൈസ്തവ മാനേജ്മെന്റുകൾ. പ്ലസ്ടു വിദ്യാഭ്യാസത്തിന്റെ നിലവാരം താണുപോകുന്നതിലൂടെ വിദ്യാർത്ഥി സമൂഹത്തിലുണ്ടാകുന്ന പിന്നോക്കാവസ്ഥ ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ്. സാമ്പത്തിക സൗകര്യമുള്ളവരുടെ കുട്ടികൾ CBSE/ICSE സിലബസ് സ്കൂളുകളിൽ പഠിക്കുന്നതിനാൽ അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം സിദ്ധിക്കുന്നു. സാധാരണ വിദ്യാർത്ഥികൾക്ക് മികവു നേടുവാനുള്ള അവസരങ്ങളും സാദ്ധ്യതകളും നഷ്ടപ്പെടുകയാണ് ഈ പരിഷ്കരണം മൂലം സംഭവിച്ചിരിക്കുന്നത്.

ബഹുഭൂരിപക്ഷം വരുന്ന പിന്നോക്കക്കാർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുവാനുള്ള സന്നദ്ധത സഭകൾക്കു നഷ്ടപ്പെട്ടുവെന്നു തോന്നിപ്പോകുന്നു. ഒരു വീണ്ടുവിചാരത്തിനും ഉയിർത്തെഴുന്നേൽപ്പിനും സമയം വൈകി. ●



പാവങ്ങൾക്കുവേണ്ടി നീക്കി വച്ച തുകയായിരിക്കും. ജന്മദിനം, ഷഷ്ഠിപൂർത്തി, സപ്തതി തുടങ്ങിയവ വന്നെങ്കിലേ ഇന്നു പാവങ്ങളെ സഹായിക്കാനാവൂ. പുരോഹിതന്മാരുടെയിടയിൽ 10 വർഷം തികഞ്ഞതു മുതലുള്ള ജൂബിലികൾ കൊണ്ടാടുന്ന വേളകളിൽ പുതിയ പദ്ധതികൾ സർക്കാരിനെപ്പോലെ പ്രഖ്യാപിക്കുന്ന രീതി നിലവിൽ വന്നുകഴിഞ്ഞു! ആഘോഷവേളകളിൽ പദ്ധതികൾ പ്രഖ്യാപിച്ചാൽ, ആഘോഷങ്ങൾക്കു കൊഴുപ്പു കൂടുതലുണ്ടാകുമെന്നു മാത്രമല്ല, പൊതുജനത്തിന്റെ പണം കൊണ്ട് രണ്ടും സാധിക്കുകയും ചെയ്യും. ജീവകാരുണ്യം മുൻനിർത്തിയാൽ ചില സാധുക്കൾ കാശു വാങ്ങിക്കൊടുക്കും. അതിൽ നിന്ന് ആഘോഷത്തിനാവശ്യമായ ഫണ്ടു സ്വരൂപിക്കാം. തട്ടിപ്പിന്റെ ഭാവങ്ങൾ എത്ര വികൃതമായിരിക്കുന്നു! ഇയ്യിടെ എസ്.എൻ.ഡി.പി. യോഗം ശതാബ്ദി കൊണ്ടാടിയപ്പോൾ കോടികളുടെ പ്രോജക്ടുകളാണ് ജീവകാരുണ്യത്തിന്റെ പേരിൽ അവതരിപ്പിച്ചത്. ക്രൈസ്തവസഭകളെ അനുകരിച്ചാണ് ഈ ജൂബിലി ജീവകാരുണ്യം ഉണ്ടായതെന്ന് അനുമാനിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. നോക്കണേ! ക്രൈസ്തവ ജീവിതത്തിന്റെ സ്വയപരിത്യാഗത്തിനു സംഭവിച്ചിരിക്കുന്ന പരിണാമം. നസ്രായനായ യേശു ഭൂമിയിൽ ജീവിച്ച മൂന്നരവർഷവും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനായിരുന്നു. ഒരിക്കൽ മാത്രം ധനികപരീശനായ ശിമോന്റെ ഭവനത്തിൽ പോയി ഊണു കഴിച്ചു. എന്നിട്ടോ, അവന് അനുഗ്രഹമൊന്നും കൊടുത്തില്ല. അനുഗ്രഹം കിട്ടിയതോ പാപിയായ സ്ത്രീക്ക്. ജീവിതത്തിന്റെ സിംഹഭാഗവും ധനികവർഗത്തിനു വേണ്ടിയും അവരുടെ കൂടെയും ജീവിച്ചിട്ട് വല്ലപ്പോഴുമൊരിക്കൽ പാവങ്ങളോടൊപ്പം ചെലവഴിച്ചാൽ അതും മാദ്ധ്യമങ്ങളിലെ സവിശേഷ വാർത്തയാകുന്നു. ചുരുക്കത്തിൽ, സാധുജനസംരക്ഷണം ആഘോഷങ്ങൾക്കു മോടികൂട്ടാനും മാദ്ധ്യമങ്ങൾക്ക് വാർത്തയാവാനും തുടങ്ങിയാൽ അതിലെ ക്രിസ്തുസാന്നിദ്ധ്യം ഏതളവിലായിരിക്കുമെന്ന് ക്രിസ്തീയ മനസ്സാക്ഷിയുള്ളവർ ചിന്തിക്കട്ടെ. ●

# BRAVERY



DR. ROWAN WILLIAMS

When we celebrate bravery, what is it that we are really celebrating? Many cultures have admired the wild disregard for danger that fuelled raids and battles in a so-called heroic age: the Vikings left us the evocative word 'berserk' to describe this-the state of mind of warriors who tore off their shirts to fling themselves against an enemy's weapons. It's not all that different from the state of mind that prompts people under the influence of drugs or drink-or even turbulent hormones-to take insane risks: a kind of blindness to reality which allows lives to be risked by putting judgment and calculation on hold.

Christians have always regarded bravery as a virtue- 'fortitude', one of the cardinal virtues of classical Christian morality and indeed classical non-Christian morality in the ancient world. And what we have been describing hasn't much to do with virtue, with habits acquired by thought and self-denial that have become second nature. The bravery of the Viking berserker, the drunken man walking into the middle of a busy road or even the teenage joy-rider isn't, in that sense, a habit at all. It's more to do with a simple blockage in ordinary and intelligent ways of seeing the world. And even the person who seems to have an instinctive disregard for danger-we'd have to say that they were not necessarily displaying a virtue. What comes naturally is a bit different from what becomes 'second nature' because of the choices we make. And the catch is that when we celebrate bravery as a virtue-not as a kind of madness or a matter of temperament-we admit that we are capable of making the same decisions. **A Christian celebration of bravery is not an admiring gaze at acts of frenzy, in which we take vicarious pleasure in heroism we could never aspire to.** It's a serious self-questioning, a time to look at how our daily decisions lead us towards or away from such virtue, towards a point where we have grown to be the sort of people for whom it is unthinkable not to act selflessly and honourably.

The conduct of war relies on many kinds of bravery, of course; there would be no successful wars-as many have pointed out-without some deployment of the spirit of the berserker or the joy-rider, and often behaviour in war or in crisis is so mixed that it's hard to tease out real virtue from the courage of temperament or madness. Among English writers, that unfashionable genius, Rudyard Kipling understood this better than most: one of his most poignant stories deals with a demoralised and incompetent regiment shamed into corporate bravery by the wild courage of its two drummer-boys, two drunken, delinquent teenagers who suddenly find they can't live with the regiment's collective cowardice and depression, and self-sacrificially turn a rout into a victory. kipling makes us see them with very clear eyes: they are apparently aimless and worthless lads, and their bravery has a lot to do with alcohol and bravado-but, an enormous but, he makes us see also that they make a real decision, a real and redemptive choice. The awards we are celebrating today were made because people had learned how to identify decisions, redemptive choices, in their experience, not just because some act of fine disregard for danger was remembered with awe. Courage appeared in a form that could be seen to be rooted in thinking and in loving, not in sheer instinct or in delusion: Kipling's teenages, in spite of everything, would have been looked at sympathetically by the Victorian War Office because their final actions were motivated at least in part by the longing to give self-respect back to their comrades. And it is this grounding in thought and love that makes bravery worth celebrating for a Christian; it makes it clear that bravery is most valuable when it is not nature but second nature; when it's something that is created in us by decision and good habit, which are in turn created by a vision that appeals to what in us is most generous and self-giving.

Two of the most sensible and attractive of Christian thinkers, C.S.Lewis in the 20th century and St. Augustine in the 5th, pointed out a strange fact about our Lord: faced with the threat of torture and death, Jesus freely expresses his fear, and behaves in a very unheroic way. He tells his friends in the Garden of Gethsemane that he is consumed with darkness and dread, and he pleads to be spared. And Lewis and Augustine agree that it is a great sign of God's mercy that he becomes human not as a man of natural stoicism, not as a stiff-upper-lip hero, but as someone who has a vivid imagination of the pain to come and a real grasp of how great the risk is. Our hearts are touched by his lonely agony in Gethsemane because he has identified not with natural and thoughtless bravery but with the courage that is fully aware of how terrible the pain will be. What arrests us and challenges us is the thought of how great must be the vision that draws him on knowing, as he does, its human cost, shrinking, as he does, from the mortal suffering. **It is the writer of the Letter to the Hebrews who puts it most starkly in speaking of a Christ who, 'for the joy that was set before him, endured the cross, making nothing of its humiliation'. Here is bravery worth celebrating because it is born out of a vision that compels the complete loyalty of mind and**

***(Cont'd..... Page 18)***

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## ജൂബിലി സ്മൃതി

മെത്രാഭിഷേകസുവർണജൂബിലിയുടെ നിറവിലായിരുന്നു നമ്മുടെ രണ്ടു സഭാമേലധ്യക്ഷന്മാർ, ബസേലിയസ് മാർത്തോമാ മാത്യുസ് ദ്വിതീയൻ കാതോലിക്കാബാവയും ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്തയും. ഇരുവരും പ്രഗത്ഭർ, പ്രശസ്തർ, സഭാംഗങ്ങൾക്കു പ്രിയങ്കരർ.

എയ്ഞ്ചലച്ചനെന്നാണ് യുവവൈദികനായിരിക്കെ ബാവാതിരുമേനി അറിയപ്പെട്ടിരുന്നത്. എയ്ഞ്ചലിന്റെ പൂർവരൂപമായ ആൻജലോസ് എന്ന ഗ്രീക്കു ശബ്ദത്തിന് ദൈവദൂതൻ എന്നാണർത്ഥം. ദൈവത്തിന്റെ സന്ദേശം മനുഷ്യരിലെത്തിക്കുന്ന മാലാഖ. ദൈവത്തിൽ നിന്നു ഭിന്നനെങ്കിലും ദൈവസദൃശൻ. അമ്പതുവർഷം മുമ്പ് കൊല്ലം ഭദ്രാസനത്തിന്റെ സഹായമെത്രാനായാണ് ബാവാതിരുമേനിയുടെ ആദ്യനിയമനം. അന്നു മുതൽ അദ്ദേഹം ഓർത്തഡോക്സ് സഭയ്ക്കൊരു ശക്തി സ്രോതസ്. മലങ്കര റീത്തുപ്രസ്ഥാനത്തിന്റെ പ്രലോഭനങ്ങളിൽ നിന്നു ഓർത്തഡോക്സ് വിശ്വാസികളെ സ്വന്തം കർമവൈദഗ്ധ്യത്തിലൂടെ കാത്തുസൂക്ഷിച്ച കാവൽഭടൻ. കഠിനാദ്ധ്വാനത്തിലൂടെ സഭയ്ക്കു സാമ്പത്തികഭദ്രത. പുതിയ പള്ളികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, ആശ്രമങ്ങൾ തുടങ്ങിയവയിലൂടെ സമൂഹത്തിന്റെ ആദരവും അംഗീകാരവും. ഓർത്തഡോക്സ് സഭാവിശ്വാസത്തിൽ പാറപോലെ ഉറച്ചുനിൽക്കുമ്പോഴും മറ്റു സഭകളുമായി മാത്രമല്ല മറ്റു മതങ്ങളുമായും നല്ല ബന്ധങ്ങൾ സ്ഥാപിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

ക്രിസോസ്റ്റം തിരുമേനിയുടേത് മറ്റൊരു മുഖം. മതാദ്ധ്യക്ഷന്മാരിൽ പതിവുള്ള കാർക്കശ്യമില്ല. കുപ്പായമില്ലെങ്കിൽ ഒരു നാട്ടിൻപുറത്തുകാരൻ കാരണവരാണെന്ന തോന്നു. വാക്കിലും നോട്ടത്തിലും ലാളിത്യം, ചുണ്ടുകളിൽ ചിരി. സ്വന്തം രോഗത്തെയു മരണത്തെപ്പറ്റി തന്നെയും പറയുന്നത് ചിരിച്ചുകൊണ്ടും ചിരിപ്പിച്ചുകൊണ്ടും ചെറുപ്പത്തിൽ നല്ലൊരു സ്പോർട്സ്മേൻ ആയിരുന്നത്രേ അദ്ദേഹം. ആ സ്പോർട്സ്മേൻ സ്പിരിറ്റ് അദ്ദേഹത്തിൽ ഇന്നും ഇല്ലാതായിട്ടില്ല. പഴയതും പുതിയതുമായ കഥകളുടെ വലിയൊരു ഭണ്ഡാരമാണു ക്രിസോസ്റ്റം തിരുമേനി. സന്ദർഭത്തിനൊത്ത് ആ കഥകളദ്ദേഹം പുറത്തെടുക്കും. കഥ പറഞ്ഞു തുടങ്ങുമ്പോഴേ അറിയാം, കാര്യമായെന്തോ പിന്നാലെ വരുന്നുണ്ടെന്ന്. വലിയ ഇടയൻ കാണിച്ചു തന്ന മാതൃക. താനുൾപ്പെടെ ഈ ഭൂമിയിലുള്ള മനുഷ്യരുടെ അൽപ്പത്തങ്ങളെയും അഹന്തകളെയും ചിരിയിലൂടെ പരിഹസിക്കുന്ന ക്രിസോസ്റ്റം തിരുമേനിയെപ്പറ്റി സുകുമാർ അഴീക്കോട് പറഞ്ഞതു വളരെ ശരി: നമ്മുടെയിടയിൽ നാമറിയാതെ വേഷപ്രച്ഛന്നനായി (ബിഷപ്പിന്റെ വേഷത്തിൽ) സഞ്ചരിക്കുന്ന സോക്രട്ടീസ്.

സഭാംഗങ്ങൾ ഇരുജൂബിലികളും ഉത്സവഭംഗിയോടെ ആഘോഷിച്ചു. ആഘോഷങ്ങളുടെ നിറപ്പകിട്ടിൽ മുന്നിട്ടുനിന്നതു ഓർത്തഡോക്സ്. കൊട്ടും കുരവയും രഥഘോഷയാത്രയും മത-സാമൂഹിക-രാഷ്ട്രീയമേഖലകളിലെ സമുന്നതരുടെ സാന്നിധ്യവും അനുമോദനത്തിനെത്തിയവരിൽ ഗവർണറും മുൻ ഗവർണറുമൊക്കെയുണ്ടായിരുന്നു. മുഖ്യമന്ത്രിയുടെ വാഗ്‌വിലാസമാണു മറുഭാഗത്തെ തീർത്തും പിന്നിലാകാതെ തുണച്ചത്. പ്രശംസകളിലും പ്രകീർത്തനങ്ങളിലും ഇരുവരും ഒപ്പത്തിനൊപ്പം.

ആഹ്ലാദത്തിന്റെ ഈ നിമിഷങ്ങൾ ഇരു
മേലദ്ധ്യക്ഷന്മാരും അർഹിക്കുന്നു, തീർച്ച
ഒപ്പം ആലോചിക്കേണ്ട ഒന്നുണ്ട്. ജൂബി
ലിയാഘോഷങ്ങളോടു പ്രതികരിച്ചുകൊണ്
ഗുഡ് ന്യൂസ് വാർത്താവാരിക ഉന്നയി
ക്കുന്ന ഒരു സംശയം-പൗരോഹിത്യജൂ
ബിലി പോലുള്ള സന്ദർഭങ്ങൾ ആത്മീയ
ശക്തിവർദ്ധനയ്ക്കുപകരം സ്വാർത്ഥ
താൽപ്പര്യസംരക്ഷണത്തിനല്ലേ ഉപയോഗ
പ്പെടുത്തുന്നതെന്ന്. അപ്രസക്തമെന്ന്
കരുതി തള്ളിക്കളയാവുന്ന ഒന്നല്ല ഇത്
അന്യോന്യം ഉപയോഗപ്പെടുത്തുന്നത
നുള്ള പ്രവണത വർദ്ധിച്ചുവരുന്നുണ്ട് മ
-രാഷ്ട്രീയമേഖലകളിൽ. അതിന്റെ അ
കടം അധികം ബാധിക്കുന്നത് മതത്തെയ
ണ്. യഹൂദപാരമ്പര്യത്തിലാണ് ആരംഭ
ങ്കിലും അപ്പോസ്തലന്മാരുടെ മാതൃ
പിൻതുടർന്നും ദൈവത്തിനും മ
ഷ്യർക്കുമിടയിൽ മധ്യസ്ഥരെന്ന പദ
പരിരക്ഷിച്ചുമായിരുന്നു ക്രൈസ്തവപ
രോഹിത്യത്തിന്റെ വളർച്ച. സഭയു
ദൗത്യവുമായി ബന്ധപ്പെട്ട ധർമങ്ങളു
സമർത്ഥരായ നിർവാഹകരായിരുന്
ക്രൈസ്തവപുരോഹിതർ. സംശുദ്ധമാ
ഒരു ജീവിതശൈലിയുടെ ഉടമകൾ. മ
കാലയൂറോപ്പിൽ രാജാധികാരവുമായി കൂട്ട
ചേർന്ന് ഭരണത്തിന്റെ ഭാഗമായതോ
സഭയ്ക്കു നേരിട്ടതു ആത്മീയപതന
അതിനിന്നും ആവർത്തനം.

*മതവും രാഷ്ട്രവും മനുഷ്യന് ആ*
*ശ്യം. പക്ഷേ, അവയെ നാം വേർതിരിച്ച*
*കാണണം. മതവും വ്യക്തിയും ത*
*ലുള്ള ബന്ധം ആത്മീയതയുടേതാ*
*രാഷ്ട്രവുമായുള്ള ബന്ധമാകട്ടെ പൗ*
*വകാശങ്ങളിലൂന്നുന്നതും.* ആത്മീയ
യുടെ ഭാഗമായ വിശ്വാസവും ആരാധന
സമ്പ്രദായവും മതസ്വാതന്ത്ര്യത്തിലുൾ
ടുന്നു. അധികാരവും അതുളവാക്കുന്
ആധിപത്യപ്രവണതകളും രാഷ്ട്രീ
ത്തിന്റെ അവിഭാജ്യഘടകം. മതപരവു
രാഷ്ട്രീയവുമായ താൽപ്പര്യങ്ങൾ ഒരുമിച്ച
ചേരുകയെന്നാൽ അറിഞ്ഞുകൊണ്ട് അ
കടങ്ങളിലേക്കു നീങ്ങുകയെന്നാണർത്ഥ
അധികാരകേന്ദ്രങ്ങളുമായുള്ള അടുപ്പ
'എന്റെ മതം' എന്ന വികലവീക്ഷണ
ത്തിനു വഴിയൊരുക്കുന്നു. ഗുജറാത്തിലു
മാറാടിലും കണ്ട തരത്തിൽ മതഭ്രാന്തെന്ന
വിശേഷിപ്പിക്കുന്ന മാരകാവസ്ഥയിൽ
അതു നമ്മെ എത്തിക്കുന്നു. രാഷ്ട്രീയ
തൃത്വങ്ങളെ സംബന്ധിച്ചിടത്തോളം, മ
അധികാരത്തിലേക്കുള്ള ഉപാധിക
ലൊന്നു മാത്രം. സത്യത്തിനും സാഹോ
ദര്യത്തിനും അതിൽ സ്ഥാനമില്ല
ടോൾസ്റ്റോയിയുടെ വാക്കുകൾ ശ്രദ്ധ
ക്കുക: "ജീവിതത്തിനു ഒരു തരത്തിലേ
യുള്ളു പ്രാധാന്യം-ദൈവരാജ്യനിർമി
യിൽ പങ്കാളിത്തം. അതാകട്ടെ സത്യസന്
തയിലൂടെ മാത്രം സാധിക്കാവുന്നത്."

[illegible]

the Marthoma Church, in the 21st century world. When Mar Gregorios of Kochi was consecrated there was already another Gregorios in the same Synod, but the Patriarch told me later the first was named after the ancient church father but the young man was named after Parumala Thirumeni to whose family he belongs so that his peer's name is always a challenge for him. Let us therefore hope that this jubilee becomes an opportunity for all bishops across denominations to indulge in self introspection and, wherever necessary, course correction.

The episcopal golden jubilee of the Catholicose of the East and the Marthoma Metropolitan is an occasion not merely for meetings to be addressed by Governors, ex-Governors and Chief Ministers, but one for the whole church in India to praise the Lord, and to pray for future guidance for all our bishops. Have we done that, in the Marthoma Church, in the Orthodox Church, in all the sister churches in India.



# മനുഷ്യബന്ധങ്ങളുടെ സാധ്യതകൾ

രണ്ടാം ഭാഗം

ജോർജ് ബഹനാൻ ടി.

മനുഷ്യബന്ധങ്ങളോടും അതിന്റെ ആഴമേറിയ സാദ്ധ്യതകളോടുമുള്ള നമ്മുടെ മനോഭാവം വികലമാണ്. ലളിതമായ ഭാഷയിൽ പറഞ്ഞാൽ, ഇതു നമ്മെ കൊണ്ടെത്തിക്കുന്നത് ഒരു കച്ചവടമനഃസ്ഥിതിയിലാണ്. ആൽവിൻ ടോഫ്ളറിന്റെ "തേർഡ് വേവ്" എന്ന ഗ്രന്ഥത്തിൽ മൂന്ന് പരിണാമ ദശകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. കൃഷിയിൽ നിന്നു വ്യവസായത്തിലേക്കും, വ്യവസായത്തിൽ നിന്നു വിവരസാങ്കേതികവിദ്യയിലേക്കുമുള്ള പ്രയാണമാണത്. വിവര-സാങ്കേതികവിദ്യയിലേക്കുള്ള മനുഷ്യന്റെ പരിണാമം മനുഷ്യനെ കൊണ്ടെത്തിച്ചത് വ്യക്തി കേന്ദ്രീകൃതവും ഭൗതികാഭിവൃദ്ധി കേന്ദ്രീകൃതവുമായ ഒരു സമൂഹത്തിലേക്കാണ്. അത് വീണ്ടും അനാരോഗ്യകരമായ കൺസ്യൂമറിസത്തിലെത്തിനിൽക്കുന്നു. വ്യക്തികളും സ്ഥാപനങ്ങളും രാഷ്ട്രീയനേതാക്കൻമാരും ഇതിന്റെ നീരാളിപ്പിടിയിലാണ്. ഇത് അന്തിമമായി ബാധിക്കുന്നത് മനുഷ്യബന്ധങ്ങളെയും.


**ആർക്കും ആരെയുമറിയാൻ ആഗ്രഹമില്ലാത്ത ഒരവസ്ഥയാണിന്ന്. അറിഞ്ഞിട്ടെന്തു കാര്യം. എന്തെങ്കിലും കാര്യം സാധിക്കണമെങ്കിൽ എന്തെങ്കിലും ചോദിക്കും. കാര്യസാദ്ധ്യത്തിനുവേണ്ടി മാത്രമുള്ള ബന്ധങ്ങൾ സ്ഥാപിക്കാനാണ് എല്ലാവർക്കും താൽപ്പര്യം.** ഇത് വലിയൊരു ശാപമാണ്. ധനത്തോടുള്ള അമിതമായ ആഗ്രഹവും അതുണ്ടാക്കുന്ന ഊഷരതയും മൂല്യശോഷണവും ക്രമാതീതമായി വളർന്നുകൊണ്ടിരിക്കുന്നു. മനുഷ്യബന്ധങ്ങളെ പാടേ മറന്നുകൊണ്ട്, ഭൗതികാഭിവൃദ്ധി കേന്ദ്രീകൃതമായ ഒരു ദുരവസ്ഥയിലേക്ക് നമ്മുടെ കുടുംബങ്ങളും സഭയും സ്ഥാപനങ്ങളും എത്തിനിൽക്കുന്നു. അവ തകർന്നുകൊണ്ടിരിക്കുന്നത് മനുഷ്യബന്ധങ്ങളുടെ അഭാവം കൊണ്ടുമാത്രമാണ്. അച്ഛനും മക്കളും തമ്മിൽ കോടതിയിൽ കേസ്സുകളില്ലേ. ഇടവകകമ്മിറ്റി അതേ ഇടവകയിലെ അംഗത്തിനെതിരെ കൊടുക്കുന്ന കേസ്സുകൾ ഇന്ന് കോടതിയിലില്ലേ. മനുഷ്യബന്ധങ്ങൾ ശിഥിലമായാൽ എല്ലാം കുഴപ്പത്തിലാകും.

**കുടുംബം, ബന്ധങ്ങളുടെ പൊരുളാണ്. ഈ ബന്ധങ്ങൾ വളർന്നു പന്തലിച്ചതാണ് ഈ ലോകം.** ദൈവം കുടുംബങ്ങളെയാണു സൃഷ്ടിക്കുന്നത്. വേദപുസ്തകം തുടങ്ങുന്നതുതന്നെ ഒരു കുടുംബത്തിന്റെ പശ്ചാത്തലത്തിലാണ്. മനുഷ്യനെ ഒരു കുടുംബമായി എന്തിനു സൃഷ്ടിച്ചുവെന്ന ചോദ്യത്തിന് ഒരുത്തരമേയുള്ളൂ-മനുഷ്യബന്ധങ്ങളുടെ മനഃശാസ്ത്രം മനസ്സിലാക്കാൻ. മനുഷ്യബന്ധങ്ങൾ അപ്രത്യക്ഷമാകുമ്പോൾ മനുഷ്യജീവിതത്തിന് അർത്ഥമില്ലായ്മ ഉണ്ടാകും. അന്നേരം മനുഷ്യനുണ്ടാകുന്ന ഏകാന്തത, ആർക്കും നമ്മെ ആവശ്യമില്ലെന്നുള്ള തോന്നൽ, ഇതാണ് ഏറ്റവും വലിയ ദാരിദ്ര്യം എന്ന് മദർ തെരേസ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പാശ്ചാത്യരാജ്യങ്ങൾ മുഴുവൻ 'ദാരിദ്ര്യ'ത്തിലാണ്. അവരുടെ ആഴമേറിയ മനുഷ്യബന്ധങ്ങളുടെ കുറവ് കുടുംബത്തകർച്ചയിലും വിവാഹമോചനങ്ങളിലും എത്തിനിൽക്കുന്നു. ഒരു കുടുംബത്തിന്റെ വിജയരഹസ്യം അവിടുത്തെ ശക്തമായ മനുഷ്യബന്ധമാണ്. അത്തരം കുടുംബങ്ങൾ ഏതു ദാരിദ്ര്യത്തെയും, സാമ്പത്തിക പരാധീനതയെയും അതിജീവിച്ചു വിജയിക്കും. അതുപോലെ തന്നെയാണ് അദ്ധ്യാപക-വിദ്യാർത്ഥി ബന്ധവും. നല്ല പഠനത്തിന്റെയും അദ്ധ്യാപനത്തിന്റെയും രഹസ്യവും നല്ല ബന്ധങ്ങൾ തന്നെ. ഇത് കുട്ടികൾക്കു നേട്ടബോധമുണ്ടാക്കും, ഓർമ കൂട്ടും, ഉൽസാഹമുണ്ടാക്കും. ബന്ധങ്ങൾ ശിഥിലമായാൽ, നേരെ മറിച്ചും സംഭവിക്കും.

ശക്തമായ മനുഷ്യബന്ധങ്ങളുള്ള കുടുംബങ്ങളിൽ എത്ര നഷ്ടമുണ്ടായാലും വിഷാദമുണ്ടായാലും, അതവരെ ആത്മഹത്യയിലേക്കു നയിക്കയില്ല. പലപ്പോഴും ***മനുഷ്യബന്ധങ്ങൾ ഒരു പാരച്യൂട്ടു പോലെ വ്യക്തികളെ നിരാശയിൽ നിന്നും ഏകാന്തതയിൽ നിന്നും സുഗമമായി താഴെയിറങ്ങാൻ സഹായിക്കും.*** പലരുടെയും അനുഭവങ്ങൾ കാണിക്കുന്നതതാണ്. ആശയവിനിമയമാണ് മനുഷ്യബന്ധങ്ങളെ വളർത്താനും ഉറപ്പിക്കാനുമുള്ള പ്രധാന ഉപാധി. മറ്റുള്ളവരെ കരുതാനും അറിയാനുമുള്ള ആഗ്രഹം പരിപക്വമായ മനസ്സിന്റെ ലക്ഷണമാണ്. അത് മനസ്സിന്റെ നന്മയാണ്. വെളിച്ചമാണ്. ഇതാണ് നമ്മളെ ആശയവിനിമയത്തിലേക്കു നയിക്കുന്നത്. പക്ഷേ മറ്റുള്ളവരുടെ ശമ്പളം, പ്രായം, ബാങ്ക് ബാലൻസ്, മാർക്ക്, റാങ്ക് തുടങ്ങിയവ അറിയാനുള്ള ആഗ്രഹം ജിജ്ഞാസയാണ്. ഇത് ആശയവിനിമയത്തെ തടസ്സപ്പെടുത്തും. സ്നേഹബന്ധങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നവർ പൂർണമനുഷ്യരാകും. ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് മനുഷ്യരാശിയെ നയിക്കാൻ മനുഷ്യബന്ധങ്ങൾക്കേ സാധിക്കൂ.

ഒരു കിന്റർഗാർട്ടനിലെ രണ്ടു കളിപ്പാട്ടങ്ങൾ-ഒരു മുയലും ഒരു കുതിരയും-ക്ലാസ്സിൽ കുട്ടികളില്ലാതിരുന്ന സമയത്ത് നടത്തിയ ഒരു സംഭാഷണം ശ്രദ്ധിക്കൂ. "എന്താണ് യാഥാർത്ഥ്യം", മുയൽ ചോദിച്ചു. കുതിരയുടെ ഉത്തരം അൽപം നീണ്ടതായിരുന്നു. "നിന്നെ എങ്ങനെ ഉണ്ടാക്കിയിരിക്കുന്നുവെന്നതല്ല യാഥാർത്ഥ്യം. ഒരു കൊച്ചുകുട്ടി നിന്നോടൊപ്പം കളിച്ചുവെന്നതിലും പ്രാധാന്യമില്ല. പക്ഷേ കുട്ടി നിന്നെ സ്നേഹിച്ചുവെന്നതാണ് നിന്നെ യാഥാർത്ഥ്യത്തിലേക്കു നയിക്കുന്നത്." മാർഗറി വില്യംസിന്റെ ഒരു ചിത്രീകരണമാണിത്. സ്നേഹബന്ധങ്ങൾ സൃഷ്ടിച്ചെടുക്കുന്ന യാഥാർത്ഥ്യബോധം മനുഷ്യനെ സ്വതന്ത്രനാക്കും, അവന്റെ മുഖംമൂടികളില്ലാതാക്കും, ആശയവിനിയമം സുഗമമാക്കും. സൗഖ്യദായകമായ മനുഷ്യബന്ധങ്ങളെപ്പറ്റി ചിന്തിക്കേണ്ട കാലമാണിത്. പക്ഷേ പലപ്പോഴും ബന്ധങ്ങൾ സ്ഥാപിക്കാനുള്ള താൽപ്പര്യം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. തലസ്ഥാന നഗരിയിൽ താമസമാക്കിയ എന്റെയൊരു മുൻ അദ്ധ്യാപകൻ എന്നോടിന്നുവരെ ആശയവിനിമയം നടത്തിയിട്ടില്ല. പള്ളിയിൽ വച്ചും അങ്ങാടിയിൽ വച്ചും പല പ്രാവശ്യം കണ്ടിട്ടുണ്ട്. അങ്ങോട്ടു ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയും. തിരിച്ച് വ്യക്തിപരമായ ഒരു ചോദ്യം പോലും ചോദിച്ചിട്ടില്ല.

കഴിഞ്ഞ മൂന്നാലു മാസങ്ങളിൽ രണ്ടു സഭകളിലെ ബിഷപ്പുമാരെ അവിചാരിതമായി കാണാനിടയായി. ആദ്യത്തെയാൾ എന്നോടു പതിനഞ്ചു മിനിട്ടോളം സംസാരിച്ചു. വ്യക്തിപരമായ ധാരാളം കാര്യങ്ങൾ ചോദിച്ചു. ഇവിടെ ബന്ധങ്ങൾ കൂടുതൽ യാഥാർത്ഥ്യമായി. രണ്ടാമത്തെയാൾ ആശയവിനിമയം മൂന്നു വാക്കുകളിലൊതുക്കി കടന്നുപോയി. മറ്റുള്ളവരെ കരുതാനും മനസ്സിലാക്കാനുമുള്ള ഒരാവേശമില്ലായ്മയാണ് ഇവിടുത്തെ കാതലായ പ്രശ്നം. ഇത് ആത്മീയവും മാനസികവുമായ പ്രശ്നമാണ്. ഇക്കൂട്ടർക്ക് സമൂഹത്തിലൊരു ശക്തിയാകാൻ സാധിക്കയില്ല. ചുമട്ടുതൊഴിലാളിയെയും റയിൽവേ പോർട്ടറെയും ഡ്രൈവറെയും, കണ്ടക്ടറെയുമൊക്കെ നാമെപ്പോഴും കുറ്റം പറയുന്നവരാണ്. വിദ്യാഭ്യാസമുള്ള നാമാണ് കുറ്റം പറയേണ്ട സ്ഥിതിയിൽ അവരെയാക്കിയത്. അവരുമായി ആശയവിനിമയമില്ല, മനുഷ്യബന്ധങ്ങളില്ല. ഓട്ടോറിക്ഷാ ഡ്രൈവർമാരുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനത്തിലൂടെയുള്ള സ്വന്തം അനുഭവങ്ങളിൽ നിന്നാണ് ഇതെഴുതുന്നത്. മനുഷ്യബന്ധങ്ങൾക്കു മാത്രമേ സഭയേയും സമൂഹത്തെയും മാറ്റാനാവൂ.



# അൽപം വീട്ടുകാര്യം

[illegible]

കഴിഞ്ഞ രണ്ടു മാസമായി ഞാൻ വളരെ ജോലിത്തിരക്കിലായിരുന്നു. ഒന്നിനും സമയമില്ല. പുരയിടത്തിലെ തേങ്ങ ഇട്ടിട്ട് രണ്ടരമാസമായി. വീട്ടിലെ ആവശ്യത്തിനുപോലും തേങ്ങ ഇല്ല. മേൽപ്പറഞ്ഞ തെങ്ങിൻ പുരയിടം എന്റെ പൂർവികസ്വത്താണ്. മധ്യതിരുവിതാംകൂറിലെ ഒരു ചെറിയ പട്ടണത്തിന്റെ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന രണ്ടേക്കർ ഭൂമി എനിക്കു കിട്ടിയത് മഹാഭാഗ്യമാണെന്ന് എല്ലാവരും വിശ്വസിക്കുന്നു. എന്റെ സഹോദരിമാരും ആ ഭൂമി എനിക്ക് വിൽ പ്രകാരം കട്ടിയതിൽ, അകത്ത് നെടുവീപ്പുണ്ടെങ്കിലും പുറമേ എന്നോട് സ്നേഹാദരവു കാട്ടും. പണ്ടു പണ്ട് അപ്പൻ വിൽ എഴുതി വച്ചിട്ടുപോയി. മേരി റോയിയുടെ കേസ്സ് പിന്നീട് പൊങ്ങി വന്നതാണല്ലോ. എന്റെ പുരയിടത്തിൽ ആദ്യം നൂറിൽപ്പരം നല്ല തെങ്ങുകളുണ്ടായിരുന്നു. ഇപ്പോൾ അവശേഷിക്കുന്നത് 68 തെങ്ങുകൾ മാത്രം. നശിച്ചുപോയതിനു പല കാരണങ്ങൾ. മണ്ട വീക്കം, ഓല പിരിച്ചിൽ, ചെല്ലി കുത്തിയത്, എലി കരണ്ടത്, ഇങ്ങനെ അനേകം കാരണങ്ങളാൽ പല തെങ്ങുകളും വെട്ടി. തടി ഞാൻ ഇഷ്ടിക ഉണ്ടാക്കുന്ന ചൂളകൾക്കു വിറ്റു. ഇനിയും തെങ്ങു നട്ടാൽ എങ്ങനെ വളർന്നു പ്രയോജനപ്പെടുമെന്ന് ആർക്കും പറയാനാവില്ല. കൂടാതെ, പുരയിടത്തിന്റെ ഒരു കോണിൽ ഒരു മുളക്കൂട്ടം, പിന്നെ എട്ടുപത്ത് ആഞ്ഞിലി മരങ്ങൾ, ആറ് പ്ലാവ്, രണ്ട് പഞ്ഞിമരങ്ങൾ, ഒരു പന, ഇതെല്ലാം അവശേഷിക്കുന്നുണ്ട്. അങ്ങുമിങ്ങും കുറെ കാപ്പിച്ചെടികൾ. ഇത്രയും വിവരിച്ചാൽ പുരയിടത്തിന്റെ കിടപ്പും മറ്റും വായനക്കാരനു മനസ്സിലാകും.

മഴയില്ലാത്ത ഒരു ദിവസം രാവിലെ ഞാൻ പതിയാനെ അന്വേഷിച്ചിറങ്ങി. മോനിച്ചൻ എന്നാണ് ഞങ്ങൾ അയാളെ വിളിക്കുക. അഞ്ചേകാൽ അടി ഉയരം, കെല്ലിച്ച ശരീരം, പൊടിമീശ, തലയിൽ ഒരു കെട്ട്, അരയിൽ ഒരു വെട്ടുകത്തി, ഇടുപ്പിൽ ഒരു പായ്ക്കറ്റ് ബീഡി, തീപ്പെട്ടി, ഇത്രയും വിവരിച്ചാൽ മോനിച്ചനായി. റയിൽവേ ലൈനിന്റെ വക്കിൽ പുറമ്പോക്കു സ്ഥലത്ത് ഒരു ഓലക്കൂടിലിലാണ് ഇഷ്ടന്റെ താമസം. ഈ വിദ്വാൻ, എന്റെ അമ്മ മരിക്കുന്നതിനു മുമ്പ് പൂർവികസ്വത്തായി കൈമാറ്റം ചെയ്ത് എനിക്കു കിട്ടിയ ജോലിക്കാരനാണ്. ഇപ്പോൾ ഞങ്ങൾ സുഹൃത്തുക്കളാണ്. ഭൂമി എത്ര കുലുങ്ങിയാലും മോനിച്ചൻ സദാ സന്തോഷവാൻ. തമാശ പറയുന്നതിൽ വിരുതനും. ചെന്നപ്പോൾ മോനിച്ചൻ കുടിലുണ്ട്. "സാറിനെ ഞാൻ തിരക്കിക്കൊണ്ടിരിക്കയായിരുന്നു". ഞാൻ പറഞ്ഞു, "മോനിച്ചാ ഇന്ന് തെളിവുണ്ടല്ലോ. മഴ പെയ്യുമെന്നു തോന്നുന്നില്ല. 1 മണിക്ക് തേങ്ങ ഇടാൻ വരണേ". "ശരി, വന്നേക്കാം", മോനിച്ചൻ ഏറ്റു. ഞാൻ വളരെ സന്തോഷത്തോടെ വീട്ടിലേക്കു മടങ്ങി. ഇക്കാലത്ത് തേങ്ങ ഇടാൻ ആരെയും കിട്ടില്ല. പക്ഷേ മോനിച്ചനെ എന്റെ ഒരു ആത്മസുഹൃത്തിനെപ്പോലെ ഞാൻ കരുതുന്നു. ഈ കാര്യത്തിനു പല പ്രലോഭനങ്ങളും ഞാൻ അയാൾക്കു കാഴ്ച വച്ചിട്ടുണ്ട്. ഒരു ക്ഷേത്രപ്രതിഷ്ഠയെപ്പോലെ ഞാൻ അയാളെ പൂജിച്ചിട്ടുണ്ട്. ചോദിക്കുമ്പോഴെല്ലാം ഒരു കൈമടക്ക്-ഇഷ്ടന്റെ നടു ഉളുക്കിന്, കുഴമ്പു മേടിക്കാൻ, ഭാര്യയുടെ പ്രസവത്തിന്, പുര മേയാൻ, മരുമകന്റെ അടിപിടിക്കേസിൽ പൊലീസിനു കൊടുക്കാൻ, എന്നു വേണ്ട പല കാര്യങ്ങൾക്കും ഞാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ ഓണം ക്രിസ്മസ് എന്നിങ്ങനെ പലവിധം. എന്റെ ഭാര്യയ്ക്ക് ഈ 'പതിയാൻ സ്നേഹം' ഒട്ടും തന്നെ പിടിക്കുന്നില്ല. തൊട്ടതിനൊക്കെ അയാൾക്കു കാശു കൊടുത്ത് നിങ്ങളയാളെ വഷളാക്കുകയാണ്" എന്നൊക്കെ പറഞ്ഞ് ഭാര്യ എന്നെ ശകാരിക്കും. എന്തു ചെയ്യാം, പൂർവികസ്വത്ത് നോക്കേണ്ടത് എന്റെ കടമയല്ലേ.

പതിനൊന്നു മണിയോടെ മോനിച്ചനും അവന്റെ കെട്ടിയവളും വേറെ ഒരു കിളവനും വന്നു ചേർന്നു. തേങ്ങ ഇട്ടു തുടങ്ങി. ഒരു നോട്ടുബുക്കിന്റെ താളിൽ ഞാൻ അക്കമിട്ട് ഓരോ തെങ്ങിൽ നിന്ന് വീഴുന്ന തേങ്ങയുടെ കണക്കു കുറിക്കയാണ്. പറമ്പു മുഴുവൻ തൊട്ടാവാടി, കമ്യൂണിസ്റ്റ് പച്ച, തൊടലിമുള്ള്, ചൊറിതനം. കൂടാതെ ചില വള്ളിച്ചെടികളും കൊണ്ട് ഒരു ചെറിയ വനം പോലെ തിങ്ങിനിൽക്കയാണ്. അവിടെയും ഇവിടെയും രണ്ടുമൂന്നു കീരികളും ഒളിച്ചു കളിക്കുന്നതു കാണാം. മുട്ടിനു താഴെ വലിയ കൊതുകുകൾ വന്ന് കണങ്കാലിന്റെ പുറത്ത് മിഗ് വിമാനങ്ങൾ പോലെ പറന്നടുത്ത് ഇരിപ്പിടമൊന്നു കുലുക്കി. അതിന്റെ കാലുകളുറപ്പിച്ച് അതിന്റെ തുമ്പിക്കൈ മാംസത്തിലേക്ക് സൂചിപോലെ കുത്തിയിറക്കി നമ്മുടെ ചോര അതിന്റെ ഇഷ്ടംപോലെ, കൂൾഡ്രിങ്ക് കുടിക്കും പോലെ, കുടിച്ചു രസിക്കുന്നു. നമുക്കു ശരീരത്തിൽ ഒരു അറപ്പ് അനുഭവപ്പെടുമ്പോൾ വലത്തെ കൈ വച്ച് വീശിയൊന്നടിക്കും. ചോര കുടിച്ചു വീർത്ത ശത്രു അപ്പോൾ ചത്തുവീഴും. അല്ലെങ്കിൽ, അവൻ പറന്നകലും. പത്തു പന്ത്രണ്ട് തെങ്ങിൽ കയറുമ്പോൾ നമുക്ക് ദാഹത്തിന്റെ പരവേശം, നല്ല ഉഷ്ണം. "എടോ ഒരു കരിക്കിടണം. വെള്ളം കുടിക്കണം," ഞാൻ മോനിച്ചനോടപേക്ഷിക്കും. അദ്ദേഹം എന്നോടുള്ള അനുകമ്പ കൊണ്ട് ഒരു കരിക്ക് ഇട്ടുതരും. താഴെ വരുമ്പോൾ അത് വെട്ടി പാകപ്പെടുത്തി എന്റെ നേർക്കു നീട്ടും. ലോകത്തിലേക്കും ശുദ്ധമായ കരി

(ശേഷം പേജ് 20)

**BRAVERY** (Contd. from page [illegible])

**heart alike;** for what Christ achieved by his bravery is the renewal of the whole human situation. How strange it would be if we said of his death that it was somehow easier for him because he was naturally insensitive to pain or fear! His courage is also in the admission of all that is human, including our frailty and physical shrinking from death. We celebrate his free self-giving all the more thankfully for knowing that he embraced all this, as well as the physical anguish of his crucifixion.

***Courage as a true virtue is the kind of courage that reflects the bravery of Christ, courage that does not deny the reality of fear but is moved and energised by a vision. It is always courage that is exercised in one way or another for the sake of others, to make something possible for others, not for personal gain or glory.*** And here is the second great challenge set before us. If the virtue of courage is born only out of a compelling vision, can our society today provide such a vision? When we ask for sacrificial bravery from our police, our doctors and nurses, our fire and ambulance services, even our teachers-that is, when we ask them to live with physical threat, with exhaustion or exposure, or with perpetual struggle and risk, for limited material reward-have we the confidence that there is enough of a vision informing and shaping our social life to compel generosity? Once we begin to take cynicism for granted, we can forget about courage. We need ideals that will touch both thought and love so deeply as to move us almost irresistibly to the decision for generosity; ideals that will make us want to make new things possible for others. ●

# കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ

ഡോ. കെ. വി. വർഗീസ്



## യു. സി. കോളജ് ഹോസ്റ്റലിൽ

(തുടർച്ച)

ഞങ്ങളുടെ ഹോസ്റ്റൽ ബോയ് വാർദ്ധക്യത്തിന്റെ ഉമ്മറപ്പടിയിൽ കാലുറപ്പിച്ചു കൊണ്ടിരുന്ന ജോൺ ചേട്ടനായിരുന്നു. സാധുമനുഷ്യൻ. വല്లപ്പോഴുമൊക്കെ ഒന്നോ രണ്ടോ രൂപ ഞങ്ങൾ ഇനാമായി നൽകുമ്പോൾ അയാളുടെ മുഖത്തു വിടർന്ന പുഞ്ചിരി ഹൃദ്യമായ ഒരനുഭവമായിരുന്നു. ജോൺ ചേട്ടൻ ക്ഷുഭിതനാകുന്നത് അപൂർവമായി മാത്രമേ ഞങ്ങൾ കണ്ടിട്ടുള്ളൂ. അതുണ്ടാകുന്നതോ, പാച്ചുപിള്ളയുടെ വരവോടുകൂടെയും. പാച്ചുപിള്ള രണ്ടു കാലിനും മല പോലെ മന്തുള്ള ഒരു പിച്ചക്കാരനായിരുന്നു. ഹോസ്റ്റലിൽ ഭിക്ഷാടനത്തിന് കർശന വിലക്കു കൽപ്പിച്ചിരുന്നു. എങ്കിലും കണ്ണു വെട്ടിച്ച് പാച്ചുപിള്ള ഗേറ്റു കടക്കും. അയാളുടെ തലവെട്ടം കാണുമ്പോൾ ജോൺ ചേട്ടൻ കലിതുള്ളും. 'ഇറങ്ങടോ പാച്ചുപിള്ള' എന്നാക്രോശിച്ചുകൊണ്ട് ജോൺ ചേട്ടൻ ഓടിയെത്തുകയായി. ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ പാച്ചുപിള്ള അപ്പോഴും മുന്നോട്ടു നീങ്ങുന്നുണ്ടാവും. അൽപം മയപ്പെടുത്തി 'പാച്ചുപിള്ളേ പോകാനല്ലേ പറഞ്ഞത്' എന്ന് ജോൺ ചേട്ടൻ താക്കീതു നൽകും. തുടർന്ന് ജോൺ ചേട്ടൻ പറയും, ''എന്റെ പൊന്നു പാച്ചുപിള്ളേ, വയറ്റത്തടിയ്ക്കരുത്. സി. പി. മാത്യുസാർ എന്നെ ജീവനോടെ കുഴിച്ചുമൂടും. തനിക്കു ഞാൻ കാശു തരാം. ഇതാ രണ്ടു രൂപാ''. അതു വാങ്ങി അതിലൊന്ന് ജോൺ ചേട്ടനു മടക്കി നൽകിക്കൊണ്ടു പാച്ചുപിള്ള പറയും, എനിയ്ക്കിതു മതി. നമ്മൾ രണ്ടു പേരുടേം ഗതികേടു കൊണ്ടല്ലേ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്.'' അങ്ങനെ ആ രംഗം അവിടെ അവസാനിക്കുകയായി. ഒരു മാസത്തിനുശേഷം പാച്ചുപിള്ള മടങ്ങിയെത്തും. അപ്പോഴും ഇതുതന്നെ ഗതി.

നല്ലയൊരു നായർ തറവാട്ടിൽ പിറന്നവനാണു പാച്ചുപിള്ള. സ്വത്തു മുഴുവനും നശിച്ച് മന്തുരോഗവും ബാധിച്ച അവസ്ഥയിൽ വീട്ടുകാർ അയാളെ ഉപേക്ഷിക്കുകയുണ്ടായി. ആർക്കും ഭാരമാകാതെ പിള്ള പടിയിറങ്ങി. വല്ലപ്പോഴുമൊക്കെ വീട്ടിൽ ചെന്നെങ്കിലായി. കിട്ടുന്നതിന്റെ ഒരു ഭാഗം മറ്റുള്ളവർക്കു പങ്കുവയ്ക്കുവാൻ അയാൾ ഒരുക്കമായിരുന്നു. വിശന്നു കരയുന്ന ഒരു കുട്ടിയെ കണ്ടാൽ പാച്ചുപിള്ളയുടെ കീശ കാലിയാകും. വറ്റിവരളാത്ത മനുഷ്യത്വത്തിന്റെ കണികയുമായി ഊരു ചുറ്റിക്കൊണ്ടിരുന്ന പാച്ചുപിള്ള ഞങ്ങൾക്കൊരു പ്രഹേളികയായിരുന്നു. ജോൺ ചേട്ടന്റെ വാക്കുകളിൽ, ''പാച്ചുപിള്ളയെ ഓടിച്ചുവിടുന്നതിൽ എനിക്കു ദുഃഖമുണ്ട്. പക്ഷേ എന്തു ചെയ്യാനാവും? പല കാര്യങ്ങളിലും നമ്മളെല്ലാം നിസ്സഹായരല്ലേ? ഒരു കാര്യം ഉറപ്പ്. ഇവിടത്തെ പല ദിവ്യന്മാരേക്കാളും വലിയവനാണ് അലഞ്ഞു നടക്കുന്ന മന്തുകാലനായ ആ പിച്ചക്കാരൻ.''

വലിയവരുടെയും ചെറിയവരുടെയും, ചെറിയ വലിയവരുടെയും ലോകത്തിലാണ് ഞങ്ങൾ ജീവിച്ചിരുന്നത്. ഒരു ടേം അവസാനിക്കാറായപ്പോൾ ഹോസ്റ്റൽ ഒരു കുടുംബം പോലെയായി. ക്ലാസ്സിലെ അനുഭവങ്ങൾ ഞങ്ങൾ പരസ്പരം പങ്കിടുമായിരുന്നു. എന്നെ പഠിപ്പിക്കാത്ത അദ്ധ്യാപകരെപ്പറ്റിയും കൂട്ടുകാരിൽ നിന്നു പല കാര്യങ്ങൾ കേട്ടറിഞ്ഞു. അവരിൽ ചിലരെ ആരാധനാമനോഭാവത്തോടെ കാണുവാൻ എനിക്കു കഴിഞ്ഞു. കെമിസ്ട്രി പ്രൊഫസർ ടി. ആർ. അനന്തരാമൻ കുട്ടികൾക്കൊരു ആരാധനാപാത്രമായിരുന്നു. എന്നെ അദ്ദേഹം പഠിപ്പിച്ചിട്ടില്ല. എങ്കിലും, കുട്ടികൾ പറഞ്ഞതിൽ നിന്ന് സാറിനോടൊരു പ്രത്യേക മമത തോന്നി. അനന്തരാമൻ സാറിന് കെമസ്ട്രിയിൽ കേവലബിരുദം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, വിഷയത്തിലുള്ള അവഗാഹം കണക്കിലെടുത്ത് പ്രൊഫസർ പദവി അദ്ദേഹത്തിനു ലഭിച്ചു. ഈ പട്ടികയിലുള്ള ഒരേ ഒരാൾ അദ്ദേഹം മാത്രമായിരുന്നു. യഥാസ്ഥിതിക ബ്രാഹ്മണനെങ്കിലും നീതിബോധമുള്ളവൻ, ഗൗരവസ്വഭാവക്കാരൻ, അക്കാദമിക് നിലവാരം താഴുവാൻ സമ്മതിക്കാത്തവൻ, അങ്ങനെ പോകുന്നു അദ്ദേഹത്തെപ്പറ്റിയുള്ള വിശേഷണങ്ങൾ. വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ കഴിവിനെയും വ്യക്തിത്വത്തെയും മാനിച്ചുവെന്നതു സ്പഷ്ടം. ഇതെല്ലാം കേട്ടതുകൊണ്ടാവാം അടുത്തറിയാത്തവർക്കുപോലും അനന്തരാമൻ സാർ പ്രിയങ്കരനായത്. എന്നാൽ അദ്ദേഹത്തിന്റെ വിദ്യാർത്ഥികളിൽ ചിലരെങ്കിലും ആ കർക്കശസ്വഭാവം ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ അവർ പോലും അനന്തരാമൻ സാറിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്തിട്ടില്ല.

വർഷങ്ങൾക്കുശേഷം അദ്ദേഹത്തെപ്പറ്റി കേട്ട ഒരു കഥ എന്നെ കോരിത്തരിപ്പിച്ചു. ഇതു പറഞ്ഞത് യശശ്ശരീരനായ പ്രൊഫ. ടി. കെ. തോമസ് ആണ്. (അദ്ദേഹം യു. സി. കോളജിൽ ഹ്രസ്വകാലം അദ്ധ്യാപകനായിരുന്നു.) അനന്തരാമൻ സാർ ആലുവ കോളജിൽ നിന്നു റിട്ടയർ ചെയ്തശേഷം മദ്രാസിൽ താമസമാക്കി. അന്നത്തെ കാലത്ത്, റിട്ടയർ ചെയ്ത ഒരു പ്രൈവറ്റ് കോളജദ്ധ്യാപകന് എന്തു സമ്പാദ്യമാണുണ്ടാവുക? ആർഭാടമില്ലാതെ ജീവിതം നയിച്ച സാറിന്റെ ഏക വരുമാനമാർഗം സ്വകാര്യ ട്യൂഷൻ ആയിരുന്നു. വരുമാനമുണ്ടാക്കുവാൻ മാത്രമായി അനന്തരാമൻ സാർ ആർക്കും ട്യൂഷനെടുക്കുവാൻ ഒരുക്കമല്ലായിരുന്നു. ഉദാസീനതയോടെ ട്യൂഷനു വരുന്നവരെ സ്വീകരിച്ച പണം തിരികെ നൽകി നിർദാക്ഷണ്യം പറഞ്ഞയയ്ക്കുമായിരുന്നു. അനന്തരാമൻ സാറിനെ സഹായിക്കാനായി മദ്രാസ് യൂണിവേഴ്സിറ്റിയിലെ പൂർവശിഷ്യനായ ഒരു ഉന്നത ഉദ്യോഗസ്ഥൻ ബി.എസ്സി. പരീക്ഷാ ചോദ്യപേപ്പർ സെറ്റു ചെയ്യുവാനുള്ള അവസരമുണ്ടാക്കിക്കൊടുത്തു. പരീക്ഷാ കൺട്രോളറുടെയടുത്തു വന്നപ്പോൾ, താൻ സ്വകാര്യ ട്യൂഷനെടുക്കുന്നുണ്ടെന്നും ആ കുട്ടികളെല്ലാം തന്നെ നിർദ്ദിഷ്ട പരീക്ഷയെഴുതുന്നതിനാൽ താൻ ഈ ദൗത്യമേറ്റെടുക്കുന്നത് അധാർമികമാണെന്നുമാണ് അദ്ദേഹം മറുപടി കൊടുത്തത്. വലിയ വലിയ പ്രമാണങ്ങൾ പുൾപ്പിറ്റിൽ നിന്ന് വിളിച്ചുപറയുകയും തങ്ങളുടെ ആശ്രിതർക്കു നേട്ടങ്ങളുണ്ടാകുവാൻ കമ്മിറ്റികളിൽ കടന്നുകൂടുകയും ചെയ്യുന്ന ഇടയശ്രേഷ്ഠന്മാർ വിഹരിക്കുന്ന ആധുനികലോകത്തിൽ മൂല്യങ്ങൾക്കു വില കൽപ്പിച്ച് എരിഞ്ഞണഞ്ഞ ഗുരുക്കന്മാർക്ക് ആദരാഞ്ജലി! ●


**ബാലികാ മന്ദിരം**

**മാങ്ങാനം, കോട്ടയം.**

മുണ്ടകപ്പാടം മന്ദിരങ്ങളോടു ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ബാലികാമന്ദിരത്തിൽ 4 വയസ്സുവരെ പ്രായമുള്ള അനാഥരായ പെൺകുട്ടികളെ സ്വീകരിക്കുന്നു.

ദയവായി ബന്ധപ്പെടുക:-

സെക്രട്ടറി, ബാലികാ മന്ദിരം, മാങ്ങാനം, കോട്ടയം-18.

ഫോൺ : 0481-2572063 (Off.), 0481-2351841 (Res.)

# കെ. സി. സി. വാർത്തകൾ

***2003 മെയ് 29-31 വരെ കുമളിയിൽ ചേർന്ന കെ.സി.സി. വാർഷികസമ്മേളനത്തിൽ താഴെച്ചേർത്തിരിക്കുന്ന പ്രമേയങ്ങൾ അംഗീകരിക്കുകയുണ്ടായി.***

**സ്ത്രീപീഡനം:** ഭാരതത്തിലുടനീളം നടന്നു വരുന്ന സ്ത്രീപീഡനം, സ്ത്രീഭ്രൂണഹത്യ, സ്ത്രീകളുടെ അവകാശധ്വംസനം ഇവയ്ക്കെതിരെ കെ.സി.സി. വാർഷികസമ്മേളനം പ്രതിഷേധിക്കുന്നു. ഈ തിന്മകൾക്കെതിരെ സത്വരനടപടികൾ സ്വീകരിക്കുന്നതിന് ഈ യോഗം കേന്ദ്രസംസ്ഥാന ഗവൺമെന്റുകളോടാവശ്യപ്പെടുന്നു.

**സ്ത്രീപ്രാതിനിധ്യം:** സ്ത്രീപ്രാതിനിധ്യം കെ.സി.സി.യുടെ എല്ലാ സമ്മേളനങ്ങളിലും കൂടുതലുണ്ടാകുവാനായി സഭകളും പ്രസ്ഥാനങ്ങളും അയയ്ക്കുന്ന പ്രതിനിധികളിൽ മൂന്നിൽ ഒരാൾ സ്ത്രീയായിരിക്കണമെന്ന് ഈ സമ്മേളനം ഐകകണ്ഠ്യേന സഭകളുടെയും പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തോടാവശ്യപ്പെടുന്നു.

**മാറാട് സംഭവം:** കോഴിക്കോടു ജില്ലയിലെ മാറാട് കടപ്പുറത്ത് ഒൻപതു പേരുടെ മരണത്തിൽ കലാശിച്ച വർഗീയ സംഘട്ടനം മതസൗഹാർദ്ദത്തിനു പേരുകേട്ട കേരളത്തിനപമാനമാണ്. ഈ സംഭവത്തെ കെ.സി.സി. വാർഷികസമ്മേളനം ശക്തമായി അപലപിക്കുന്നു. മരണമടഞ്ഞവരുടെ വിയോഗത്തിൽ അത്യഗാധദുഃഖം രേഖപ്പെടുത്തുകയും അവരുടെ കുടുംബങ്ങളുടെ തീവ്രദുഃഖത്തിൽ പങ്കുചേരുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു. ഇത്തരം സംഭവങ്ങൾ മേലിലുണ്ടാവാതിരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് കെ.സി.സി. അസംബ്ലി കേരള സർക്കാരിനോടാവശ്യപ്പെടുന്നു. ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും അവിടെ സമാധാനാന്തരീക്ഷം എത്രയും പെട്ടെന്ന് പുനഃസ്ഥാപിച്ച് സ്ഥലം വിട്ടുപോയ ജനങ്ങൾക്ക് തിരികെ വന്നു താമസിക്കുന്നതിനാവശ്യമായ സാഹചര്യമുണ്ടാക്കണമെന്നും സർക്കാരിനോടാവശ്യപ്പെടുന്നു.

**വിദ്യാഭ്യാസ സ്വകാര്യവത്കരണം:** സ്വകാര്യവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസമേഖല സാധാരണക്കാർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും അപ്രാപ്യമായിരിക്കുന്നു. ഫലത്തിൽ, ഒരു വലിയ വിഭാഗത്തിന് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവസരം നിഷേധിക്കപ്പെട്ടിരിക്കുന്നു. ഈ സ്ഥിതി ഒട്ടും ആശാസ്യമല്ല. പ്രാതിനിധ്യം ലഭിക്കത്തക്ക രീതിയിൽ നിയമനിർമാണങ്ങളുണ്ടാകണമെന്ന് സർക്കാരിനോടാവശ്യപ്പെടുന്നു.

**സ്വാശ്രയ പ്രൊഫഷണൽ കോളജ് പ്രവേശനം:** കേരളത്തിൽ പുതുതായി അനുവദിച്ചിരിക്കുന്ന പ്രൊഫഷണൽ കോളജുകളിൽ 50% സീറ്റുകൾ വ്യവസ്ഥകൾക്കു വിധേയമായി മാത്രം മാനേജുമെന്റുകൾക്കു നൽകുകയും, ബാക്കി സീറ്റുകളിൽ മെറിറ്റടിസ്ഥാനത്തിലും സംവരണതത്വങ്ങൾ പാലിച്ചും പ്രവേശനം നൽകുകയും ചെയ്യുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് കെ.സി.സി. അസംബ്ലി ഗവൺമെന്റിനോടാവശ്യപ്പെടുന്നു.

**മതമൗലികത:** ഭാരതത്തിൽ പൊതുവെ, കേരളത്തിൽ പ്രത്യേകിച്ച്, വളർന്നു വരുന്ന മതമൗലികതയിലും മതഅസഹിഷ്ണുതയിലും മതസംഘർഷത്തിലും കെ.സി.സി. ഉത്കണ്ഠ രേഖപ്പെടുത്തുന്നു. മതസഹിഷ്ണുതയും മതസഹവർത്തിത്വവും നിലനിർത്തുന്നതിനും മതമൗലികശക്തികൾ ഏതു മതത്തിൽ നിന്നായാലും അവയെ അപലപിക്കുന്നതിനും മതസഹിഷ്ണുതയും സഹവർത്തിത്വവും ശക്തിപ്പെടുത്തുന്ന കർമപദ്ധതികൾ തയാറാക്കി നടപ്പാക്കുന്നതിനും കെ.സി.സി. ശ്രദ്ധപതിപ്പിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

**സ്വകാര്യമേഖലയിലെ സംവരണം:** സാമൂഹികപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വികസിച്ചുവരുന്ന സ്വകാര്യമേഖലയിലും സംവരണ സംവിധാനം ഉറപ്പുവരുത്തുതിനാവശ്യമായ നിയമനടപടികളുണ്ടാകണമെന്ന് ഈ സമ്മേളനം സർക്കാരിനോടാവശ്യപ്പെടുന്നു.

**തോട്ടം മേഖലയിലെ പ്രശ്നങ്ങൾ:** കഴിഞ്ഞ മൂന്നു വർഷമായി തോട്ടം മേഖലയിൽ നിലനിൽക്കുന്ന രൂക്ഷമായ പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കുവാനും, സത്വരനടപടികൾ സ്വീകരിക്കുവാനും, കയറ്റിറക്കുമതിനയങ്ങളിൽ മാറ്റം വരുത്തുവാനും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ 2003-ലെ വാർഷിക അസംബ്ലി ആവശ്യപ്പെടുന്നു.

## 'ക്രൈസ്തവസമൂഹം മതേതരത്വത്തിനു ഭീഷണിയല്ല'

രണ്ടായിരം വർഷമായി ഭാരതത്തിൽ നിലനിൽക്കുന്ന ക്രൈസ്തവസമൂഹം രാജ്യത്തിന്റെ മതേതരത്വത്തിനു ഭീഷണിയുയർത്തുന്നില്ലെന്നു ഡോ. സെബാസ്റ്റ്യൻ പോൾ പറഞ്ഞു. മതപരിവർത്തനം പൗരന്റെ മൗലികാവകാശമാണ്. രാഷ്ട്രീയമായ ആശയം സ്വീകരിക്കുവാനും തിരസ്കരിക്കുവാനും സ്വാതന്ത്ര്യമുള്ളതുപോലെ മതപരിവർത്തനത്തിനും ഒരു പൗരന് അവകാശമുണ്ടെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. ക്രിസ്ത്യൻ എഡിറ്റേഴ്സ് ആൻഡ് റൈറ്റേഴ്സ് സൊസൈറ്റി സംഘടിപ്പിച്ച 'മതപരിവർത്തന നിരോധന ബില്ലിനെ'ക്കുറിച്ചുള്ള സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ ചിന്തകൾ സ്വീകരിക്കുന്നത് ആർക്കും തടയാനാകില്ല. അത് മനുഷ്യാവകാശപ്രശ്നമാണ്. ഒരാൾക്ക് നല്ലതെന്ന് തോന്നുന്നത് പ്രചരിപ്പിക്കാൻ അവകാശമുണ്ട്. എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം പ്രേരണയാണ്. പുതിയ പ്രത്യയശാസ്ത്രം എവിടെ വ്യാപകമാകുമ്പോഴും അസ്വസ്ഥതകളുണ്ടാകുന്നത് സ്വാഭാവികമാണ്. ക്രിസ്ത്യാനികൾ ന്യൂനപക്ഷങ്ങളാണ്. എന്നിട്ടും ഭൂരിപക്ഷമായ ഹൈന്ദവർ മതപരിവർത്തനത്തിനെതിരെ എന്തിന് ആശങ്കപ്പെടുന്നുവെന്നത് മനസ്സിലാകുന്നില്ല.

മാർത്തോമ്മാ സഭയുടെ ആസ്ഥാനമായ തിരുവല്ലയിൽ നടന്ന സമ്മേളനം ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സത്യദീപം പത്രാധിപർ റവ. ഡോ. പോൾ തേലക്കാട് അദ്ധ്യക്ഷത വഹിച്ചു. ജസ്റ്റീസ് (റിട്ട.) കെ. ടി. തോമസ്, ജെ. സി. ദേവ് എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. ഡോ. മാത്യു കോശി, അച്ചൻകുഞ്ഞ് ഇലന്തൂർ എന്നിവർ പ്രസംഗിച്ചു....

കത്തോലിക്കാ-എപ്പിസ്കോപ്പൽ, പെന്തക്കോസ്തു സഭാപ്രസിദ്ധീകരണങ്ങളുടെ പത്രാധിപന്മാരുടെ സംയുക്തവേദിയാണ് ക്രിസ്ത്യൻ എഡിറ്റേഴ്സ് ആൻഡ് റൈറ്റേഴ്സ് സൊസൈറ്റി.

---

[illegible] (പേജ് [illegible] തുടർച്ച)

ക്കിൻ വെള്ളം ആസ്വദിക്കുമ്പോൾ ഞാൻ എന്റെ പൂർവികരെ നന്ദിപൂർവം സ്മരിച്ചു പോകും.

മൊത്തം 29 തെങ്ങിൽ കയറി. കിട്ടിയത് 108 തരക്കേടില്ലാത്ത, കുലുങ്ങുന്ന തേങ്ങകൾ. പിന്നെ 61 കുരി ത്തേങ്ങകൾ, ഒരു കാശിനും കൊള്ളാത്തത്. ഞാൻ എല്ലാവരും കേൾക്കെ പറഞ്ഞു, "രണ്ടു മാസം മുൻപ് ആയിരത്തിഎണ്ണൂറ് രൂപ ചെലവാക്കി തടമെടുത്ത്, രണ്ടായിരത്തി അഞ്ഞൂറ് രൂപയുടെ രാസവളവും മേടിച്ചിട്ടു. കൂടാതെ പച്ചില വളവും. പക്ഷേ ഇതെല്ലാം ചെയ്തിട്ട് എന്തു ഫലം? കിം ഫലം." "സാറിനോട് തെങ്ങെല്ലാം പിണങ്ങിയിരിക്കയാണ്", മോനിച്ചൻ പറഞ്ഞു. "എന്തുകൊണ്ട്?", ഞാൻ ചോദിച്ചു. "സാറ് ആളെ നിർത്തി ഈ കാടെല്ലാം പിഴുതു കളഞ്ഞ് പുരയിടം വൃത്തിയാക്കിയിടണം. എന്റെ കാലേലെല്ലാം മുള്ളു കയറി." ഞാൻ ചോദിച്ചു: "ഈ ചെലവെല്ലാം ആരു വഹിക്കും? എനിക്ക് പെൻഷൻ കിട്ടുന്ന കാശ് ഇവിടെക്കൊണ്ടുവന്ന് എന്തിനു കളയണം? അതെനിക്ക് അരി മേടിക്കാനുള്ള കാശാ." പതിയാൻ ഉരിയാടിയില്ല. കൂലിക്കാർക്കെല്ലാമറിയാം, സ്ഥലത്തിന്റെ ഉടമ പരമവിഡ്ഢിയാണെന്ന്. ആ സത്യം ആരും തുറന്നു പറയത്തില്ല. അവർക്കു ന്യായമായ കൂലി കിട്ടണം. അത് കിട്ടിയാൽ ജോലിക്കാർക്കു സന്തോഷം. മുതലാളി സ്വന്തം കുഴിതോണ്ടി പാതാളത്തിലേക്കു പോയാൽ ആർക്കെന്തു നഷ്ടം? ഞാൻ ഈ ധർമസങ്കടത്തെക്കുറിച്ചാലോചിച്ച് മനസ്സുനൊമ്പരംകൊണ്ടിരുന്നപ്പോൾ എല്ലാവരും കേൾക്കെ ഞാനൊരു കാച്ചു കാച്ചി: "ഞാനൊരു പശുവായിരുന്നെങ്കിൽ എനിക്കീ പുരയിടത്തിൽ വന്ന് വല്ലപ്പോഴും വയറുനിറച്ച് പുല്ല് തിന്നാമായിരുന്നു. എന്തു ചെയ്യാം, മനുഷ്യനായി ജനിച്ചുപോയല്ലോ." എല്ലാവരും എന്റെ ഫലിതം കേട്ട് പൊട്ടിച്ചിരിച്ചു. ഞാൻ വളരെ ഗൗരവത്തോടെ ഇരുന്നു. ●

# മാർത്താണ്ഡവർമ : പ്രതികരണത്തിനു മറുപടി

ആധുനിക തിരുവിതാംകൂറിന്റെ ശിൽപിയും, പ്രഗത്ഭനുമായ മാർത്താണ്ഡവർമ്മ മഹാരാജാവിനെ കരിതേച്ചു കാണിക്കുവാൻ ഞാൻ ലേഖനമെഴുതിയെന്നാണ് പ്രൊഫ. അമ്പലപ്പുഴ രാമവർമയുടെ ആരോപണം. ഏതു ഭരണാധികാരിക്കാണ് രണ്ടു മുഖങ്ങളില്ലാത്തത്? അലക്സാണ്ടർ ചക്രവർത്തിക്കും അഗസ്റ്റസ് സീസറിനും ദാവീദ് രാജാവിനും യുഗപ്രഭാവനായ സോളമനും രണ്ടു മുഖങ്ങളില്ലായിരുന്നുവോ? ഇവരുടെയെല്ലാം ഉദാത്തമായ ജീവിതമാർഗത്തിൽ അങ്ങിങ്ങായി ചോരക്കറയുടെ പാടുകൾ അടിഞ്ഞുകൂടിയതായി ചരിത്രം രേഖപ്പെടുത്തുന്നു. മാർത്താണ്ഡവർമയും ഇതിനൊരപവാദമല്ല. ലേഖനത്തിനാധാരമായ ചില വസ്തുതകൾ കെ. ശിവശങ്കരൻ നായരുടെ 'വേണാടിന്റെ പരിണാമം' എന്ന പുസ്തകത്തിൽ നിന്നാണെടുത്തിട്ടുള്ളത്. പ്രസ്തുത പുസ്തകത്തിന് അവതാരിക എഴുതിയ പ്രൊഫ. എസ്. ഗുപ്തൻ നായർ പറയുന്നത് ശ്രദ്ധിക്കുക:- "മാർത്താണ്ഡവർമ നമ്മുടെ ആട്ടക്കഥയിലും കിളിപ്പാട്ടിലും സി. വി. യുടെ വിശ്രുതമായ ആഖ്യായികയിലുമൊക്കെ പ്രത്യക്ഷപ്പെടുന്ന വീരസാഹസനായകൻ മാത്രമായിരുന്നില്ല, ചാതുര്യത്തോടെ ചാണക്യതന്ത്രം പയറ്റിയ നിർദയനായ ശാസയിതാവും കുടിലബുദ്ധിയും കൂടിയായിരുന്നുവെന്ന സത്യം തുറന്നു പറയാൻ നാം മടിക്കേണ്ടതില്ല. രാജ്യം ശ്രീപത്മനാഭന് അടിയറ വച്ചതുപോലും ഭക്തിപാരവശ്യം കൊണ്ടായിരുന്നില്ല, പ്രത്യുത, വിശ്വാസശീലരായ സാധുജനങ്ങളെ സ്വവർഗക്കാരാക്കാൻ വേണ്ടിയായിരുന്നു. സ്തുതിപാഠകരും ആശ്രിതരുമായ നമ്മുടെ മുൻ ചരിത്രകാരന്മാരാരും ഇതു തുറന്നു പറയാൻ ധൈര്യപ്പെട്ടിട്ടില്ല. എന്നാൽ സർദാർ കെ. എം. പണിക്കർ പറഞ്ഞിട്ടുണ്ട്." സമാരാധ്യരായ സർദാർ പണിക്കരെയും പ്രൊഫ. ഗുപ്തൻ നായരെയും 'വിവരദോഷി'കളുടെ പട്ടികയിൽ എങ്ങനെ ഉൾപ്പെടുത്താനാവും? തിരുവിതാംകൂർ രാജാക്കന്മാർ ജന്മംകൊണ്ട് നായന്മാരായിരുന്നുവെന്ന എന്റെ പരാമർശം ശുദ്ധ അസംബന്ധമാണെന്ന് പ്രൊഫ. രാമവർമ കരുതുന്നു. "അവർ ക്ഷത്രിയരാണ്. എന്നാൽ ആഭിജാത്യം അൽപം കുറവായിരുന്നു" എന്നു അദ്ദേഹം സമ്മതിക്കുകയും ചെയ്യുന്നു. എന്തായിരുന്നു ഈ കുറവെന്ന് അദ്ദേഹം പറയുന്നുമില്ല. മലയാള ക്ഷത്രിയരെപ്പറ്റി നരവംശശാസ്ത്രജ്ഞന്മാർക്ക് വ്യക്തമായ അഭിപ്രായങ്ങളുണ്ട്. നമ്പൂതിരിമാരും നായന്മാരുമായുള്ള വേഴ്ചയെ തുടർന്ന് നമ്പൂതിരിമാരുടെ താൽപര്യങ്ങൾ പരിരക്ഷിക്കുവാനായി സൃഷ്ടിക്കപ്പെട്ട ഒരന്തരാള ജാതിയാണ് കേരള ക്ഷത്രിയരെന്നു ലോഗനും പത്മനാഭമേനോനും അവകാശപ്പെടുന്നു. പത്മനാഭമേനോൻ പറയുന്നത്. "ക്ഷത്രിയരെന്ന് അവകാശപ്പെടുന്ന സാമന്തന്മാർ ബ്രാഹ്മണരുമായി മാത്രം (സ്ത്രീകളുടെ) സംബന്ധവേഴ്ച പരിമിതപ്പെടുത്തുക വഴി ജാതിപരമായ ഉയർച്ച നേടിയ നായന്മാർ തന്നെയായിരിക്കണം" എന്നാണ്. ക്ഷത്രിയ-സാമന്ത അന്തരാള ജാതികളെപ്പറ്റി നരവംശശാസ്ത്രപരമായി പ്രസക്തിയുള്ള സകല വിവരങ്ങളും വിശദമായി രേഖപ്പെടുത്തുന്ന അനന്തകൃഷ്ണ അയ്യരുടെ Castes and Tribes of Cochin എന്ന ഗ്രന്ഥം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. രണ്ടു വ്യത്യസ്ത ജനതകളോ വർഗങ്ങളോ ഉറ്റ പരസ്പരസമ്പർക്കത്തിൽ ജീവിക്കേണ്ടി വരുമ്പോൾ, ഒരേ സാമൂഹ്യസംവിധാനത്തിന്റെ ഘടകങ്ങളെന്ന നിലയിൽ, ഓരോ കൂട്ടരും മറ്റേ കൂട്ടരുടെ നടപടികൾക്കു ചേർന്ന രീതിയിലുള്ള സ്വയം ക്രമീകരണങ്ങൾ നടത്തുകയും മറ്റേ കൂട്ടരുടെ ചില നടപടികൾ സ്വാംശീകരിക്കുകയും ചെയ്യുന്നു. ആ രീതിയിൽ നമ്പൂതിരി വർഗം 'ദ്രാവിഡവൽകൃത'മാവുകയും, അതിൽ കുറഞ്ഞ തോതിലെങ്കിലും നായർ ജനത 'ആര്യവൽകൃത'മാവുകയും ചെയ്തു. അതുകൊണ്ട്, അവർക്കിടയിലുള്ള അവാന്തരജാതി താരതമ്യേന കൂടുതൽ ആര്യവൽക്കരിക്കപ്പെട്ട ദ്രാവിഡരോ, അല്ലെങ്കിൽ കൂടുതൽ ദ്രാവിഡീകരിക്കപ്പെട്ട ആര്യന്മാരോ ആയിരിക്കണം; അതായത്, താരമ്യേന കൂടുതൽ അധഃപ്പതിച്ച ആര്യന്മാരോ അല്ലെങ്കിൽ കൂടുതൽ ഉയർച്ച വരിച്ച ദ്രാവിഡരോ ആയിരിക്കണം. മലയാളക്ഷത്രിയർ രണ്ടാമത്തെ കൂട്ടരായിരിക്കാനാണു കൂടുതൽ സാധ്യത. (പി. കെ. ബാലകൃഷ്ണൻ എഴുതിയ ജാതിവ്യവസ്ഥിതിയും കേരളവും എന്ന ഗ്രന്ഥത്തിൽ അനന്തകൃഷ്ണഅയ്യരെ ഉദ്ധരിച്ചിട്ടുണ്ട്. ഈ നിഗമനം ആധുനിക നരവംശശാസ്ത്രജ്ഞനായ ഫുള്ളറും അംഗീകരിച്ചിട്ടുണ്ട്. 1976-ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ Nairs Today എന്ന ഗ്രന്ഥത്തിൽ ഇപ്രകാരമാണു പറയുന്നത്. "ക്ഷത്രിയരും സാമന്തരും ചെറിയ ജാതികളാണ്. അവരുടെ അംഗത്വം നാനാ രാജകുടുംബങ്ങളിലും നാടുവാഴി കുടുംബങ്ങളിലും ഒതുങ്ങിനിൽക്കുന്നു. മറ്റെന്തൊക്കെ ഭാവിക്കുന്നുണ്ടെങ്കിലും അവർ ഏറ്റവും കൂടുതൽ പ്രാമാണ്യമുള്ള നായന്മാർ മാത്രമാണെന്നാണ് എന്റെ അഭിപ്രായം". ഡോ. എൽ. എ. രവിവർമ വസ്തുനിഷ്ഠമായി ഈ പ്രശ്നത്തെ സമീപിക്കുന്നു. "A possibility of these having arisen from Nairs by purification by rites or by continued anuloma marriages of Brahmins should not be lost sight of."

ഈ വസ്തുതകൾ ബ്രാഹ്മണർക്കു ബോധ്യമുള്ളതുകൊണ്ടാവാം മാർത്താണ്ഡവർമ്മ മഹാരാജാവിനെ ഹിരണ്യഗർഭദാഹത്തിനായി പ്രേരിപ്പിച്ചത്. ഇതിന്റെ ഗുണഭോക്താക്കൾ ബ്രാഹ്മണർ തന്നെ ആയിരുന്നുവല്ലോ. ക്ഷത്രിയനല്ലാത്ത ശിവജിയും ഇത്തരമൊരു പ്രക്രിയയിലൂടെയാണ് ദ്വിജത്വം നേടിയത്. ഇതെല്ലാം ചരിത്രവസ്തുതകളാണ്. ഒരു മതാചാരത്തെയും അധിക്ഷേപിക്കുവാൻ പറയുന്ന കാര്യങ്ങളല്ല. മാർത്താണ്ഡവർമയുടെ കാലത്ത് ഷോഡദാനങ്ങൾളെന്നറിയപ്പെടുന്ന 16 ദാനങ്ങളാണ് 1750 മുതൽ മൂന്നു വർഷം കൊണ്ടു നിർവഹിച്ചത്. ശിവശങ്കരൻ നായരുടെ ഭാഷയിൽ "ഓരോ ചടങ്ങിനും വൈദികരും അവൈദികരുമായ ബ്രാഹ്മണരെ നാടിന്റെ നാനാഭാഗത്തുനിന്നും വരുത്തി തിരുവനന്തപുരത്തു താമസിപ്പിച്ച് പാരിതോഷികങ്ങളും നൽകി തിരിച്ചയയ്ക്കണമെങ്കിൽ വേണ്ടി വരുന്ന ചെലവ് ഊഹിക്കാവുന്നതിലധികമായിരുന്നു..........നാട്ടുകാരെ പിഴിഞ്ഞെടുത്ത ധനമാണ് ഈ കർമങ്ങൾക്കു വിനിയോഗിച്ചതെന്നതു വേറെ കാര്യം."

എട്ടരയോഗക്കാർ പല രാജാക്കന്മാർക്കും ഗുരുതരമായ ക്രമക്കേടുകളുടെ പേരിൽ ശിക്ഷ നൽകിയിരുന്നുവെന്നു പറയുന്നതിൽ അടിസ്ഥാനമില്ലെന്നാണ് അമ്പലപ്പുഴ രാമവർമയുടെ വാദം. ഇതു വസ്തുതകൾക്കു നിരക്കാത്തതാണ്. നിരവധി പ്രാവശ്യം ഭരണാധികാരികൾക്കെതിരെയും യോഗം പിഴ ശിക്ഷ വിധിച്ചിട്ടുണ്ട്. അവ രേഖപ്പെടുത്തിയിട്ടുമുണ്ട്. രണ്ടോ മൂന്നോ എണ്ണം ഉദ്ധരിച്ചുകൊള്ളട്ടെ. (1) വീരമാർത്താണ്ഡവർമ തൃ.മൂ.തി.കൊ.വ. 557-ൽ മാത്തൂരും ചിറയിൻകീഴും ആക്രമിച്ചതിനു പിഴ വെള്ളിക്കുടം രണ്ട്, പണം 5,000. (2) കൊ. 520-ൽ കുന്നിൻ മേൽ വീരകേരളവർമ്മ ദേശികളെ കൊന്നതിന് വസ്തുവകകൾ തിരികെ നല്കാനും 30,000 പണവും പിഴ. (3) കൊ. 704-ൽ ദേ. കി. രാമാ മാർത്താണ്ഡവർമ (ഭൂതലവീരൻ) തൃ.മൂ.തി.കരുവേലംകുളം കൈയേറിയതിനു പിഴ ശിക്ഷ വെള്ളിക്കുടം 32, ആന ഒന്ന്, പണം 9,000. ഇത്രയധികം പിഴ ശിക്ഷകൾ വിധിച്ചതുകൊണ്ടാവാം എട്ടരയോഗവും പിള്ളമാരും ചേർന്ന് രാജകുടുംബത്തെ ദ്രോഹിച്ചുകൊണ്ടിരുന്നതായി തിരുവിതാംകൂർ ചരിത്രകാരന്മാർ രേഖപ്പെടുത്തിയത്. ആ നിയന്ത്രിത രാജവാഴ്ചയ്ക്കു ഈ സമ്പ്രദായം സഹായകമാകയില്ലല്ലോ. മാർത്താണ്ഡവർമ രാജാവ് എട്ടരയോഗം ഇല്ലായ്മ ചെയ്തപ്പോൾ മാത്രമാണ് കോടതിയെന്നപോലെ മുഖംനോക്കാതെ പരാതികൾ കേട്ടു തീരുമാനമെടുക്കുന്ന യോഗത്തിന്റെ പ്രവർത്തനം നിലച്ചത്. രാജാവിന്റെ കാര്യത്തിൽ മാത്രമല്ല, 1592-ൽ ക്രിസ്ത്യാനികളായ മുക്കുവർക്കു നേരെ ഹിന്ദുക്കളായ നാടാന്മാർ ആക്രമണം നടത്തിയപ്പോൾ ഫലപ്രദമായി ഇടപെട്ട് നീതി നിർവഹിച്ചതും ഈ യോഗം തന്നെ ആയിരുന്നു.

ഞാനൊരു ചരിത്രവിദ്യാർത്ഥിയല്ല. മാക്കിയവെല്ലിയെയും കൗടില്യനെയും കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊണ്ടിരുന്ന ഞാൻ രാഷ്ട്രതന്ത്രത്തിന്റെ കുഴൽക്കണ്ണാടിയിലൂടെ കണ്ടെത്തിയ സത്യം വെളിപ്പെടുത്തുവാൻ ശ്രമിച്ചുവെന്നേയുള്ളൂ. പാകപ്പിഴകളുണ്ടായിരിക്കാം. ആരെയും വ്രണപ്പെടുത്താൻ എഴുതിയതല്ല, പ്രസ്തുത ലേഖനം.

***ഡോ. കെ.വി. വർഗീസ്***


NEW VISION FOR A CHANGING WORLD

Registered with the Registrar of Newspapers for India
under No. KER BIL/2000/1543

JULY 2003

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05



ക്രിസ്ത്യൻ എഡിറ്റേഴ്സ് & റൈറ്റേഴ്സ് സൊസൈറ്റി സംഘടിപ്പിച്ച മതപരിവർത്തന സെമിനാർ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്ത ഉൽഘാടനം ചെയ്യുന്നു. ശ്രീ. ജെ. സി. ദേവ്, ഡോ. സെബാസ്റ്റ്യൻ പോൾ, ജസ്റ്റീസ് (റിട്ട.) കെ. ടി. തോമസ്, ഡോ. പോൾ തേലക്കാട്, അച്ചൻകുഞ്ഞ് ഇലന്തൂർ, റവ. ജോയി മാത്യു, ഡോ. മാത്യു കോശി എന്നിവർ വേദിയിൽ




ക്രൈസ്തവ സാഹിത്യ സമിതി റവ. ഡോ ടി. എം. ഫിലിപ്പിനു തിരുവല്ലയിൽ നൽകിയ യാത്രയയപ്പിൽ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ആശംസാപ്രസംഗം നടത്തുന്നു. സി. എസ്. ഐ. മുൻ മോഡറേറ്റർ ഡോ. ഐ. യേശുദാസൻ, കെ. സി. സി. പ്രസിഡന്റ് ബിഷപ്പ് സാം മാത്യു എന്നിവർ വേദിയിൽ

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad – Printed at Learners' Offset Printers, C.M.S. College Road, Kottayam.